MPEDA

ന്യൂസ്‌ലെറ്റർ പുസ്തകം 01 ലക്കം 02 ഫെബ്രുവരി 2018

പേജ് 03
2017 ഡിസംബർ കാലയളവിൽ അമേരിക്കയിലേയ്ക്കുള്ള ചെമ്മീൻ ഇറക്കുമതി

പേജ് 14
നീലഞണ്ടിന്റെ സുസ്ഥിരതാ പദ്ധതി

പേജ് 20
കടലിലെ പ്ലാസ്റ്റിക് നീക്കുന്നതിന് 'ശുചിത്വസാഗരം' പദ്ധതിക്ക് തുടക്കമായി

www.mpeda.gov.in

ISSN 0245-7059

ഉള്ളടക്കം

പുസ്തകം 01, ലക്കം 02, ഫെബ്രുവരി 2018

Cover Image

ഗോവയിലെ കടൽത്തീരത്ത് വല ഉപയോഗിച്ച് ചെമ്മീൻ പിടിക്കുന്നു
ഫോട്ടോ: രാജേഷ് ഭാസ്കരൻ

14 നീലഞണ്ടിന്റെ സുസ്ഥിരതാ പദ്ധതി

03 2017 ഡിസംബർ കാലയളവിൽ അമേരിക്കയിലേയ്ക്കുള്ള ചെമ്മീൻ ഇറക്കുമതി

05 കൊച്ചിയിലെ സഫാരി 2 എക്സ്പോയ്ക്ക് മികച്ച പ്രതികരണം

06 കാർവാറിലെ കരാവലി ഉത്സവ് 2017 ൽ നെറ്റ്ഫിഷ് പങ്കെടുത്തു

07 ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിൽ ജനുവരി 2018-ൽ ലഭ്യമായ കടൽവിഭവങ്ങൾ

18 കടലിലെ സുരക്ഷയെക്കുറിച്ച് മണ്ഡപത്ത് ബോധവത്കരണം

20 'ശുചിത്വസാഗരം' പദ്ധതിക്ക് തുടക്കമായി

26 സാഷിമി ഗ്രേഡ് ട്യൂണയുടെ കൈകാര്യവും സംസ്കരണവും

34 സുസ്ഥിര മത്സ്യകൃഷിയിൽ പരിശീലനം നേടി

39 മീൻപിടിക്കുന്നവർക്ക് ഉപയോക്താക്കളെ നേരിട്ട് കണ്ടെത്താൻ പുതിയ ആപ്പ്

40 ഒഡീഷയിലെ മത്സ്യക്കർഷകർക്കിടയിൽ തിലാപ്പിയയ്ക്ക് പ്രിയം

The views expressed in the scholarly articles of this publication are the views of the authors and do not constitute the views of MPEDA. The responsibility for the accuracy of information in the scholarly articles of this publication is vested with the authors themselves and neither MPEDA nor the editorial board holds responsibility for the same.

MPEDA
പുസ്തകം 1, ലക്കം 2, ഫെബ്രുവരി 2018 ന്യൂസ് ലെറ്റർ

എഡിറ്റോറിയൽ ബോർഡ്

ശ്രീ. ടി. ഡോല ശങ്കർ ഐ.ഒ.എഫ്.എസ്.
ഡയറക്ടർ (എം)

ശ്രീ. ബി. ശ്രീകുമാർ
സെക്രട്ടറി

ശ്രീമതി. ആശ സി. പരമേശ്വരൻ
ജോയിന്റ് ഡയറക്ടർ (ക്യൂസി)

ശ്രീ. പി. അനിൽകുമാർ
ജോയിന്റ് ഡയറക്ടർ (അക്വാ)

ശ്രീ. കെ. വി. പ്രേംദേവ്
ഡെപ്യൂട്ടി ഡയറക്ടർ (എംപി)

ഡോ. ടി. ആർ. ജിബിൻകുമാർ
ഡെപ്യൂട്ടി ഡയറക്ടർ (ഡവലപ്മെന്റ് & എ & ഐ. ഐ/സി))

എഡിറ്റർ

ഡോ. എം. കെ. റാം മോഹൻ
ജോയിന്റ് ഡയറക്ടർ (എം)

അസിസ്റ്റന്റ് എഡിറ്റർ

ശ്രീമതി. കെ. എം. ദിവ്യ മോഹനൻ
(സീനിയർ ക്ലർക്ക്)

എഡിറ്റോറിയൽ സപ്പോർട്ട്

ബിവേൾഡ് കോർപ്പറേറ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്
166, ജവഹർ നഗർ, കടവന്ത്ര, കൊച്ചി,
പിൻ: 682 020, ഫോൺ: 0484 2206666, 2205544,
www.bworld.in, life@bworld.in

ലേഔട്ട്: **അനൂപ് ശ്രീനിലയം**

www.mpeda.gov.in
support@mpeda.gov.in

ദ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (വാണിജ്യ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ, എംപിഇഡിഎ ഹൗസ്, പനമ്പിള്ളി അവന്യൂ, കൊച്ചി: 682 036, ഫോൺ: +91 484 2311979) ക്കുവേണ്ടി പ്രിന്റ് ചെയ്യുന്നതും പ്രസിദ്ധപ്പെടുത്തുന്നതും
ശ്രീ. ബി. ശ്രീകുമാർ, സെക്രട്ടറി

പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്
എംപിഇഡിഎ ഹൗസ്, പനമ്പിള്ളി അവന്യൂ, കൊച്ചി

പ്രിന്റ് ചെയ്തിരിക്കുന്നത്
പ്രിന്റ് എക്സ്പ്രസ്, 44/1469 എ, അശോക റോഡ്, കലൂർ, കൊച്ചി, പിൻ: 682 017

ഡോ. എ. ജയതിലക് ഐഎഎസ്
ചെയർമാൻ, എംപിഇഡിഎ

പ്രിയ സുഹൃത്തുക്കളെ

2018 ഫെബ്രുവരി 19-ന് ഭുവനേശ്വറിൽ എംപിഇഡിഎ പുതിയ ഗുണമേന്മാ പരിശോധനാ ലാബറട്ടറി (ക്വാളിറ്റി കൺട്രോൾ ലാബറട്ടറി) ഉദ്ഘാടനം ചെയ്ത കാര്യം അറിയിക്കുന്നതിൽ സന്തോഷമുണ്ട്. ഏറ്റവും നൂതനമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മീനുകളിലും മീൻ ഉത്പന്നങ്ങളിലുമുള്ള ക്ലോറാംഫിനിക്കോൾ, നൈട്രോഫ്യൂറാൻ മെറ്റാബൊളൈറ്റുകളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് സജ്ജമാണ് ഈ ലാബറട്ടറി. നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലാബറട്ടറീസിന്റെ (എൻഎബിഎൽ) അക്രഡിറ്റേഷനും എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (ഇഐസി) അനുമതിയും നേടിയ ലാബറട്ടറിയിൽ വിപണിയിൽ മറ്റ് ലാബുകൾ ഈടാക്കുന്നതിലും കുറഞ്ഞ തുകയ്ക്ക് പരിശോധനകൾ നടത്താൻ സാധിക്കും.

വിശാഖപട്ടണത്ത് സംഘടിപ്പിച്ച സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത ഉച്ചകോടി 2018-ൽ ബഹുമാന്യനായ കേന്ദ്ര വാണിജ്യ, വ്യവസായ വകപ്പ് മന്ത്രി ശ്രീ. സുരേഷ് പ്രഭു, ബഹുമാന്യനായ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ശ്രീ. എൻ. ചന്ദ്രബാബു നായ്ഡു എന്നിവർ ചേർന്ന് എംപിഇഡിഎ ചെമ്മീൻ കർഷകർക്ക് നല്കുന്ന എൻറോൾമെന്റ് കാർഡുകൾ പുറത്തിറക്കി. വളരെ പെട്ടെന്നുള്ള നടപടികൾക്കായി എൻറോൾ ചെയ്ത ചെമ്മീൻകെട്ടുകളുടെ അടിസ്ഥാന വിവരവും തിരിച്ചറിയുന്നതിനുള്ള നമ്പരും കർഷകരുടെ എൻറോൾമെന്റ് കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കർഷകർ തയാറാക്കുന്ന കടൽവിഭവങ്ങളുടെ ട്രേയ്സബിലിറ്റി സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള സുപ്രധാന നടപടിയാണ് എൻറോൾമെന്റ് കാർഡ് വിതരണം. ഇന്ത്യയിൽ കയറ്റുമതി ലക്ഷ്യമിട്ട് നടത്തുന്ന മത്സ്യകൃഷിയിടങ്ങളെ ജിപിഎസ് വിവരങ്ങളെ അടിസ്ഥാനമാക്കി വസ്തുതകൾ ശേഖരിക്കുന്നതിനും അവ ട്രേസിയബിലിറ്റിക്കും ഗുണമേന്മാ നിയന്ത്രണത്തിനും ഉപയോഗിക്കുന്നതിനുള്ള സവിശേഷമായ പദ്ധതിക്കാണ് എംപിഇഡിഎ രൂപം നല്കിയിരിക്കുന്നത്. ഈ നടപടികൾ ഉപയോക്താവിൽ ആത്മവിശ്വാസം വളർത്താൻ സഹായിക്കുന്നതാണ്.

ഗ്ലോബ്ഫിഷ് റിപ്പോർട്ട് അനുസരിച്ച് മീൻകൃഷിരംഗത്തിന്റെ മികച്ച വളർച്ചയിലൂടെ മീൻ വിഭവങ്ങളുടെ വിതരണത്തിന് മികച്ച പിന്തുണ നല്കുന്നുണ്ട്. 2017-ൽ ആകെ വിളവെടുപ്പ് 83.6 മെട്രിക് ടൺ ആയിരുന്നു. ഗ്ലോബ്ഫിഷ് വിലയിരുത്തൽ അനുസരിച്ച് 2017-ലെ മത്സ്യബന്ധനത്തിന്റെ അളവ് മുൻവർഷത്തേതുമായി (90.4 മെട്രിക് ടൺ) താരതമ്യം ചെയ്യുമ്പോൾ സ്ഥിരതയോടെ നില്ക്കുന്നു. മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മീനുകളിൽ പ്രധാന പങ്കും തീറ്റ നിർമാണത്തിന് ഉപയോഗിക്കുന്നതിനാൽ മനുഷ്യരുടെ ഉപയോഗത്തിനായി മത്സ്യക്കൃഷി രംഗം ഉയർന്ന സംഭാവനയാണ് നല്കുന്നത്. രാജ്യത്തുനിന്നുള്ള ചെമ്മീൻ കയറ്റുമതിയിൽനിന്നുള്ള വരുമാനം വിലയിരുത്തി ഈ റിപ്പോർട്ട് ഇന്ത്യയെ പ്രമുഖ സമുദ്രോൽപ്പന്ന കയറ്റുമതി രാജ്യമായി കണക്കാക്കുന്നു. ഏറ്റവും മികച്ച സമുദ്രോൽപ്പന്ന കയറ്റുമതിക്കാരിൽ നാലാം സ്ഥാനമാണ് ഇന്ത്യയ്ക്ക്. ഈ വർഷം പ്രമുഖ ഉത്പാദകരുടെ ചെമ്മീൻ ഉത്പാദനം അധികമായിരിക്കുമെന്ന് വിപണി റിപ്പോർട്ടുകൾ വിലയിരുത്തുന്നു. ഇത് ആവശ്യകതയേയും വിലയേയും സ്വാധീനിച്ചേക്കാം. ഈ സാഹചര്യത്തിൽ കയറ്റുമതിക്കാർ ഫ്രീസ് ചെയ്ത പച്ച ചെമ്മീൻ കയറ്റിയയ്ക്കുന്നതിനേക്കാൾ കൂടുതലായി മൂല്യവർദ്ധനയ്ക്ക് ശ്രമിക്കുന്നതായിരിക്കും നല്ലത്. അങ്ങനെ വരുമ്പോൾ കർഷകരുടെയും കയറ്റുമതിക്കാരുടെയും താത്പര്യങ്ങൾ ശരിയായ രീതിയിൽ സംരക്ഷിക്കാൻ കഴിയും. ഈയടുത്ത കാലത്ത് എംപിഇഡിഎ ഓൺലൈൻ ട്രേഡ് പോർട്ടലിൽ ഫിഷ് എക്സ്ചേഞ്ചിനുള്ള അവസരം നല്കിയിരുന്നു. രജിസ്റ്റർ ചെയ്ത കയറ്റുമതിക്കാർക്കായി കർഷരുടെ ഉത്പന്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരമാണിത്. ട്രേയ്സബിലിറ്റി മെച്ചപ്പെടുത്താനും ഇടനിലക്കാരില്ലാതെ സാമ്പത്തികനേട്ടം കൈവരിക്കാനും കർഷകർക്കും കയറ്റുമതിക്കാർക്കും ഒന്നുപോലെ ഗുണകരമാകാനും ഇത് സഹായിക്കും. ഫിഷ് എക്സ്ചേഞ്ച് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും ഓർഡറുകൾ അവതരിപ്പിക്കുന്നതിനും എംപിഇഡിഎയുടെ ഫീൽഡ് ഓഫീസുകളും നാക്സ കോർഡിനേറ്റർമാരും കർഷകരെ സഹായിക്കും. എല്ലാ കർഷകരും കയറ്റുമതിക്കാരും ഫിഷ് എക്സ്ചേഞ്ച് പോർട്ടലിലെ ഈ സൗജന്യ വ്യാപാര സൗകര്യം ഫലപ്രദമായി ഉപയോഗിക്കാൻ അഭ്യർത്ഥിക്കുന്നു.

നന്ദി

2017 ഡിസംബർ കാലയളവിൽ

അമേരിക്കയിലേയ്ക്കുള്ള ചെമ്മീൻ ഇറക്കുമതി

2017 ഡിസംബർ കാലയളവിൽ അമേരിക്ക 59,782 മെട്രിക് ടൺ ചെമ്മീൻ ഇറക്കുമതി ചെയ്തു. ഇത് 2016 ഡിസംബറിലെ ഇറക്കുമതിയായ 54,022 മെട്രിക് ടണ്ണിലും 10.7 ശതമാനം കൂടുതലാണ്.

2017 ഡിസംബറിൽ ഇന്ത്യയിൽനിന്നുമുള്ള ഇറക്കുമതി മുൻവർഷത്തെ ഇറക്കുമതിയായ 14,315 മെട്രിക് ടണ്ണിൽ നിന്ന് 18,980 മെട്രിക് ടണ്ണായി വർദ്ധിച്ചു. 2017 വർഷത്തിൽ യുഎസ് 6,64,119 മെട്രിക് ടൺ ചെമ്മീൻ ഇറക്കുമതി ചെയ്തിരുന്നു. ഇത് 2016 വർഷത്തിലെ ഇറക്കുമതിയായ 6,03,542 മെട്രിക് ടണ്ണിനേക്കാളും 10.04 ശതമാനം കൂടുതലാണ്. 2017 വർഷത്തിൽ ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്തത് ഇന്ത്യയിൽ നിന്നാണ്; 2,13,963 മെട്രിക് ടൺ. എന്നാൽ 2016 വർഷത്തിൽ ഇത് 1,53,956 മെട്രിക് ടൺ ആയിരുന്നു.

യുഎസ് ഇറക്കുമതി ചെയ്ത ചെമ്മീൻ	അളവ് (മെട്രിക് ടൺ)		താരതമ്യം	
രാജ്യം	ഡിസംബർ 2016	ഡിസംബർ 2017	ജനുവരി 2016 -ഡിസംബർ 2016	ജനുവരി 2017 -ഡിസംബർ 2017
അർജന്റീന	860	1,334	7,732	12,534
ഓസ്ട്രേലിയ	12	33	31	103
ബംഗ്ലാദേശ്	516	105	4,102	1,294
ബെലിസ്	65	0	212	102
ബ്രസീൽ	0	0	8	0
ബ്രൂണെ	0	0	26	1
ബർമ്മ	17	4	174	299
കാനഡ	84	96	3,922	1,802
ചിലി	9	28	120	101
ചൈന	3,894	4,011	34,783	46,009
ചൈന-ഹോങ്കോംഗ്	1	6	55	69
കൊളംബിയ	0	3	44	87
കോസ്റ്ററിക്ക	4	2	71	75
സൈപ്രസ്	0	0	19	0
ഡെൻമാർക്ക്	1	3	83	45
ഇക്വഡോർ	4,965	5,169	73,128	71,787
എൽ സാൽവഡോർ	2	6	25	31
ഘാന	0	0	0	9
ഗ്രീൻലാൻഡ്	0	0	2	21
ഗ്വാട്ടിമാല	366	140	2,874	2,818
ഗയാന	767	728	8,394	9,289
ഹെയ്തി	0	0	0	0
ഹോണ്ടുറാസ്	654	969	3,647	5,649

ഐസ്‌ലാൻഡ്	0	0	0	35
ഇന്ത്യ	14,315	18,980	1,53,956	2,13,963
ഇന്തോനേഷ്യ	9,212	10,815	1,17,108	1,18,033
ഇറ്റലി	0	0	0	16
ഐവറികോസ്റ്റ്	0	0	0	0
ജമൈക്ക	0	0	0	0
ജപ്പാൻ	1	1	2	3
മഡഗാസ്കർ	0	0	28	0
മലേഷ്യ	28	1	260	254
മെക്സിക്കോ	2,188	3,960	25,326	28,539
മൊറോക്കോ	0	0	1	0
നെതർലാൻഡ്സ്	0	1	0	14
ന്യൂ കാലിഡോണിയ	0	0	24	18
ന്യൂസിലാൻഡ്	0	0	16	0
നികാരാഗ്വ	383	388	2,497	1,837
നൈജീരിയ	24	0	124	129
നോർവേ	0	0	16	19
ഒമാൻ	0	0	0	3
പാക്കിസ്ഥാൻ	35	11	261	229
പനാമ	413	225	3,066	2,623
പെറു	727	815	9,511	9,950
ഫിലിപ്പീൻസ്	271	337	2,158	2,560
പോർച്ചുഗൽ	0	4	26	19
റഷ്യൻ ഫെഡറേഷൻ	0	0	1	0
സൗദി അറേബ്യ	70	0	1,030	0
സെനിഗൾ	0	0	28	11
സിംഗപ്പൂർ	0	0	1	1
സൗത്ത് കൊറിയ	19	12	121	97
സ്പെയ്ൻ	0	1	69	82
ശ്രീലങ്ക	27	3	171	168
സുരിനാം	47	19	474	379
സ്വീഡൻ	0	0	0	6
തായ്‌വാൻ	14	6	130	172
തായ്‌ലൻഡ്	8,822	6,656	81,152	74,552
യുണൈറ്റഡ് അറബ് എമിറേറ്റ്സ്	14	75	233	383
യുണൈറ്റഡ് കിംഗ്ഡം	0	0	0	0
വെനെസ്വേല	266	169	2,903	2,076
വിയറ്റ്നാം	4,929	4,666	63,397	55,823
ആകെ	54,022	59,782	6,03,542	6,64,119

സ്രോതസ്: എൻഒഎഎ ഫിഷറീസ്, ഓഫീസ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി

കൊച്ചിയിലെ സഫാരി 2 എക്സ്പോയ്ക്ക് മികച്ച പ്രതികരണം

ഐസിഎആർ ഡയറക്ടർ ജനറൽ ഡോ. ത്രിലോചൻ മൊഹപത്രയോടൊപ്പം ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജന, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ സഫാരി-2 എക്സ്പോയിലെ നെറ്റ്ഫിഷിന്റെ സ്റ്റാൾ സന്ദർശിക്കുന്നു

കൊച്ചിയിൽ സിഎംഎഫ്ആർഐ സംഘടിപ്പിച്ച രണ്ടാമത് 'സഫാരി' (സൊസൈറ്റൽ ആപ്ലിക്കേഷൻ ഇൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ യൂസിംഗ് റിമോട്ട് സെൻസിംഗ് ഇമേജറി) അന്താരാഷ്ട്ര സിംപോസിയത്തോട് അനുബന്ധിച്ചുള്ള പ്രദർശനത്തിൽ നെറ്റ്ഫിഷും എംപിഇഡിഎ കൊച്ചി പ്രാദേശിക വിഭാഗവും പങ്കെടുത്തു. 2018 ജനുവരി 15 മുതൽ 17 വരെയായിരുന്നു സിംപോസിയവും പ്രദർശനവും. പൊതുജനങ്ങളിൽനിന്ന് മികച്ച പ്രതികരണമായിരുന്നു പ്രദർശനത്തിന് ലഭിച്ചത്.

സഫാരി-2 എക്സ്പോയിലെ എംപിഇഡിഎ - നെറ്റ്ഫിഷ് സ്റ്റാളിൽ പ്രദർശിപ്പിച്ച പോസ്റ്ററുകളും ലഘുലേഖകളും നോക്കിക്കാണുന്ന സന്ദർശകർ

ആർബർട്ടിയൻ ഇന്റർനാഷണൽ എജ്യൂക്കേഷൻ എക്സ്പോ 2018

എറണാകുളം സെന്റ് ആർബർട്ട്സ് കോളജിൽ 2018 ജനുവരി നാല് മുതൽ ആറ് വരെ സംഘടിപ്പിച്ച ആർബർട്ടിയൻ ഇന്റർനാഷണൽ എജ്യൂക്കേഷൻ എക്സ്പോയിൽ നെറ്റ്ഫിഷും എംപിഇഡിഎ കൊച്ചി പ്രാദേശിക വിഭാഗവും സംയുക്തമായി പങ്കെടുത്തു. കടൽവിഭവങ്ങളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് പ്രചാരണം നല്കുന്നതിനുള്ള എംപിഇഡിഎയ്ക്കും നെറ്റ്ഫിഷിനും ലഭിച്ച മികച്ച അവസരമായിരുന്നു ഇത്. മത്സ്യം വൃത്തിയായി കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും കടൽസ്രോതസുകൾ സംരക്ഷിക്കേണ്ടതിനെക്കുറിച്ചും നെറ്റ്ഫിഷ് തയാറാക്കിയ വിവിധ പോസ്റ്ററുകൾ പ്രദർശനത്തിൽ അവതരിപ്പിച്ചു. അക്വാപോണിക്സ്, മത്സ്യങ്ങളുടെ പോഷകമൂല്യം, മത്സ്യം കൈകാര്യം ചെയ്യേണ്ട രീതി, മത്സ്യസ്രോതസുകളുടെ സംരക്ഷണം എന്നിവയെക്കുറിച്ചുള്ള ലഘുലേഖകളും മറ്റും പൊതുജനങ്ങൾക്കായി വിതരണം ചെയ്തു. സെന്റ് ആൽബർട്ട്സിലെയും സമീപപ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾ എംപിഇഡിഎയുടെയും നെറ്റ്ഫിഷിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ താത്പര്യം കാണിച്ചു.

ആർബർട്ടിയൻ ഇന്റർനാഷണൽ എജ്യൂക്കേഷൻ എക്സ്പോയിലെ എംപിഇഡിഎ -നെറ്റ്ഫിഷ് സ്റ്റാളിൽനിന്നുള്ള ദൃശ്യം

കാർവാറിലെ കരാവലി ഉത്സവ് 2017 ൽ നെറ്റ്ഫിഷ് പങ്കെടുത്തു

നെറ്റ്ഫിഷ് സ്റ്റാളിൽ വില്പനയ്ക്കായി പ്രദർശിപ്പിച്ച മൂല്യവർദ്ധിത മത്സ്യവിഭവങ്ങൾ

കർണാടകത്തിലെ കാർവാറിൽ മൂന്ന് ദശാംശമായി ജില്ലാ ഭരണകൂടം സംഘടിപ്പിക്കുന്ന ആഘോഷമാണ് കരാവലി ഉത്സവ്. കരാവലി എന്നതിന് കന്നഡയിൽ തീരദേശം എന്നാണ് അർത്ഥം.

2017-ലെ കരാവലി ഉത്സവം ഡിസംബർ എട്ടു മുതൽ പത്ത് വരെ ജില്ലാ ആസ്ഥാനത്തെ രവീന്ദ്രനാഥ് ടാഗോർ ബീച്ചിലാണ് സംഘടിപ്പിച്ചത്. സ്കോഡ്വെസ് എൻജിഒയുടെ കീഴിലുള്ള ഗുലാബി സ്വസഹായ സംഘ്-ന്റെ പരിശീലനം നേടിയ സ്വയംസഹായക അംഗങ്ങളുടെ സഹകരണത്തോടെയാണ് നെറ്റ്ഫിഷ് സ്റ്റാൾ ഒരുക്കിയത്.

ഉണങ്ങിയ മീൻ അടക്കം മൂല്യവർദ്ധന വരുത്തിയ മത്സ്യവിഭവങ്ങൾ തയാറാക്കി വിറ്റഴിക്കുകയാണ് ഈ സ്വയം സഹായകസംഘം ചെയ്യുന്നത്. ഫീൽഡ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ അംഗങ്ങൾ തയറാക്കിയ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഫൂഡ് ഗ്രേഡ് പ്ലാസ്റ്റിക് പായ്ക്കറ്റുകളിൽ നെറ്റ്ഫിഷിന്റെയും സ്കോഡ്വെസിന്റെയും ലോഗോ സഹിതം ഉത്സവത്തിനു മുമ്പുതന്നെ തയാറാക്കിയിരുന്നു. ചെമ്മീൻ ചമ്മന്തിപ്പൊടി, പല്ലിക്കോര ചമ്മന്തിപ്പൊടി, കൊഴുവ ചമ്മന്തിപ്പൊടി, അയല ചമ്മന്തിപ്പൊടി, ഉണങ്ങിയ സ്രാവ് എന്നിവയെല്ലാം ആകർഷകമായി പായ്ക്ക് ചെയ്ത് വിൽപ്പനയ്ക്ക് എത്തിച്ചിരുന്നു. മത്സ്യഉത്പന്നങ്ങൾ വാങ്ങാൻ സന്ദർശകർക്ക് മികച്ച താത്പര്യമായിരുന്നു. ഉത്സവത്തിനുശേഷവും ഉത്പന്നങ്ങൾ ലഭ്യമാക്കണമെന്നും സ്ഥിരം സ്റ്റാൾ തുടങ്ങണമെന്നും അവർ ആവശ്യപ്പെട്ടു.

മത്സ്യമേഖലയിലെ ഗുണമേന്മയെക്കുറിച്ചും മത്സ്യരംഗം സംരക്ഷിക്കേണ്ടതിനെക്കുറിച്ചും നെറ്റ്ഫിഷ്, സ്കോഡ്വെസ് എന്നിവ സംയോജിതമായി തയാറാക്കിയ ലഘുലേഖകൾ

കരാവലി ഉത്സവിൽ പൊതുജനങ്ങൾ നെറ്റ്ഫിഷ് സ്റ്റാൾ സന്ദർശിക്കുന്നു

വിതരണം ചെയ്തു. ഹിന്ദിയിലും കന്നഡയിലും തയാറാക്കിയ ആനിമേഷൻ മൂവികൾ സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നു. കരാവലി ഉത്സവത്തിൽ പങ്കെടുക്കാൻ അവസരം നല്കിയതിന് സ്ത്രീകളുടെ സ്വയംസഹായകസംഘാംഗങ്ങൾ നെറ്റ്ഫിഷ്, സ്കോഡ്വെസ് എന്നിവയ്ക്ക് നന്ദി പറഞ്ഞു.

ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിൽ

ജനുവരി 2018–ൽ ലഭ്യമായ കടൽവിഭവങ്ങൾ

ഹനുമന്ത റാവു, വി. വി. അഫ്സൽ, എൻ.ജെ. നീതു, ജോയ്സ് വി. തോമസ്
നെറ്റ്ഫിഷ് – എംപിഇഡിഎ

ഇന്ത്യയിലെ കിഴക്ക്, പടിഞ്ഞാറ് തീരങ്ങളിലെ പ്രധാന തുറമുഖങ്ങളിൽ എത്തിയ മത്സ്യബന്ധന ബോട്ടുകളുടെ എണ്ണവും ലഭ്യമായ സമുദ്രോത്പന്നങ്ങളുടെ അളവും എംപിഇഡിഎയുടെ ക്യാച്ച് സർട്ടിഫിക്കേഷൻ പദ്ധതിയുടെ ഭാഗമായി നെറ്റ്ഫിഷ് രേഖപ്പെടുത്തുന്നുണ്ട്.

ഒൻപത് സമുദ്രതീര സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട 46 ലാൻഡിംഗ് കേന്ദ്രങ്ങളിൽ (പട്ടിക - 1) അടുക്കുന്ന ബോട്ടുകളുടെ എണ്ണം, ലഭ്യമാകുന്ന സമുദ്രോത്പന്നങ്ങൾ എന്നിവയാണ് ഹാർബർ ഡേറ്റ കളക്ടർമാർ ശേഖരിക്കുന്നത്.

പേര്, ബോട്ടുകളുടെ രജിസ്ട്രേഷൻ നമ്പർ, ഏത് തരം ബോട്ടാണ് തുടങ്ങിയ വിവരങ്ങളും രേഖപ്പെടുത്തും. ഇത് പിന്നീട് ഓൺലൈൻ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചും എംഎസ് ഓഫീസ് (എക്സൽ) ടൂളുകൾ ഉപയോഗിച്ചും ഇനം, പ്രദേശം, സംസ്ഥാനം എന്നിവയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് രേഖപ്പെടുത്തുന്നു.

പട്ടിക - 1
വിവരശേഖരണത്തിനായി തെരഞ്ഞെടുത്ത തുറമുഖങ്ങളും ലാൻഡിംഗ് കേന്ദ്രങ്ങളും

നമ്പർ	സംസ്ഥാനം	ഫിഷിംഗ് ഹാർബർ
1	കേരളം	ബേപ്പൂർ
2		പുതിയാപ്പ
3		തോപ്പുംപടി
4		മുനമ്പം
5		ശക്തികുളങ്ങര
6		തോട്ടപ്പള്ളി
7		കായംകുളം
8		വിഴിഞ്ഞം
9	കർണ്ണാടക	മാംഗളൂർ
10		മാല്പേ
11		ഗംഗോളി
12		താദ്രി
13		കാർവാർ
14	മഹാരാഷ്ട്ര	ഹാർനെ
15		ന്യൂ ഫെറി വാർഫ്
16		രത്നഗിരി (മിർക്കർവാഡാ)
17		സാസ്സൺ ഡോക്ക്
18	ഗുജറാത്ത്	വെരാവൽ
19		പോർബന്തർ
20		മാൻഗ്രോൾ
21	പശ്ചിമബംഗാൾ	ദിഗ്ഹ (സങ്കർപുർ)
22		ദേശപ്രാൺ
23		നംഖാന
24		സുൽത്താൻപുർ
25		കൽക്ക്ദ്വിപ്
26		റെയ്ഡിഗി
27	ഒഡീഷ	പാരാദീപ്
28		ബാലാരാംഗഡി
29		ബഹബാലാപുർ
30		ധമാരാ
31	ആന്ധ്രാപ്രദേശ്	കാക്കിനട
32		മച്ച്ലിപട്ടണം
33		നിസാമപട്ടണം
34		വിശാഖപട്ടണം
35	തമിഴ്നാട്	ചെന്നൈ
36		പഴൈയിയാർ
37		നാഗപട്ടണം
38		തൂത്തുക്കുടി
39		കടലൂർ
40		മണ്ഡപം
41		കുളച്ചൽ
42		പോണ്ടിച്ചേരി
43		കാരൈക്കൽ
44		ചിന്നമറ്റം
45	ഗോവ	കട്ട്ബോണ
46		മാലിം

മത്സ്യവരവിനെ അടിസ്ഥാനമാക്കിയുള്ള കണക്കെടുപ്പ്

2018 ജനുവരിയിൽ ആകെ 46 ലാൻഡിംഗ് കേന്ദ്രങ്ങളിൽനിന്നായി 86568.64 ടൺ കടൽവിഭവങ്ങളാണ് ലഭിച്ചത്. ഉപരിതല മത്സ്യങ്ങൾ 37,433.01 ടൺ (43 ശതമാനം) ആയിരുന്നെങ്കിൽ ആഴക്കടൽ മത്സ്യങ്ങൾ 27540.88 ടൺ (32 ശതമാനം) ആയിരുന്നു. 13732.36 ടൺ (16 ശതമാനം) മൊളുസ്ക് ഇനത്തിൽ പെട്ടവയും 7852.39 ടൺ (9 ശതമാനം) കവചജീവിവർഗങ്ങളുമായിരുന്നു (ചിത്രം - 1).

2018 ജനുവരി കാലയളവിൽ ആകെ 109 ഇനം മത്സ്യങ്ങൾ ലഭിച്ചതിൽ ഏറ്റവും കൂടുതലായി ലഭിച്ച അഞ്ചിനങ്ങൾ യഥാക്രമം പാമ്പാട, അയല, കണവ, കിളിമീൻ, നെയ്മത്തി എന്നിവയായിരുന്നു. ഈ അഞ്ചിനങ്ങൾ ചേരുമ്പോൾ ആകെ ലഭിച്ചവയുടെ 40 ശതമാനം (ചിത്രം - 2) വരും. ഈ കാലയളവിൽ ഏറ്റവും കൂടുതൽ ലഭിച്ച ഇനമായ പാമ്പാടയുടെ അളവ് 7526.59 ടൺ ആയിരുന്നു. അതായത് ആകെ ലഭിച്ച മത്സ്യങ്ങളുടെ 9 ശതമാനം. അളവിൽ ഏറ്റവും കൂടുതലായി ലഭിച്ച അഞ്ചിനങ്ങൾ കഴിഞ്ഞാൽ മറ്റ് പ്രധാന മത്സ്യ ഇനങ്ങൾ കൂന്തൽ, ഉണ്ണിമേരി എന്നിവയായിരുന്നു. യഥാക്രമത്തിൽ 5062.95 ടൺ, 4995.13 ടൺ എന്നിങ്ങനെയായിരുന്നു അവയുടെ അളവ്. ഏറ്റവും കുറച്ചുമാത്രം ലഭിച്ചത് വൈറ്റ് സ്നാപ്പർ ആയിരുന്നു (0.30 ടൺ).

2018 ജനുവരിയിലെ ഇനം തിരിച്ചുള്ള കണക്ക് പട്ടിക - 2 ൽ കാണിച്ചിരിക്കുന്നു. ചിറകുള്ള കടൽമത്സ്യങ്ങളിൽ പാമ്പാടയാണ് ഏറ്റവും കൂടുതലായി ലഭിച്ചത്. തൊട്ടുപിന്നിലായി അയലയും മത്തിയുമുണ്ട്. ആഴക്കടൽ മത്സ്യങ്ങളിൽ ഏറ്റവും അധികമായി ലഭിച്ചത് ഉണ്ണിമേരി, കിളിമീൻ, കോര എന്നിവയാണ്. മൊളുസ്ക് ഇനങ്ങളിൽ കണവ, കൂന്തൽ, നീരാളി എന്നിവ ആകെ അളവിന്റെ 64 ശതമാനമായിരുന്നെങ്കിൽ കവചജീവികളുടെ അളവ് 36 ശതമാനമായിരുന്നു. കവചജീവികളിൽ കരിക്കാടി ചെമ്മീനായിരുന്നു ഏറ്റവും ഉയർന്ന അളവിൽ ലഭിച്ചത് (2070.92 ടൺ).



ചിത്രം -1 : 2018 ജനുവരിയിലെ ഇനം തിരിച്ചുള്ള മത്സ്യവരവ്



ചിത്രം - 2 : 2018 ജനുവരിയിൽ ലഭിച്ച മത്സ്യങ്ങളിലെ പ്രധാന ഇനങ്ങൾ

പട്ടിക - 2

2018 ജനുവരിയിൽ വിവിധ ലാൻഡിംഗ് കേന്ദ്രങ്ങളിൽ ലഭിച്ച കടൽമത്സ്യങ്ങളുടെ ഇനം തിരിച്ചുള്ള അളവ്

മത്സ്യഇനം	അളവ് (ടൺ)	ആകെ വരവ് (ശതമാനം)
ചിറകുള്ള കടൽമത്സ്യങ്ങൾ		
പാമ്പാട	7526.59	8.69
അയല	7302.18	8.44
മത്തി	5865.53	6.78
ചൂര	4209.77	4.86
നെയ്മീൻ	2346.04	2.71
നത്തോലി	2164.94	2.50
തിരിയാൻ	1318.90	1.52
വങ്കട	1254.94	1.45
ചെയിൻകവർ	1154.39	1.33
ശീലാവ്	896.06	1.04
വറ്റ	620.34	0.72
ലെസർ സാർഡീൻ	606.88	0.70

ബോംബെ ഡക്ക്	558.64	0.65
ഹെറിംഗ്	245.72	0.28
ക്വീൻ ഫിഷ്	207.51	0.24
ലെതർ ജാക്കറ്റ്	190.31	0.22
കണമ്പ്	140.88	0.16
ഇന്ത്യൻ ത്രെഡ് ഫിഷ്	138.80	0.16
ഇന്ത്യൻ ഇലിഷ	104.55	0.12
മോത	97.10	0.11
മാർലിൻസ്	85.43	0.10
നീഡിൽ ഫിഷ്	83.30	0.10
ഓറിയന്റൽ ബൊണിറ്റോ	69.40	0.08
ഹിൽസ	66.94	0.08
ഫ്ളാറ്റ് നീഡിൽ ഫിഷ്	55.96	0.06
വാഴ് മീൻ	46.09	0.05
സെയ്ൽ ഫിഷ്	39.60	0.05
കാളാഞ്ചി	29.00	0.03
സിൽവർ സില്ലാഗോ	9.65	0.01
റെയ്ൻബോ റണ്ണർ	7.09	0.01
പൂമീൻ	0.50	0.00
ആകെ ഉപരിതല മത്സ്യവരവ്	37433.01	43.25
ആഴക്കടൽ മത്സ്യങ്ങൾ		
ഉണ്ണിമേരി	6908.33	7.98
കിളിമീൻ	6379.54	7.37
കോര	3460.80	4.00
മാന്തൽ	2665.51	3.08
പല്ലി മീൻ	2122.48	2.45
ഏട്ട	1690.78	1.95
കടൽകറൂപ്പ്	1559.38	1.80
ചെമ്പല്ലി	1073.13	1.24
ആവോലി	682.98	0.79
കുറിച്ചി	270.30	0.31
മുള്ളൻ	218.28	0.25
പാമ്പുമീൻ	150.98	0.17
കീരിമീൻ	146.02	0.17
തെരണ്ടി	100.87	0.12
ടൈഗർ പെർച്ച്	22.24	0.03
എംപറർ ബ്രീം	20.72	0.02
നന്തൻ	15.73	0.02
ആയിരംപല്ലി	14.54	0.02
ഖോൽ	14.41	0.02
പാരറ്റ് ഫിഷ്	7.00	0.01
വിപ് ഫിൻ സിൽവർ ബിഡ്ഡി	6.85	0.01
ബാറ്റ് ഫിഷ്	3.41	0.00
ബ്ലാക്ക് ടിപ് ഷാർക്ക്	3.10	0.00
ഫൈൽ ഫിഷ്	2.00	0.00
യെല്ലോ ഫിൻ സീ ബ്രീം	1.55	0.00
ആകെ ആഴക്കടൽ മത്സ്യ വരവ്	27540.88	31.81
കക്ക വർഗത്തിൽപ്പെട്ട കവചജീവികൾ		
പിനീഡ് ചെമ്മീൻ	7183.60	8.30
കടൽ ഞണ്ട്	625.84	0.72
പച്ച ഞണ്ട്	21.23	0.02
കൊഞ്ച്	17.22	0.02
നോൺ പിനീഡ് ചെമ്മീൻ	4.50	0.01
ആകെ കവചജീവികളുടെ വരവ്	7852.39	9.07
മൊളുസ്ക്		
കണവ	7181.57	8.30
കൂന്തൽ	5062.95	5.85
നീരാളി	1487.84	1.72
ആകെ മൊളുസ്കുകളുടെ വരവ്	13732.36	15.86
ആകെ കവചജീവികളുടെ വരവ്	21584.75	24.93
ആകെ ലഭിച്ച സമുദ്രവിഭവങ്ങൾ	86568.64	100.00

പ്രദേശികാടിസ്ഥാനത്തിലുള്ള മത്സ്യവരവ്

പ്രാദേശികാടിസ്ഥാനത്തിൽ മത്സ്യവരവ് കണക്കാക്കിയപ്പോൾ തെക്കുപടിഞ്ഞാറ് തീരത്ത് (കേരളം, കർണാടകം, ഗോവ എന്നിവിടങ്ങളിലെ 15 തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ ഉൾപ്പെട്ടത്) ലഭിച്ചത് 37,099.25 ടൺ (43 ശതമാനം) ആയിരുന്നു. വടക്കുപടിഞ്ഞാറ് മേഖലയിൽ (മഹാരാഷ്ട്ര, ഗുജറാത്ത് തീരങ്ങളിലെ ഏഴ് തെരഞ്ഞെടുക്കപ്പെട്ട ലാൻഡിംഗ് കേന്ദ്രങ്ങൾ ഉൾക്കൊള്ളുന്നത്) രേഖപ്പെടുത്തിയ അളവ് 37,020.39 ടൺ (43 ശതമാനം) ആയിരുന്നു (ചിത്രം - 3).

തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലെ 13 തുറമുഖങ്ങൾ ഉൾക്കൊള്ളുന്ന തെക്കുകിഴക്ക് മേഖലയിൽനിന്ന് ആകെ 5140.83 ടണ്ണും (ആകെ വരവിന്റെ 6 ശതമാനം) ഒഡീഷ, വെസ്റ്റ് ബംഗാൾ എന്നിവ ഉൾപ്പെടുന്ന 10 തെരഞ്ഞെടുക്കപ്പെട്ട ലാൻഡിംഗ് കേന്ദ്രങ്ങൾ ഉൾക്കൊള്ളുന്ന വടക്കുകിഴക്ക് മേഖലയിൽനിന്ന് 7308.17 ടണ്ണും (8 ശതമാനം) സമുദ്രവിഭവങ്ങൾ ലഭിച്ചു.

തെക്കുപടിഞ്ഞാറ്, വടക്കുകിഴക്ക് തീരങ്ങളിലെ ചിറകുള്ള കടൽമത്സ്യങ്ങളുടെ വരവ് മറ്റ് രണ്ട് വിഭാഗങ്ങളേക്കാൾ കൂടുതലായിരുന്നു. എന്നാൽ വടക്കുകിഴക്ക് തീരങ്ങളിൽ ആഴക്കടൽ മത്സ്യങ്ങളുടെ അളവ് ചിറകുള്ള മത്സ്യങ്ങളുടേതിനേക്കാളും കവചജീവികളുടേതിനേക്കാളും കൂടുതലായിരുന്നു (ചിത്രം - 4). തെക്കുകിഴക്ക് തീരങ്ങളിൽ കൂടുതലും ലഭിച്ചത് കവചജീവി വർഗത്തിൽപ്പെട്ടവയായിരുന്നു. തെക്കുകിഴക്ക് തീരങ്ങളൊഴിച്ചാൽ മറ്റ് മേഖലകളിൽ കവചജീവികൾ വളരെക്കുറവാണ് ലഭിച്ചത്.

കൂടുതൽ ലഭ്യമായ അഞ്ച് പ്രധാന മത്സ്യ ഇനങ്ങളുടെ ലഭ്യതയുടെ വിവരങ്ങൾ പട്ടിക - 3 ൽ നല്കിയിട്ടുണ്ട്.



ചിത്രം - 3 2018 ജനുവരിയിൽ പ്രാദേശികാടിസ്ഥാനത്തിലെ മത്സ്യവരവ്



ചിത്രം 4 -2018 ജനുവരിയിൽ ഓരോ പ്രദേശത്തുനിന്നും ലഭിച്ച ആകെ വരവിന്റെ ഇനംതിരിച്ചുള്ള കണക്കുകളുടെ താരതമ്യം (ടൺ)

പട്ടിക 3
2018 ജനുവരിയിൽ വിവിധ പ്രദേശങ്ങളിൽനിന്ന് ലഭിച്ച പ്രധാന ഇനങ്ങൾ

ഇനം	അളവ് (ടൺ)	ഓരോ പ്രദേശത്തുമുള്ള ആകെ വരവ് (ശതമാനം)
തെക്കുപടിഞ്ഞാറ്		
അയല	5141.47	13.86
മത്തി	5133.74	13.84
കിളിമീൻ	3502.97	9.44
കൂന്തൽ	3176.81	8.56
കണവ	1611.78	4.34
വടക്കുപടിഞ്ഞാറ്		
പാമ്പാട	5342.27	14.43
ഉണ്ണിമേരി	4403.10	11.89
കൂന്തൽ	3509.19	9.48
കണവ	2716.96	7.34
കിളിമീൻ	2647.30	7.15
തെക്കുകിഴക്ക്		
ചൂര	534.66	10.40
കണവ	495.43	9.64

പാമ്പാട	375.83	7.31
വെള്ളാരൻ ചെമ്മീൻ	282.95	5.50
കൂന്തൽ	279.37	5.43
വടക്കുകിഴക്ക്		
കോര	1004.58	13.75

കൊഴുവ	597.73	8.18
മത്തി	563.48	7.71
പാമ്പാട	519.72	7.11
കരിക്കാടി ചെമ്മീൻ	378.27	5.18

സംസ്ഥാന തലത്തിലുള്ള കടൽ വിഭവങ്ങളുടെ ലഭ്യത

ഇന്ത്യയിലെ ഒൻപത് കടൽത്തീര സംസ്ഥാനങ്ങളിൽ ഏറ്റവുമധികം വരവ് ലഭിച്ചത് ഗുജറാത്തിലാണ്, 25,846.79 ടൺ. ആകെ വരവിന്റെ 30 ശതമാനം വരുമിത് (ചിത്രം - 5). തൊട്ടുപിന്നിലായി കേരളത്തിന്റെ വരവ് 18124.18 ടൺ, ആകെ വരവിന്റെ 21 ശതമാനം. മൂന്നാം സ്ഥാനത്തുള്ള കർണ്ണാടകം 15,386.36 ടൺ (18 ശതമാനം) വരവ് രേഖപ്പെടുത്തി. പടിഞ്ഞാറൻ തീരത്തെ സംസ്ഥാനങ്ങൾ ഒന്നുചേർന്നുള്ള വരവ് 85 ശതമാനമായിരുന്നു. കിഴക്കൻ തീരത്തെ ഏറ്റവും വലിയ വരവ് പശ്ചിമബംഗാളിൽനിന്നാണ്; 4755.69 ടൺ (5 ശതമാനം). ഏറ്റവും കുറച്ച് മാത്രം കടൽവരവ് ലഭിച്ചത് ആന്ധ്രാപ്രദേശിനാണ്, 2134.53 ടൺ. 2018 ജനുവരിയിൽ വിവിധ സംസ്ഥാനങ്ങളിലെ വിവിധ മത്സ്യകേന്ദ്രങ്ങളിൽ കൂടുതൽ ലഭിച്ച അഞ്ച് മത്സ്യ ഇനങ്ങളുടെ അളവ് പട്ടിക - 4 ൽ കൊടുത്തിട്ടുണ്ട്.

ചിത്രം - 5 2018 ജനുവരിയിൽ വിവിധ സംസ്ഥാനങ്ങളിലെ വിവിധ മത്സ്യകേന്ദ്രങ്ങളിൽ ലഭിച്ച മത്സ്യത്തിന്റെ അളവ് ടണ്ണിൽ

പട്ടിക - 4
2018 ജനുവരിയിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നും ലഭിച്ച പ്രധാന ഇനങ്ങൾ

ഇനം	അളവ് (ടൺ)	സംസ്ഥാനങ്ങളിലെ ആകെ വരവ് (ശതമാനം)
കേരളം		
കിളിമീൻ	2112.62	11.66
മത്തി	2001.97	11.05
കൂന്തൽ	1408.10	7.77
കണവ	1163.66	6.42
അയല	1018.97	5.62
കർണ്ണാടക		
അയല	3002.45	19.51
മത്തി	2548.67	16.56
കൂന്തൽ	1482.01	9.63
കിളിമീൻ	1369.96	8.90
ഉണ്ണിമേരി	590.63	3.84
ഗോവ		
അയല	1120.05	31.21
മത്തി	583.10	16.25
ലിറ്റിൽ ടണ്ണി	408.40	11.38
ചൂര	361.29	10.07
കൂന്തൽ	286.70	7.99
മഹാരാഷ്ട്ര		
അയല	984.73	8.81
വങ്കട	965.87	8.64
കൂന്തൽ	960.39	8.60
കോര	904.59	8.10
പാമ്പാട	894.27	8.00
ഗുജറാത്ത്		
പാമ്പാട	4448.00	17.21
ഉണ്ണിമേരി	4403.10	17.04
കൂന്തൽ	2548.80	9.86
കണവ	2293.90	8.87
കിളിമീൻ	2149.50	8.32
തമിഴ്നാട്		
കണവ	467.71	15.56
കൂന്തൽ	252.70	8.41
ചൂര	205.17	6.82
മത്തി	141.49	4.71
അയല	120.06	3.99
ആന്ധ്രാപ്രദേശ്		
ചൂര	329.49	15.44

പാമ്പാട	286.41	13.42
വെള്ളാരൻ ചെമ്മീൻ	212.19	9.94
നാരൻ ചെമ്മീൻ	198.87	9.32
കഴന്തൻ ചെമ്മീൻ	186.97	8.76
ഒഡീഷ		
കോര	514.83	20.17
കൊഴുവ	253.42	9.93
പാമ്പാട	243.95	9.56

നങ്ക്	184.08	7.21
കിളിമീൻ	170.62	6.68
പശ്ചിമബംഗാൾ		
കോര	489.748	10.30
മത്തി	479.192	10.08
കൊഴുവ	344.311	7.24
ബോംബെ ഡക്ക്	327.804	6.89
അയല	296.240	6.23

തുറമുഖങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്ക്

പടിഞ്ഞാറും കിഴക്കും തീരത്ത് തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങളിൽ ജനുവരിയിലെ ആകെ വരവ് ചിത്രം -6, 7 എന്നിവിടങ്ങളിലായി നല്കിയിരിക്കുന്നു. 46 തുറമുഖങ്ങളിലെ കണക്കെടുപ്പിൽ കേരളത്തിലെ ബേപ്പൂർ തുറമുഖമാണ് പരമാവധി വരവ് രേഖപ്പെടുത്തിയത്. ആകെ 10,888.50 ടൺ (13 ശതമാനം). ഗുജറാത്തിലെ വെരാവൽ തുറമുഖത്തുനിന്ന് 10,539.70 ടൺ മത്സ്യം ലഭിച്ചു (12 ശതമാനം). ഗുജറാത്തിലെതന്നെ പോർബന്തറിൽനിന്ന് 9,135.09 ടൺ (11 ശതമാനം), കർണ്ണാടകത്തിലെ മംഗളുരുവിൽനിന്ന് 7,048.87 ടൺ (8 ശതമാനം) എന്നിങ്ങനെയായിരുന്നു ആകെ വരവ്. കിഴക്കൻ തീരത്തെ തുറമുഖങ്ങളിൽ പശ്ചിമബംഗാളിലെ ദേശപ്രാണിൽനിന്ന് 1,822.31 ടൺ (2 ശതമാനം) കടൽവിഭവങ്ങൾ ലഭിച്ചു. പടിഞ്ഞാറൻ തീരത്തെ തെരഞ്ഞെടുക്കപ്പെട്ട 22 തുറമുഖങ്ങളിൽ പതിനഞ്ചിലുംനിന്ന് ആയിരം ടണ്ണിലധികം മത്സ്യം ലഭിച്ചു. എന്നാൽ കിഴക്കൻ തീരങ്ങളിലെ 24 ഹാർബറുകളിൽ മൂന്നെണ്ണത്തിൽനിന്നുമാത്രമേ 1000 ടണ്ണിലധികം കടൽവിഭവങ്ങൾ ലഭിച്ചുള്ളൂ. കേരളത്തിലെ വിഴിഞ്ഞം ഹാർബറിൽനിന്നാണ് ഏറ്റവും കുറവ് (31.14 ടൺ) മത്സ്യവിഭവങ്ങൾ ലഭിച്ചത്.

ബോട്ട് വരവിനെ അടിസ്ഥാനമാക്കിയുള്ള കണക്ക്

2018 ജനുവരിയിൽ ആകെ 33,568 ബോട്ടുകളാണ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടത്. ഏറ്റവും കൂടുതൽ ബോട്ടുകൾ എത്തിയത് വെരാവൽ തുറമുഖത്തായിരുന്നു, 4677 ബോട്ടുകൾ. 3106 ബോട്ടുകളുമായി പോർബന്തർ രണ്ടാം സ്ഥാനത്തെത്തി. 46 തുറമുഖങ്ങളിൽ ഏഴെണ്ണത്തിൽമാത്രമാണ് 1000 ബോട്ടുകളിലധികം അടുത്തത്. കൂടുതൽ വിവരങ്ങൾ പട്ടിക – 5 ൽ കൊടുത്തിരിക്കുന്നു. ട്രോളറുകളാണ് 78 ശതമാനം മത്സ്യബന്ധനബോട്ടുകളെങ്കിൽ ബാക്കിയുള്ളവ പഴ്സ് സീനേഴ്സ്, റിംഗ് സീനേഴ്സ്, ഗിൽനെറ്റേഴ്സ്, ലോംഗ് ലൈനേഴ്സ്, പരമ്പരാഗത വള്ളങ്ങൾ എന്നിവയാണ്.



ചിത്രം – 6 2018 ജനുവരിയിൽ പടിഞ്ഞാറൻ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്നു ലഭിച്ച ആകെ വരവ് (ടൺ)



ചിത്രം – 7 2018 ജനുവരിയിൽ കിഴക്കൻ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്നു ലഭിച്ച ആകെ വരവ് (ടൺ)

താരതമ്യപഠനം

2018 ജനുവരി മാസത്തേയും അതിനുമുമ്പുള്ള മാസങ്ങളുടെയും താരതമ്യമാണ് പട്ടിക - 6 ൽ കൊടുത്തിരിക്കുന്നത്. ഡിസംബർ 2017 മായി താരമത്യം ചെയ്യുമ്പോൾ 2018 ജനുവരിയിൽ 3700 ടൺ കൂടുതൽ മത്സ്യങ്ങൾ ലഭിച്ചിട്ടുണ്ട്. ചിറകുള്ള കടൽ മത്സ്യങ്ങളായിരുന്നു കൂടുതലായി ലഭിച്ചിരുന്നതെങ്കിലും ശതമാനക്കണക്കിൽ അഞ്ച് ശതമാനം കുറവുണ്ടായിരുന്നു. ആഴക്കടൽ മത്സ്യങ്ങളുടെ വരവ് നാല് ശതമാനം വർദ്ധിച്ചപ്പോൾ പുറംതോടുള്ള കടൽജീവികളുടെ എണ്ണം ഒരു ശതമാനം വർധിച്ചു. ഏറ്റവും അധികമായി ലഭിച്ചത് പാമ്പാട ആയിരുന്നുവെന്നു മാത്രമല്ല മത്തി അഞ്ചാം സ്ഥാനത്തേക്കു പിന്തള്ളപ്പെടുകയും ചെയ്തു.

ഏറ്റവും കൂടുതൽ ബോട്ടുകൾ അടുത്ത സംസ്ഥാനം എന്ന ബഹുമതി ഗുജറാത്ത് നിലനിർത്തിയെങ്കിലും ഏറ്റവും കൂടുതൽ മത്സ്യവിഭവങ്ങൾ ലഭിച്ചത് കേരളത്തിലെ ബേപ്പൂർ തുറമുഖത്തുനിന്നാണ്. ഗുജറാത്തിലെതന്നെ വെരാവൽ തുറമുഖത്തിന് മത്സ്യവിഭവങ്ങളുടെ അളവിൽ രണ്ടാംസ്ഥാനമേ ലഭിച്ചുള്ളൂ. 2017 ഡിസംബറിനെ അപേക്ഷിച്ച് 2018 ജനുവരിയിൽ 1400 ബോട്ടുകൾ കൂടുതൽ അടുക്കുകയുണ്ടായി.

പട്ടിക 5- 2018 ജനുവരിയിൽ 1000 ബോട്ടുകളിലധികം അടുത്ത മത്സ്യബന്ധന തുറമുഖങ്ങൾ

നമ്പർ	ഹാർബർ	സംസ്ഥാനം	തുറമുഖങ്ങളിലടുത്ത ബോട്ടുകളുടെ എണ്ണം
1	വെരാവൽ	ഗുജറാത്ത്	4677
2	പോർബന്തർ	ഗുജറാത്ത്	3106
3	മാൻഗ്രോൾ	ഗുജറാത്ത്	2658
4	മാംഗളൂർ	കർണ്ണാടക	2092
5	മാൽപെ	കർണ്ണാടക	2001
6	ഹാർനെ	മഹാരാഷ്ട്ര	1362
7	രത്നഗിരി (മിർ കർവാഡ)	മഹാരാഷ്ട്ര	1042

പട്ടിക 6
2017 നവംബർ, ഡിസംബർ, 2018 ജനുവരി മാസങ്ങളിലെ വിവരങ്ങളുടെ താരതമ്യ പഠനം

	നവംബർ 2017	ഡിസംബർ 2017	ജനുവരി 2018
ആകെ വരവ്	1,04,988.48 ടൺ	82,849.37 ടൺ	86,568.64 ടൺ
ഉപരിതല മത്സ്യങ്ങൾ	54,485.10 ടൺ (52%)	39,510.15 ടൺ (48%)	37,443.01 ടൺ (43%)
ആഴക്കടൽ മത്സ്യങ്ങൾ	25,499.46 ടൺ (24%)	23,492.34 ടൺ (28%)	27,540.88 ടൺ (32%)
പുറംതോടുള്ള കടൽജീവികൾ	25,003.91 ടൺ (24%)	19,846.87 ടൺ (24%)	21,584.75 ടൺ (25%)
ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യ ഇനങ്ങൾ	മത്തി (15%)	മത്തി (10%)	പാമ്പാട (9%)
ഏറ്റവും കൂടുതൽ ബോട്ടുകൾ അടുത്ത സംസ്ഥാനം	ഗുജറാത്ത് (26%)	ഗുജറാത്ത് (30%)	ഗുജറാത്ത് (30%)
ഏറ്റവും കൂടുതൽ ബോട്ടുകൾ അടുത്ത തുറമുഖം	വെരാവൽ (13%)	വെരാവൽ (13%)	ബേപ്പൂർ (13%)
ആകെ ബോട്ടുകളുടെ എണ്ണം	36,858	32,115	32,115

സംഗ്രഹം

ഇന്ത്യയിലെ പ്രധാനപ്പെട്ട 46 മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നായി ആകെ 86,568.64 ടൺ കടൽ വിഭവങ്ങളാണ് 2018 ജനുവരിയിൽ ലഭിച്ചത്. പുറംതോടുള്ള കടൽജീവികൾ, ആഴക്കടൽ മത്സ്യങ്ങൾ എന്നിവയേക്കാൾ ഉപരിതല മത്സ്യങ്ങളായിരുന്നു അളവിൽ കൂടുതൽ. തുറമുഖങ്ങളിലെത്തിയ ആകെ അളവ് പരിഗണിക്കുമ്പോൾ പാമ്പാടയായിരുന്നു പ്രധാന ഇനം. പടിഞ്ഞാറൻ തീരത്തെ സംസ്ഥാനങ്ങളിലായി ആകെ വരവിന്റെ 85 ശതമാനം ലഭിച്ചപ്പോൾ വടക്ക് പടിഞ്ഞാറൻ തീരത്തുനിന്ന് 43 ശതമാനം മത്സ്യവിഭവങ്ങൾ ലഭിച്ചു. ഒൻപത് കടൽത്തീര സംസ്ഥാനങ്ങളിൽ

ഗുജറാത്തായിരുന്നു ഏറ്റവും മുന്നിൽ. തെരഞ്ഞെടുക്കപ്പെട്ട 46 തുറമുഖങ്ങളിൽ 18 എണ്ണം ആയിരത്തിലധികം ടൺ മത്സ്യവരവ് രേഖപ്പെടുത്തി. വെരാവലായിരുന്നു ഏറ്റവും ഉയർന്ന തോതിൽ ബോട്ടുകൾ അടുത്ത തുറമുഖം.

നീലഞണ്ടിന്റെ സുസ്ഥിരതാ പദ്ധതി

ഡോ. ജി. സഞ്ജീവിരാജ്
കോർഡിനേറ്റർ, ബിഎസ്‌സി എഫ്ഐപി പ്രോഗ്രാം,
ക്രാബ് മീറ്റ് പ്രോസസേഴ്സ് അസോസിയേഷൻ, ഇന്ത്യ

ആഗോളതലത്തിൽ പോഷകസമ്പന്നമായ ഭക്ഷ്യവസ്തുക്കൾക്ക് മികച്ച ആവശ്യകതയാണുള്ളത്. കടലിൽനിന്നും ശുദ്ധജലത്തിൽനിന്നുമുള്ള മത്സ്യം, മത്സ്യോത്പന്നങ്ങൾ, കവചജീവികളായ ചെമ്മീൻ, ഞണ്ട് തുടങ്ങിയവ, സമുദ്രജലത്തിൽനിന്നും ശുദ്ധജലത്തിൽ നിന്നുമുള്ള ചിറകുള്ള മീനുകൾ, ചിപ്പികൾ എന്നിവയ്ക്കുള്ള ആവശ്യകത ദൈനംദിനം വർദ്ധിച്ചുവരികയാണ്.

കവചജീവികളിൽ കടലിൽനിന്നുള്ള ചെമ്മീനാണ് ആഭ്യന്തര, ആഗോള വിപണികളിലെത്തുന്നവയിൽ സിംഹഭാഗവും. കടലിൽനിന്നുള്ള ചെമ്മീനും കെട്ടുകളിൽ വളർത്തിയെടുക്കുന്നവയുമാണ് ആഭ്യന്തര, ആഗോള ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നത്.

തൂത്തുക്കുടി ജില്ലയിലെ വെള്ളാപ്പട്ടി ഫിഷിംഗ് ഗ്രാമത്തിൽനിന്ന് പിടികൂടിയ നീല ഞണ്ടുകൾ

ക്രസ്റ്റേഷ്യൻ വിഭാഗത്തിൽ ഉൾപ്പെട്ട ഞണ്ടുകളാണ് മറ്റൊരു പ്രധാന വിഭാഗം. കടലിൽനിന്നും ഉപ്പുജലം നിറഞ്ഞ പ്രദേശങ്ങളിൽനിന്നുമുള്ള ഞണ്ടുകളാണ് കൂടുതലായി കയറ്റുമതി ചെയ്യുന്നത്. ജീവനോടെ കയറ്റുമതി ചെയ്യാവുന്ന ഉപ്പുജല ഞണ്ടുകളാണ് സില്ല ട്രാൻക്വബാരിക്കസ് എന്ന് ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന വലിപ്പമേറിയ ഞണ്ടുകളും സില്ല സെറേറ്റ എന്നറിയപ്പെടുന്ന ചെറിയ ഞണ്ടുകളും. കടലിൽ ഒട്ടേറെ തരം ഞണ്ടുകളുണ്ടെങ്കിലും അവയിൽ വളരെ കുറച്ചുമാത്രമാണ് ഭക്ഷ്യയോഗ്യമായിട്ടുള്ളത്. ബ്ലൂ സിമ്മിംഗ് ക്രാബ് എന്ന അറിയപ്പെടുന്ന, പോർട്ടുനസ് പെലാജിക്കസ് എന്ന ശാസ്ത്രനാമമുള്ള നീല ഞണ്ടുകൾക്കാണ് ആഭ്യന്തര വിപണിയിലും ആഗോളവിപണിയിലും ഏറ്റവും പ്രിയമുള്ളത്. ഇന്ത്യൻ തീരങ്ങളിലെ എല്ലാ മത്സ്യബന്ധന തുറമുഖങ്ങളിലും വൻതോതിലാണ് ഇവ വന്നെത്തുന്നത്. പരമ്പരാഗത മത്സ്യവള്ളങ്ങളും ഫൈബർഗ്ലാസ് റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (എഫ്ആർപി) വള്ളങ്ങളും ട്രോളറുകളുമാണ് ഇവയെ പിടിക്കുന്നത്. സെറ്റ് ഗിൽ നെറ്റ് ഉപയോഗിച്ചാണ് ഇവയെ കൂടുതലായി പിടികൂടുന്നത്.

നീല ഞണ്ട് – പോർട്ടുനസ് പെലാജിക്കസ്

ഭക്ഷ്യവസ്തുക്കൾ ധാരാളമായി ലഭ്യമാകുന്നിടങ്ങളിൽ സ്വതന്ത്രമായി നീന്തിനടക്കുന്ന ഇനം ഞണ്ടുകളാണ് ഇവ. വളർച്ചയെത്തിയ ഞണ്ടുകൾക്ക് പതിനെട്ട് മുതൽ 22 വരെ സെന്റീമീറ്റർ വലിപ്പമുണ്ടാകും. ഉയർന്ന ഉത്പാദനശേഷിയാണ് ഇവയ്ക്ക്. തെളിഞ്ഞ കടൽജലം ലഭിക്കുന്നിടയിടങ്ങളിലേയ്ക്ക് ഇവ കുടിയേറിപ്പാർക്കും. മഞ്ഞ നിറത്തിലുള്ള മുട്ടകൾ വലിപ്പം കൂടുന്നതിനനുസരിച്ച് ഓറഞ്ച് നിറമായോ തവിട്ട് നിറമായോ മാറും. ആൺ, പെൺ ഞണ്ടുകളുടെ ഇണചേരലിലൂടെയാണ് പ്രത്യുത്പാദനം നടക്കുന്നത്. ഇണചേരുമ്പോൾ ആൺ ഞണ്ടുകൾ പെൺഞണ്ടുകളുടെ ഉദരഭാഗത്തുള്ള സ്പെർമതീക്കയിലേയ്ക്ക് സ്പെർമാറ്റോസോവ എന്ന പുരുഷബീജങ്ങളെ നിക്ഷേപിക്കും. അതിനുശേഷം ഞണ്ടുകളുടെ മുട്ടകൾ തവിട്ട് നിറമായി മാറും. പൂർണവളർച്ചയെത്തിയ മുട്ടകൾക്ക് കറുപ്പ് നിറമായിരിക്കും. മുട്ടകൾ വിരിഞ്ഞ് സൂക്ഷ്മ രൂപത്തിലുള്ള പ്ലാങ്ടോണിക് ലാർവകൾ പുറത്തുവരുന്നു. ഈ ലാർവകൾ ഒട്ടേറെ മാറ്റങ്ങൾക്കുശേഷമാണ് ഞണ്ടുകുഞ്ഞുങ്ങളായി വികാസം പ്രാപിക്കുന്നത്.

ഇന്ത്യയുടെ രണ്ട് തീരങ്ങളിലും നീലഞണ്ടുകളുടെ സാന്നിദ്ധ്യമുണ്ട്. എണ്ണായിരം കിലോമീറ്റർ തീരപ്രദേശമാണ് ഇന്ത്യയ്ക്കുള്ളത്. തമിഴ്നാട് ഭാഗം മാത്രം 1096 കിലോമീറ്റർ വരും. നീലഞണ്ടുകൾ വൻതോതിൽ വന്നെത്തുന്നത് കിഴക്കൻ തീരത്താണ്. പടിഞ്ഞാറൻ തീരങ്ങളിലെ ഞണ്ടുപിടുത്തം സീസൺ

മുട്ടയുള്ള ഞണ്ടുകൾ

അനുസരിച്ച് വ്യത്യാസപ്പെടാം. ഗൾഫ് ഓഫ് കച്ച്, കാർവാർ തീരം എന്നിവിടങ്ങളാണ് ഞണ്ടുകളെത്തുന്ന പ്രധാന കേന്ദ്രങ്ങൾ. വർഷത്തിൽ 500 മുതൽ 700 വരെ ടൺ ഞണ്ടുകളാണ് ഇവിടെയെത്തുന്നത്. കിഴക്കൻ തീരത്ത് ഗൾഫ് ഓഫ് മന്നാർ,

സിഎംപിഎം ഫീൽഡ് ജീവനക്കാർ വിവരങ്ങൾ ശേഖരിക്കുന്നു

പാക്ക് ബേ, പാക്ക് ബേയുടെ അപ്പുറം പശ്ചിമബംഗാൾ വരെയുള്ള തീരപ്രദേശം എന്നിവയാണ് മൂന്ന് പ്രധാന ലാൻഡിംഗ് കേന്ദ്രങ്ങൾ. ആദ്യ രണ്ട് പ്രദേശങ്ങളിലായി ഒട്ടേറെ ഞണ്ട് എത്തിക്കുന്ന മത്സ്യഗ്രാമങ്ങളുണ്ട്. മഴക്കാലത്തുമാത്രമാണ്

വലയിൽ കുടുങ്ങിയ ഞണ്ടുകളെ വേർപെടുത്തുന്നു

കാക്കിനട തീരത്ത് ഞണ്ടുകളെ പിടികൂടുന്നത്. ഏതാണ്ട് 80-100 ടൺ വരുമിത്. പാക്ക് ബേ പ്രദേശത്ത് 500 ടൺ വരെയും ഗൾഫ് ഓഫ് മന്നാറിലെ ലാൻഡിംഗ് കേന്ദ്രങ്ങളിൽ 2000 മുതൽ 3000 വരെയും ടൺ ഞണ്ടുകൾ വർഷത്തിൽ ലഭിക്കുന്നു. ഈ തീരങ്ങളിലെ ഒട്ടേറെ മത്സ്യഗ്രാമങ്ങളിൽനിന്ന് വൻതോതിലാണ് നീലഞണ്ടുകളെ പിടികൂടുന്നത്.

പിടികൂടുന്ന ഞണ്ടുകളിൽ 20 ശതമാനം മാത്രമാണ് ആഭ്യന്തര വിപണികളിൽ ഉപയോഗിക്കുന്നത്. ബാക്കി 80 ശതമാനവും വിവിധ അന്താരാഷ്ട്ര വിപണികളിലേയ്ക്ക് കയറ്റി അയയ്ക്കുന്നു. ചെറിയൊരു ഭാഗം മാത്രം മുറിച്ച് ശീതീകരിച്ച് ഉപയോഗിക്കുമ്പോൾ ബാക്കി മുഴുവൻ പാസ്ചറൈസ് ചെയ്ത് അവസാന ഉത്പന്നമാക്കി ഉപയോഗിക്കുന്നു. ഏതാണ്ട് 40 ശതമാനവും അമേരിക്കയിലേയ്ക്കാണ് കയറ്റി അയയ്ക്കുന്നത്. ആഗോളതലത്തിൽ നീലഞണ്ടുകളുടെ ആവശ്യകത വർദ്ധിച്ചുവരുന്നതിനാൽ അവയുടെ സുസ്ഥിരതയെക്കുറിച്ചും പ്രത്യുത്പാദനത്തിനുള്ള കഴിവിനെക്കുറിച്ചും കടൽ, പാരിസ്ഥിതിക ചുറ്റുപാടുകളെക്കുറിച്ചും പ്രത്യേക ശ്രദ്ധ വേണം.

ക്രാബ് മീറ്റ് പ്രോസസേഴ്സ് അസോസിയേഷൻ (സിഎംപിഎ), ഇന്ത്യ

ഞണ്ട് കയറ്റി അയയ്ക്കുന്ന കമ്പനികൾ അംഗങ്ങളായ സംഘടനയാണ് ക്രാബ് മീറ്റ് പ്രോസസേഴ്സ് അസോസിയേഷൻ, ഇന്ത്യ. ദേശീയ മത്സ്യ ഇൻസ്റ്റിറ്റ്യൂട്ട്, അമേരിക്കയിലെ ക്രാബ് കൗൺസിൽ എന്നിവയുമായി ചേർന്ന് നീലഞണ്ടുകളുടെ ഫിഷറി ഇംപ്രൂവ് പ്രോഗ്രാമിന് (എഫ്ഐപി) തുടക്കം കുറിച്ചത് ഈ അസോസിയേഷനാണ്.

സാൻഡി ബേ സീഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറും എംപിഇഡിഎയുടെ വൈസ് ചെയർമാനുമായ കിഷോർ കുമാറാണ് സിഎംപിഎയുടെ നിലവിലുള്ള പ്രസിഡന്റ്. 2017-ൽ സംസ്കരണരംഗത്തുള്ളവർ ചേർന്ന് രൂപം കൊടുത്ത ക്രാബ് മീറ്റ് പ്രോസസേഴ്സ് അസോസിയേഷനിൽ ഏഴ് കയറ്റുമതി കമ്പനികൾ അംഗങ്ങളാണ്.

നീലഞണ്ടുകളുടെ സുസ്ഥിരത, പ്രത്യുത്പാദനം എന്നിവയെക്കുറിച്ചും ഞണ്ടുകളെ പിടികൂടുന്ന കണക്കിനെ അടിസ്ഥാനമാക്കി പാരിസ്ഥിതിക ചുറ്റുപാടുകളേക്കുറിച്ചും മത്സ്യബന്ധനരംഗത്തുള്ളവർ, ഏജന്റുമാർ, വ്യവസായരംഗത്തുള്ളവർ, പ്രാദേശിക അധികാരികൾ, സംസ്ഥാന മത്സ്യബന്ധന വകുപ്പ്, സംസ്ഥാന സർക്കാർ എന്നിവയുമായി ബന്ധപ്പെട്ട് നീലഞണ്ടുകളെ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും പഠനം നടത്താനാണ് സിഎംപിഎ ശ്രമിക്കുന്നത്.

നാഷണൽ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് ക്രാബ് കൗൺസിൽ (എൻഎഫ്ഐ ക്രാബ് കൗൺസിൽ)

ഞണ്ടുകളുടെ സുസ്ഥിരത ലക്ഷ്യമിട്ട് രൂപീകരിച്ചതാണ് എൻഎഫ്ഐ ക്രാബ് കൗൺസിൽ. അമേരിക്കയിലേയ്ക്ക് നീലഞണ്ടുകളെ ഇറക്കുമതി ചെയ്യുന്നവരെ പ്രതിനിധീകരിക്കുന്നവരാണ് എൻഎഫ്ഐ ക്രാബ് കൗൺസിലിലെ 85 ശതമാനം അംഗങ്ങളും. അമേരിക്കൻ സീഫുഡ് കമ്പനികളുടെ സംഘടനയായ ക്രാബ് കൗൺസിൽ അന്താരാഷ്ട്ര രംഗത്ത് വിജയകരമായി ഞണ്ടുകളെ ലഭ്യമാക്കുന്നതിനും പ്രാദേശികമായ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി നിലകൊള്ളുന്നു. ആഗോളതലത്തിൽ നീലഞണ്ടുകളുടെ കാര്യത്തിൽ നിലവാരം നിശ്ചയിക്കാനും ലഭ്യത കൂടുതൽ ഉറപ്പുവരുത്താനും പരിസ്ഥിതി, സാമ്പത്തികകാര്യങ്ങളിൽ സ്ഥിരത ഉണ്ടാക്കാനുമാണ് കൗൺസിലിന്റെ പരിശ്രമം. ആഗോളതലത്തിൽ അവബോധം ഉണ്ടാക്കുന്നതിനും അംഗങ്ങൾ തമ്മിൽ സമന്വയമുണ്ടാകാനുമാണ് ശ്രമിക്കുന്നത്. 2009-ൽ രൂപം കൊടുത്ത ക്രാബ് കൗൺസിലിൽ കമ്പനി പ്രതിനിധികളായി 17 പേരാണുള്ളത്.

നീലഞണ്ടുകളെ ലഭ്യമാക്കുന്ന രാജ്യങ്ങളിൽ അവയുടെ സുസ്ഥിരതാപരിപാടികൾക്കുവേണ്ടി സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനം വ്യാപകമാക്കുന്നതിനും എൻഎഫ്ഐ ക്രാബ് കൗൺസിൽ പരിശ്രമിക്കുന്നു. 2007-ൽ രൂപം കൊടുത്ത ഇന്തോനേഷ്യൻ അസോസിയേഷൻ ഓഫ് ക്രാബ് പ്രൊഡ്യൂസേഴ്സ് (എപിആർഐ), 2009-ൽ രൂപീകരിച്ച ഫിലിപ്പൈൻ അസോസിയേഷൻ ഓഫ് ക്രാബ് പ്രൊഡ്യൂസേഴ്സ് (പിഎസിപിഐ), 2010-ൽ പ്രവർത്തനം തുടങ്ങിയ വിയറ്റ്നാം അസോസിയേഷൻ ഓഫ് സീഫുഡ് എക്സ്പോർട്ടേഴ്സ് ആൻഡ് പ്രോസസേഴ്സ് (വിഎഎസ്ഇപി ക്രാബ് കൗൺസിൽ), 2012-ൽ തുടക്കമിട്ട തായ് ക്രാബ് പ്രോഡക്ട്ഗ്രൂപ്പ്(ടിസിപിജി),2012-ൽ പ്രവർത്തനം തുടങ്ങിയ ഇന്ത്യൻ ക്രാബ് പ്രോഡക്ട് ഗ്രൂപ്പ് (ഐസിപിജി), 2013 മുതൽ നിലവിലുള്ള സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ശ്രീലങ്ക (എസ്ഇഎഎസ്എൽ) എന്നിവ മത്സ്യമേഖല മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമായുള്ള പദ്ധതികൾ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2017-ൽ നീലഞണ്ടുകൾക്കായുള്ള എഫ്ഐപി പ്രവർത്തനങ്ങൾക്ക് സിഎംപിഎയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ തുടക്കമിട്ടു.

സുസ്ഥിരതാ പദ്ധതികൾക്ക് സാമ്പത്തികസഹായം നല്കുന്നതിനുപുറമെ വളർച്ചയെത്താത്ത ഞണ്ടുകളെ പിടികൂടുന്നത് ഒഴിവാക്കുന്നതിനായി 2011 മുതൽ എട്ട് സെന്റീമീറ്റർ തോട് വലിപ്പമില്ലാത്തവയെ സ്വമേധയാ ഒഴിവാക്കാനായി കൗൺസിൽ തീരുമാനമെടുത്തു. ഉത്പന്നങ്ങളുടെ കാര്യങ്ങൾ നിശ്ചയിക്കുന്നതിനും അതുവഴി സുസ്ഥിരമായ മത്സ്യബന്ധന രീതികൾ വികസിപ്പിക്കുന്നതിനുമാണ് പരിശ്രമിക്കുന്നത്.

ഫിഷറി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

അമേരിക്കയിലെ ക്രാബ് കൗൺസിലിന്റെ നാഷണൽ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് രൂപം നല്കിയ പദ്ധതിയാണ് ഫിഷറി ഇംപ്രൂവ്മെന്റ് പ്രോഗ്രാം. 2013 മുതൽ ഞണ്ട് കയറ്റുമതി ചെയ്യുന്ന എല്ലാ രാജ്യങ്ങളിലും ഈ പദ്ധതി തുടങ്ങി. ആദ്യ വർഷം ഇന്തോനേഷ്യയിലും പിന്നീട് വിയറ്റ്നാം, ഫിലിപ്പൈൻസ്, തായ്ലൻഡ്, ശ്രീലങ്ക എന്നിവിടങ്ങളിലും 2017-ൽ ഇന്ത്യയിലുമാണ് എഫ്ഐപി നടപ്പാക്കിയത്. തമിഴ്നാട്ടിലെ തൂത്തുക്കുടി ജില്ലയിലെ വെള്ളാപ്പട്ടിയിലെ പ്രധാന ഞണ്ട് പിടുത്ത കേന്ദ്രങ്ങളിലും പിന്നീട് ഇന്ത്യയിലെ മറ്റ് കേന്ദ്രങ്ങളിലുമാണ് ഈ പദ്ധതി നടപ്പാക്കിയത്. തുടക്കത്തിൽ തമിഴ്നാട്ടിൽനിന്ന് ലഭിക്കുന്ന ഞണ്ടുകളുടെ കണക്കെടുത്തിരുന്നു. ഡോ. ജി. സഞ്ജീവിരാജിനെ കോർഡിനേറ്ററായും രണ്ട് ഫീൽഡ് ജീവനക്കാരെയും നിയമിച്ചുകൊണ്ട് 2017 ജൂലൈയിലാണ് പദ്ധതിക്ക് തുടക്കിട്ടത്. വെള്ളപ്പട്ടിയിലെ മത്സ്യഗ്രാമത്തിലും രാമനാഥപുരം ജില്ലയിലെ വിവിധ ഗ്രാമങ്ങളിലും ഓരോ ദിവസവും ലഭിക്കുന്ന നീലഞണ്ടുകളുടെ ലഭ്യത കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ദിവസവും ലഭിക്കുന്ന ആകെ ഞണ്ടുകളുടെ തൂക്കം, ഓരോ ലാൻഡിംഗിലും ലഭിക്കുന്ന ഞണ്ടുകളുടെ എണ്ണം, ഇവയുടെ തൂക്കം, ആൺ-പെൺ അനുപാതം എണ്ണത്തിലും അളവിലും, തോടിന്റെ നീളം, മുട്ടയുള്ള ഞണ്ടുകളുടെ വിവരങ്ങൾ, മുട്ടകൾ ഏത് ഘട്ടത്തിലാണ് തുടങ്ങിയവയും രേഖപ്പെടുത്തുന്നുണ്ട്. ആകെ പിടികൂടുന്നതിന്റെ

ബാങ്കോക്കിൽ നടന്ന രണ്ടാമത് എഫ്ഐപി കോർഡിനേറ്റർമാരുടെ യോഗത്തിൽ എൻഎഫ്സിയിൽനിന്നുള്ള ഡോ. അബ്ദുൾ ഗോഫർ, സിഎംപിഎ പ്രസിഡന്റ് കിഷോർ കുമാർ, കോർഡിനേറ്റർ ഡോ. ജി. സഞ്ജീവിരാജ് എന്നിവർ

പരിശീലനപരിപാടിയിൽ പങ്കെടുത്തവർ

ഒന്നോ രണ്ടോ ശതമാനം മാത്രമാണ് മുട്ടയുള്ള ഞണ്ടുകൾ. എഫ്ഐപിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ മനസിലാക്കുന്നതിനായി ഡോ. ജി. സഞ്ജീവിരാജ് ശ്രീലങ്ക സന്ദർശിച്ചിരുന്നു. 2017 ജൂലൈയിൽ ശ്രീലങ്കയിലെ ക്രാബ് എക്സ്പോർട്ട് കൗൺസിൽ കോർഡിനേറ്റർ ഡോ. സ്റ്റീവ് ക്രെഷിൽനിന്നും വിശദമായി കാര്യങ്ങൾ മനസിലാക്കി. പ്രസിഡന്റ് ശ്രീ. കിഷോർ കുമാറും ഡോ. സഞ്ജീവ് രാജും 2017-ൽ സെപ്റ്റംബറിൽ ബാങ്കോക്കിൽ നടന്ന എഫ്ഐപി സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. എൻഎഫ്ഐ - സിസി, ഡബ്ല്യൂഡബ്ല്യൂഎഫ് - യുഎസ്എ പ്രതിനിധികൾ, വിവിധ ഏഷ്യൻ രാജ്യങ്ങളിലെ കോർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു. എൻഎഫ്ഐ - സിസിയുടെ എഫ്ഐപി ഇൻചാർജ് ഡോ. അബ്ദുൾ ഗഫാർ അധ്യക്ഷത വഹിച്ചു.

എഫ്ഐപിയെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആസ്ഥാനത്ത് ചേർന്ന യോഗത്തിൽ മൊളുസ്കൻ ഫിഷറീസ് ഡിവിഷനിലെ ഡോ. സുനിൽ മുഹമ്മദ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജോസിലീൻ ജോസ്, ഡബ്ല്യൂഡബ്ല്യൂഎഫ് - ഇന്ത്യയുടെ ഡോ. വിനോദ് മലയിലേത്ത്, എംഎസ്സി ഇൻചാർജ് ഇന്ത്യ ഡോ. രഞ്ജിത് സുശീലൻ, പ്രസിഡന്റ് ശ്രീ. കിഷോർ കുമാർ, കോർഡിനേറ്റർ ഡോ. സഞ്ജീവിരാജ്, സിഎംപിഎ അംഗങ്ങളായ ഡോ. അജിത കുമാർ, ശ്രീ. മയിൽ വാഹനൻ, ഡോ. ജയിംസ് ഡേവിഡ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. സിഎംഎഫ്ആർഐയുടെ മണ്ഡപം മേഖലാ കേന്ദ്രത്തിൽ 2018 ജനുവരി ആറിന് പങ്കാളികളുടെ യോഗം ചേരാൻ തീരുമാനിച്ചു.

പ്രകൃതിയിൽനിന്നും നീലഞണ്ടുകളെ പിടിക്കുന്നതിനും പ്രായപൂർത്തിയാകാത്ത ഞണ്ടുകളെ ഒഴിവാക്കുന്നതിനുമുള്ള മികച്ച മാനേജ്മെന്റ് രീതികൾ (ബിഎംപി) രൂപപ്പെടുത്തുന്നതിനും സിഎംഎഫ്ആർഐ ആസ്ഥാനത്ത് ചേർന്ന ആദ്യ യോഗം തീരുമാനിച്ചു. ഇവയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അതുവഴി ഉത്പാദനക്ഷമതയും ഞണ്ടുകളുടെ ലഭ്യതയും ഉറപ്പാക്കുന്നതിനുമുള്ള കാര്യങ്ങളാണ് ചർച്ച ചെയ്തത്. മുട്ടകൾ വഹിക്കുന്ന ഞണ്ടുകളെ അവയ്ക്ക് ഹാനി വരാത്ത രീതിയിൽ വലയിൽനിന്ന് ഒഴിവാക്കാനുള്ള കാര്യങ്ങളും ചർച്ച ചെയ്തു. ബ്രീഡിംഗ്, നഴ്സറി എന്നിവയെക്കുറിച്ച് പഠിക്കണമെന്നും അവ സംരക്ഷിക്കുന്നതിനായി സംസ്ഥാന മത്സ്യവകുപ്പ്, റവന്യൂ അധികാരികൾ, പ്രാദേശിക മീൻപിടുത്തക്കാർ എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിക്കണമെന്നും ഫോറം നിർദ്ദേശിച്ചു.

13 സിഎംപിഎ അംഗങ്ങൾ, സിഎംഎഫ്ആർഐയിൽനിന്നുള്ള നാല് ശാസ്ത്രജ്ഞർ, ഡബ്ല്യൂഡബ്ല്യൂഎഫ് - ഇന്ത്യ പ്രതിനിധികൾ, എംഎസ്സി - ഇന്ത്യ പ്രതിനിധി, തമിഴ്നാട് ഫിഷറീസ് യൂണിവേഴ്സിറ്റി ഫാക്കൽറ്റി അംഗം, തമിഴ്നാട് സംസ്ഥാന ഫിഷറീസ് വകുപ്പിൽനിന്നുള്ള പ്രതിനിധികൾ, മണ്ഡപം, പാമ്പൻ, ദേവിപട്ടണം, കാരങ്ങാട്, തൊണ്ടി മേഖലകളിൽനിന്നുള്ള പതിനേഴ് മുക്കുവ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഫിഷറി മാനേജ്മെന്റ് പ്ലാനിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മാർച്ച് 26-ന് യോഗം ചേരാൻ തീരുമാനിച്ചു.

സിഎംഎഫ്ആർഐയുടെ മണ്ഡപം പ്രാദേശിക കേന്ദ്രത്തിൽ നടത്തിയ യോഗത്തിൽനിന്ന്

നിഗമനം

എംഎസ്സി തീരുമാനിച്ചതനുസരിച്ച് നീലഞണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നത് മികച്ച രീതിയിൽ പുരോഗമിക്കുന്നുണ്ട്. ഞണ്ടുകളുടെ സുസ്ഥിരത, പ്രത്യുത്പാദനത്തിനുള്ള സാധ്യത, ഞണ്ടുകളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് പരിസ്ഥിതിയെ ബാധിക്കുന്നതെങ്ങനെ തുടങ്ങിയ കാര്യങ്ങളാണ് രേഖപ്പെടുത്തുന്നത്.

പങ്കാളികളായവർക്കും വ്യവസായരംഗത്തുള്ളവർക്കും ഇന്ത്യയുടെ ദേശീയ സമ്പദ് രംഗത്തിനും ഈ പഠനം ഗുണകരമായിരിക്കും.

കടലിലെ സുരക്ഷയെക്കുറിച്ച് മണ്ഡപത്ത് ബോധവത്കരണം

നെറ്റ്ഫിഷ് എസ്സിഒ ഡോ. വിനോദ് എസ്. രവീന്ദ്രൻ കടലിലെ സുരക്ഷയെക്കുറിച്ച് മണ്ഡപത്ത് നടത്തിയ ബോധവത്കരണ ക്ലാസിൽ സംസാരിക്കുന്നു

നെറ്റ്ഫിഷ്, എംഎസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എംഎസ്എസ്ആർഎഫ്), ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവ സംയുക്തമായി കടലിലെ സുരക്ഷയെക്കുറിച്ച് 2018 ജനുവരി 19-ന് ബോധവത്കരണം നടത്തി. സാമൂഹിക ഇടപെടലിന്റെ ഭാഗമായി നടത്തിയ പരിപാടിയിൽ 102 മുക്കുവർ പങ്കെടുത്തു. മണ്ഡപത്തെ ഇന്ത്യൻ കോസ്റ്റ് ഗാർഡ് സ്റ്റേഷനിലെ കമാൻഡന്റ് (ജെജി) ശ്രീ. ശങ്കർ രാജു, 7 എസിവി സ്കാഡ്രൺ കമാൻഡന്റ് (ജെജി) ശ്രീ. വി. വിജയ്, ഡപ്യൂട്ടി കമാൻഡന്റ് കുമാരി ഷിറിൻ ചന്ദ്രൻ, സർജൻ ലെഫ്റ്റനന്റ് ഡോ. ദിവ്യ ഭാരതി, തമിഴ്നാട് ഫിഷറീസ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ശ്രീ. ഐസക് ജയകുമാർ, നെറ്റ്ഫിഷ് എസ്സിഒ ഡോ. വിനോദ് എസ്. രവീന്ദ്രൻ, എംഎസ്എസ്ആർഎഫ് പ്രോജക്ട് അസോസിയേറ്റ് ശ്രീ. കെവി കുമാർ, ടെക്നിക്കൽ അസോസിയേറ്റ് ശ്രീ. സലാം, മണ്ഡപം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ഗോപിനാഥ്, മണ്ഡപം ഫിഷറീസ് ഇൻസ്പെക്ടർ ശ്രീ. സാദിക്ക്, മണ്ഡപം കോസ്റ്റൽ സെക്യൂരിറ്റി ഗ്രൂപ്പിലെ സബ് ഇൻസ്പെക്ടർ ശ്രീ. രാജ്കുമാർ, ഫിഷർമാൻ അസോസിയേഷൻ ലീഡർ ശ്രീ. തങ്കവേലു എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

കടലിലെ വിപത്തുകളെക്കുറിച്ചുള്ള മുന്നറിയിപ്പുകളെക്കുറിച്ചും തീരസംരക്ഷണസേനയുടെ സഹായം തേടേണ്ടതിനെക്കുറിച്ചും തീരസംരക്ഷണസേനാ ഉദ്യോഗസ്ഥർ വിശദീകരിച്ചു. മീൻപിടുത്ത ബോട്ടുകളിൽ ഓട്ടോമേറ്റഡ് ഇൻഫർമേഷൻ സിസ്റ്റം (എഐഎസ്) വേണ്ടതിന്റെ ആവശ്യകതയെക്കുറി

> കടലിലെ വിപത്തുകളെക്കുറിച്ചുള്ള മുന്നറിയിപ്പുകളെക്കുറിച്ചും തീരസംരക്ഷണസേനയുടെ സഹായം തേടേണ്ടതിനെക്കുറിച്ചും ഉദ്യോഗസ്ഥർ വിശദീകരിച്ചു. ബോട്ടുകളിൽ ഓട്ടോമേറ്റഡ് ഇൻഫർമേഷൻ സിസ്റ്റം (എഐഎസ്) വേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഉദ്യോഗസ്ഥർ വിശദമാക്കി

ഫോക്കസ് ഏരിയ

ബോധവത്കരണ ക്ലാസിൽനിന്നുള്ള ദൃശ്യം

ച്ചും ചൈനീസ് വിഎച്ച്എഫ് സെറ്റ് ഉപയോഗിക്കുമ്പോഴുള്ള പ്രശ്നങ്ങളെക്കുറിച്ചും ഉദ്യോഗസ്ഥർ വിശദമാക്കി. കടൽ സുരക്ഷയ്ക്കായി ഉപകരണങ്ങളും സുരക്ഷാ നടപടികളും വേണം.

ഈ ഉപകരണങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കേണ്ടത് എങ്ങനെ എന്നതിനെക്കുറിച്ച് സോദാഹരണം വിശദീകരിച്ചു. കടൽതീരങ്ങളും ഹാർബറുകളും ശുചിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിക്കുകയും വിവിധ കടൽ ജീവികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണം നടത്തുകയും ചെയ്തു. മത്സ്യസ്രോതസുകളെ തന്നെ നശിപ്പിക്കുന്ന രീതിയിലുള്ള മീൻപിടുത്ത രീതികളെക്കുറിച്ച് ഡോ. വിനോദ് എസ്. രവീന്ദ്രൻ വ്യക്തമാക്കി.

ബോട്ടം ട്രോളിംഗ് പോലെയുള്ള കാര്യങ്ങൾ എങ്ങനെയാണ് അടിത്തട്ടിലെ വംശനാശം നേരിടുന്ന കടൽ സസ്യങ്ങളെയും മറ്റ് ജീവികളെയും ഇല്ലാതാക്കുന്നതെന്ന് വ്യക്തമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം. ഇന്ത്യയിലെ എല്ലാ തീരങ്ങളിലുമുള്ള മുക്കുവ സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉപയോഗിക്കാവുന്ന ഫിഷർ ഫ്രണ്ട് മൊബൈൽ ആപ്ലിക്കേഷനെക്കുറിച്ച് (എഫ്എഫ്എംഎ) എംഎസ്എസ്ആർഎഫിലെ ശ്രീ. കെവി കുമാർ, ശ്രീ. സലാം എന്നിവർ യോഗത്തിൽ വിശദമാക്കി. മണ്ഡപം സ്റ്റേഷനിലെ മെഡിക്കൽ ടീമിന്റെ നേതൃത്വത്തിൽ അടിയന്തര ഘട്ടത്തിൽ ജീവൻ രക്ഷിക്കുന്നതിനുള്ള കാർഡിയോ പൾമണറി റിസസിറ്റേഷൻ (സിപിആർ) രീതിയെക്കുറിച്ച് പരിശീലനം നല്കി. ഈ രീതി വ്യക്തമാക്കുന്നതിനായി സിപിആറിനെക്കുറിച്ചുള്ള വീഡിയോയും പ്രദർശിപ്പിച്ചു. മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ സിപിആർ രീതികൾ ചെയ്തുനോക്കാനുള്ള അവസരവും ഒരുക്കിയിരുന്നു.

കടൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ചുകാണിക്കുന്നു

കടലിൽ പോകുന്നതിനു മുമ്പും കടലിൽ ആയിരിക്കുമ്പോഴും തിരികെ എത്തുമ്പോഴും കൈയിൽ കരുതേണ്ട കാര്യങ്ങൾ വിശദീകരിക്കുന്ന ലഘുലേഖകൾ യോഗത്തിൽ വിതരണം ചെയ്തു.

ഫോക്കസ് ഏരിയ

കടലിലെ പ്ലാസ്റ്റിക് നീക്കുന്നതിന്
'ശുചിത്വസാഗരം' പദ്ധതിക്ക് തുടക്കമായി

ജോയ്സ് വി. തോമസ്, എൻ. ആർ. സംഗീത, വി. വി. അഫ്സൽ
നെറ്റ്ഫിഷ് – എംപിഇഡിഎ

കേരളത്തിലെ ശക്തികുളങ്ങര, നീണ്ടകര ഹാർബറുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിനായി എംപിഇഡിഎയുടെ ഭാഗമായ നെറ്റ്ഫിഷ് കൊല്ലം ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷനുമായി ചേർന്ന് ശുചിത്വസാഗരം എന്ന പേരിൽ പുതിയ പദ്ധതിക്ക് തുടക്കമിട്ടു. പുഴകളിൽനിന്നുള്ള ഒഴുക്കുമൂലവും വലിച്ചെറിയുന്നതുമൂലവും ഒട്ടേറെ പ്ലാസ്റ്റിക് മാലിന്യങ്ങൾകടലിൽനിറയുന്നുവെന്നത് കണ്ടെത്തിയതിനെത്തുടർന്നാണ് ഈ ഉദ്യമം. കടലിൽ പ്ലാസ്റ്റിക് നിറയുന്നതിനെതിരെ നെറ്റ്ഫിഷ് മീൻപിടുത്തക്കാർക്കിടയിൽ പ്രചാരണം നടത്തിവരികയായിരുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി നെറ്റ്ഫിഷ് തയാറാക്കിയ മാതൃകാ ബാഗ് സംസ്ഥാന ഫിഷറീസ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ സമ്മേളനത്തിൽ അവതരിപ്പിക്കുന്നു

കടലിന്റെ അടിത്തട്ടിൽ അൻപത് മീറ്റർ ആഴത്തിൽ വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും മീൻവലകളിലും ബോട്ടുകളുടെ പ്രൊപ്പല്ലറുകളിലും പ്ലാസ്റ്റിക് കുരുങ്ങുന്നത് തലവേദനയാണെന്നും മനസിലാക്കിയാണ് ഈ നടപടി. പൈലറ്റ് പദ്ധതിയെന്ന നിലയ്ക്കാണ് കൊല്ലത്തെ ബോട്ട് ഉടമകളുമായി ചേർന്ന് കടലിലെ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിനും നീണ്ടകരയിലെ ഫിഷിംഗ് ഹാർബറിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും തീരുമാനിച്ചത്.

ഈ പദ്ധതിയുടെ പ്രാധാന്യം മനസിലാക്കിയാണ് കേരളത്തിലെ ഫിഷറീസ് വകുപ്പും ഹാർബർ എൻജിനീയറിംഗ് വകുപ്പും ശുചിത്വ മിഷനും ക്ലീൻ കേരള കമ്പനിയും എസ്എഫും ചേർന്ന് രാജ്യത്തുതന്നെ ആദ്യമായി ഇത്തരമൊരു പരിശ്രമത്തിന് തുടക്കമിട്ടത്.

തുടക്കം

അടിത്തട്ടിൽ ട്രോളിംഗ് നടത്തുന്ന മീൻപിടുത്തക്കാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് കടലിലെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവിനെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ നെറ്റ് ഫിഷ് തയാറാക്കി. ഈ പദ്ധതിയുടെ വിശദാംശങ്ങൾ കേരള ശുചിത്വമിഷനുമായി ചർച്ച ചെയ്ത് ശക്തികുളങ്ങര ഫിഷിംഗ് ഹാർബറിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായം ഉറപ്പാക്കി. 2017 ജൂലൈ 22-ന് ബോട്ട് ഓപ്പറേറ്റേഴ്സിന്റെ നാൽപ്പത്തിമൂന്നാമത് വാർഷികപൊതുയോഗത്തിൽ ശുചിത്വസാഗരം പദ്ധതി അവതരിപ്പിച്ചു. സംസ്ഥാന ഫിഷറീസ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ മുഖ്യാതിഥിയായിരുന്നു.

ഫിഷിംഗ് ബോട്ടുകൾ നെറ്റ് ഫിഷ് തയാറാക്കിയ ബാഗുകളിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം സ്വീകരിച്ചുകൊണ്ട് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ പദ്ധതി ഉദ്ഘാടനം ചെയ്യുന്നു

പ്ലാസ്റ്റിക്മാലിന്യങ്ങൾശേഖരിക്കുന്നതിനായിനെറ്റ്ഫിഷ് തയാറാക്കിയ മാതൃകാ ബാഗ് സമ്മേളനത്തിൽ അവതരിപ്പിച്ചു. മന്ത്രിയുമായി ചർച്ച ചെയ്ത് മറ്റ് സർക്കാർ വകുപ്പുകളും പദ്ധതിയോട് സഹകരിക്കുന്നതിന് തീരുമാനമായി. 2017 ഓഗസ്റ്റ് അഞ്ചിന് ഫിഷിംഗ് ബോട്ടുകൾ പ്ലാസ്റ്റിക് മാലിന്യം നെറ്റ് ഫിഷ് തയാറാക്കിയ ബാഗുകളിൽ ശേഖരിച്ചത് സ്വീകരിച്ചുകൊണ്ട് മന്ത്രി പദ്ധതി ഉദ്ഘാടനം ചെയ്തു.നീണ്ടകര

ഫോക്കസ് ഏരിയ

ഹാർബറിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഹാർബർ എൻജിനീയറിംഗ് വകുപ്പ് ലഭ്യമാക്കി. ശേഖരിക്കുന്ന പ്ലാസ്റ്റിക് വേർതിരിക്കുന്നതിനും റീസൈക്കിൾ ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ ഏറ്റെടുത്തു. ഈ പദ്ധതിക്കുവേണ്ടി വിവിധ വകുപ്പുകളിൽനിന്നുള്ള സാമ്പത്തികസഹായം ലഭ്യമാക്കി. നീണ്ടകര ഫിഷറീസ് ഹാർബറിൽ 2017 നവംബർ 20-ന് ഷ്രഡിംഗ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

നം.	വകുപ്പ് ഏജൻസികൾ	ശുചിത്വസാഗരം പദ്ധതിയിലെ പങ്ക്
1.	ശുചിത്വ മിഷൻ, കേരള	നീണ്ടകര ഫിഷറീസ് ഹാർബറിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാമ്പത്തികസഹായവും എസ്എഎഫ് അംഗങ്ങൾക്കുള്ള പരിശീലനവും
2.	ക്ലീൻ കേരള കമ്പനി	ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചതിനുശേഷമുള്ള സാങ്കേതിക സഹായം
3.	ഹാർബർ എൻജിനീയർ വകുപ്പ്	നീണ്ടകരയിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലവും ഇലക്ട്രിക്കൽ കണക്ഷനും ലഭ്യമാക്കി
4.	സൊസൈറ്റി ഫോർ അസിസ്റ്റൻസ് (എസ്എഎഫ്), ഫിഷറീസ് വകുപ്പ്	ഷ്രഡിംഗ് യൂണിറ്റ് നടത്തുന്നതിനുള്ള മനുഷ്യവിഭവശേഷി, ജോലിക്കാർക്കുള്ള ശമ്പളം, വൈദ്യുതി ചെലവ് എന്നിവ വഹിക്കും
5.	കൊല്ലം ജില്ലയിലെ ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ	1. പദ്ധതിയുടെ നിരീക്ഷണവും നടത്തിപ്പും 2. കടലിൽനിന്ന് പ്ലാസ്റ്റിക് ശേഖരിക്കുന്നതും എത്തിക്കുന്നതും 3. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ മനുഷ്യവിഭവശേഷി ലഭ്യമാക്കുക
6.	നെറ്റ്ഫിഷ് - എംപിഇഡിഎ	പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനുള്ള പരിസ്ഥിതി സൗഹാർദ്ദ ബാഗുകൾ ലഭ്യമാക്കുക, അവബോധം സൃഷ്ടിക്കുക

പദ്ധതിയിൽ സഹകരിക്കുന്നവർ

നെറ്റ്ഫിഷും കൊല്ലത്തെ ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷനും ചേർന്ന് തുടക്കമിട്ട പദ്ധതിയിൽ താഴെപ്പറയുന്ന വിവിധ വകുപ്പുകൾ പങ്കാളികളായി. വിവിധ വകുപ്പുകളും അവരുടെ പങ്കാളിത്ത പ്രവർത്തനവും പട്ടികയിൽ ചേർത്തിരിക്കുന്നു.

പദ്ധതിയുടെ നടത്തിപ്പ്

ഫിഷറീസ് വകുപ്പ് എസ്എഎഫിലെ 30 വനിതാ ജീവനക്കാരെയാണ് പദ്ധതിയുടെ നടത്തിപ്പിനായി നിയോഗിച്ചത്. പ്ലാസ്റ്റിക് മാലിന്യം നിറച്ച ബാഗുകൾ ബോട്ടുകളിൽനിന്ന് ശേഖരിക്കുക, തരംതിരിക്കുക, കഴുകുക, ഉണക്കുക, മുറിച്ച് ചെറിയ കഷണങ്ങളാക്കുക തുടങ്ങിയവ അവരുടെ ചുമതലയാണ്. ഹാർബറിലെ വിവിധ ഭാഗങ്ങളിൽനിന്നുമായി ശേഖരിക്കുന്ന ബാഗുകൾ ഹാർബറിൽ എത്തിക്കുന്നു. കൂടാതെ, മറ്റ് തീരപ്രദേശ പഞ്ചായത്തുകളും ഈ പദ്ധതിക്ക് പ്ലാസ്റ്റിക് മാലിന്യം ലഭ്യമാക്കുന്നതിന് സഹകരിക്കും. ഇതോടെ ഷ്രഡിംഗ് മെഷീൻ പൂർണ്ണശേഷിയിൽ പ്രവർത്തിപ്പിക്കാനാവും. ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിന്റെ ചുമതല കോർഡിനേറ്റർക്കായിരിക്കും. പ്ലാസ്റ്റിക് കൈകാര്യം ചെയ്യുന്നതിനും മുറിച്ചെടുക്കുന്നതിനും ഫിഷറീസ് വകുപ്പും ക്ലീൻ

നം.	ഇനം	ഉദ്ദേശ്യം
1.	പ്രതിദിനം ഒരു ടൺ ശേഷിയുള്ള ഷ്രഡിംഗ് മെഷീൻ	പ്ലാസ്റ്റിക് മാലിന്യം ചെറുതായി മുറിച്ചെടുക്കുന്നതിന്
2.	ഷാർപ്പനിംഗ് മെഷീൻ	ഷ്രഡിംഗ് മെഷീന്റെ ബ്ലേഡുകൾ മൂർച്ചകൂട്ടുന്നതിന്
3.	ഹൈഡ്രോളിക് ബെയ്‌ലിംഗ് മെഷീൻ	ശേഖരിച്ച പ്ലാസ്റ്റിക് ബോട്ടിലുകൾ പ്രത്യേകമായി സൂക്ഷിക്കുന്നതിന്. ഇത് റീസൈക്ലിംഗിനായി മറ്റുള്ളവർക്ക് നല്കും

1. ബാഗുകളിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം ബോട്ടുകളിൽനിന്നും സ്വീകരിക്കുന്നു 2. മാലിന്യം നിറച്ച ബാഗുകൾ ട്രോളികളിലാക്കി തരംതിരിക്കുന്ന സ്ഥലത്തേക്ക് മാറ്റുന്നു 3. മാലിന്യം തരംതിരിക്കുന്നു 4. പ്ലാസ്റ്റിക് മാലിന്യം കഴുകുന്നു 5. വൃത്തിയാക്കിശേഷം ഉണക്കിയ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിലേക്ക് മാറ്റുന്നു 6. ഷ്രഡിംഗ് മെഷീനിലേക്ക് പ്ലാസ്റ്റിക് മാലിന്യം നിറയ്ക്കുന്നു 7. അരിഞ്ഞെടുത്ത പ്ലാസ്റ്റിക് മാലിന്യം 8. പിന്നീടുള്ള ഉപയോഗത്തിനായി പ്ലാസ്റ്റിക് മാലിന്യം ചാക്കുകളിൽ ശേഖരിച്ചിരിക്കുന്നു

കേരള മിഷനും ആവശ്യമായ പരിശീലനം ലഭ്യമാക്കിയിരുന്നു.

മത്സ്യബന്ധനത്തിനിടയിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനായി ഓരോ ബോട്ടിനും രണ്ട് വീതം ആകെ രണ്ടായിരം പരിസ്ഥിതി സൗഹൃദ ചാക്കുകൾ നെറ്റ്ഫിഷ് നല്കിയിരുന്നു. ശക്തികുളങ്ങര ഹാർബറിൽ നാൽപ്പത് മുതൽ അൻപത് കിലോ ഭാരമുള്ള മുപ്പത് മുതൽ നാല്പ്പത് വരെ ചാക്കുകളാണ് കടലിൽനിന്നുള്ള പ്ലാസ്റ്റിക്കുമായി എത്തുന്നത്. ഈ പദ്ധതിക്കായി ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങളുടെ വിവരങ്ങൾ ഇതോടൊപ്പം പട്ടികയിൽ ചേർത്തിരിക്കുന്നു. മുറിച്ചെടുത്ത പ്ലാസ്റ്റിക് റോഡുനിർമ്മാണത്തിനാണ് ഉപയോഗിക്കുക. ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്ന റോഡ് നിർമ്മാണത്തിനായിരിക്കും ഇവ തുടക്കത്തിൽ ഉപയോഗിക്കുക.

ഭാവി വികസന പരിപാടി

മാലിന്യസംസ്കരണ പ്ലാന്റ്, കഴുകുന്നതിനും ഉണക്കുന്നതിനുമുള്ള യന്ത്രങ്ങൾ, കുഴൽക്കിണർ, ഓവർഹെഡ് ടാങ്ക്, സംപ്, പ്ലാസ്റ്റിക് അല്ലാത്ത വസ്തുക്കൾ കത്തിക്കുന്നതിനുള്ള ഡൈജസ്റ്റർ എന്നിവ സ്ഥാപിച്ച് പദ്ധതി സുഗമമായി മുന്നോട്ട്കൊണ്ടുപോകാനാണ് ലക്ഷ്യമിടുന്നത്. മറ്റ് തീരദേശ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാനും ഷ്രഡിംഗ് യന്ത്രത്തിന്റെ ശേഷി ഉപയോഗിക്കുന്നതിന് കൂടുതൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആദ്യപടി എന്ന നിലയിൽ മറ്റ് പ്രദേശങ്ങളിലും പരിശീലന പരിപാടി സംഘടിപ്പിച്ചു. അടുത്തുള്ള തീരദേശ പഞ്ചായത്തുകളിൽനിന്ന് ഈ യൂണിറ്റിനായി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കും. കടലിലെ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിനായി സ്ഥാപിച്ച ആദ്യ പദ്ധതി എന്ന നിലയിൽ വലിയ വിജയമാണിത്.

നീണ്ടകര ഹാർബറിലെ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം സംസ്ഥാന ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നിർവ്വഹിക്കുന്നു

ഫോക്കസ് ഏരിയ

കയറ്റുമതിക്ക് കുതിപ്പ് നല്കാൻ ഭുവനേശ്വറിൽ എംപിഇഡിഎയുടെ നവീകരിച്ച ഗുണമേന്മ പരിശോധനാ ലാബറട്ടറി

എംപിഇഡിഎ അംഗവും പാർലമെന്റ് അംഗവുമായ ശ്രീ. കലികേഷ് നാരായൺ സിംഗ് ഡിയോ ഭുവനേശ്വറിലെ നവീകരിച്ച ക്വാളിറ്റി കൺട്രോൾ ലാബ് സമർപ്പണം ഉദ്ഘാടനം ചെയ്യുന്നു. എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് സമീപം

കുറെയേറെ പ്രശ്നങ്ങളെ നേരിടുമ്പോഴും ഒഡീഷയിൽനിന്നുള്ള കടൽവിഭവങ്ങളുടെ കയറ്റുമതി തുടർച്ചയായി വർദ്ധന രേഖപ്പെടുത്തുകയാണ്. 2011-ൽ വനാമി ഇനം ചെമ്മീനുകളുടെ കൃഷി ആരംഭിച്ചതാണ് ഒഡീഷയിൽനിന്ന് കയറ്റുമതി വർദ്ധിക്കുന്നതിനുള്ള കാരണം.

ആന്റിബയോട്ടിക് രഹിതവും ഗുണമേന്മയുമുള്ള ചെമ്മീനുകളുടെ ഉത്പാദനത്തിനായുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് എംപിഇഡിഎ ഭുവനേശ്വറിലെ ക്വാളിറ്റി കൺട്രോൾ ലാബ് നവീകരിക്കാൻ നടപടിയെടുത്തത്. കൂടുതൽ മാസ് സ്പെക്ട്രോസ്കോപ്പി സൗകര്യവും ലിക്വിഡ് ക്രോമറ്റോഗ്രഫി (എൽസി/എംഎസ്/എംഎസ്) മെഷീനുകളും സ്ഥാപിച്ചാണ് ലാബ് നവീകരിച്ചത്. എൻഎബിഎൽ അക്രെഡിറ്റേഷനും ഇഐസി അംഗീകാരവുമുള്ള ലാബിൽ വാണിജ്യ സാംപിളുകളുടെ സിഎപി, എൻഎഫ് പരിശോധനകൾ നടത്താനുള്ള സൗകര്യവും ലഭ്യമാക്കി.

2018 ഫെബ്രുവരി 19-ന് സംഘടിപ്പിച്ച ബയർ-സെല്ലർ മീറ്റിനോട് അനുബന്ധിച്ചായിരുന്നു ഭുവനേശ്വറിലെ നവീകരിച്ച ലാബിന്റെ സമർപ്പണം. കയറ്റുമതിക്കാരും കർഷകരും അക്വാ സൊസൈറ്റ് അംഗങ്ങളും ഹാച്ചറി നടത്തിപ്പുകാരും വിവിധ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു. സംസ്ഥാനത്തുനിന്ന് കയറ്റിയയ്ക്കുന്ന കടൽവിഭവങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയ്ക്കുള്ള വേദിയായിരുന്നു ഇത്.

എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് നവീകരിച്ച ലാബ് നാടിനായി സമർപ്പിച്ചു. ആറ് ബില്യൺ ഡോളർ വിലമതിക്കുന്ന കടൽവിഭവങ്ങളുടെ കയറ്റുമതി എന്ന ലക്ഷ്യം നേടാൻ ഇതാദ്യമായി രാജ്യം തയാറെടുക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കർഷകരും കയറ്റുമതിക്കാരും ഗുണമേന്മയിൽ ഏറെ ശ്രദ്ധിച്ചതുകൊണ്ടാണ് ഇത് സാധ്യമായത്. ആന്റിബയോട്ടിക് അവക്ഷിപ്തങ്ങൾ കണ്ടെത്തുന്നതിനായി ഏറ്റവും പുതിയ പരിശോധനാ സൗകര്യങ്ങളുള്ള ലാബ് വേണമെന്ന് ഏറെ നാളായി ആവശ്യമുയർന്നിരുന്നു. ഇത്തരത്തിലുള്ള ഇന്ത്യയിലെ അഞ്ചാമത്തെ ലാബാണിത്. സാംപിളുകളിലെ ക്ലോറാംഫിനിക്കോൾ, നൈട്രോഫുറാൻ എന്നിവയ്ക്കു പുറമേയുള്ള വസ്തുക്കളും കണ്ടെത്താൻ കഴി

ബയർ-സെല്ലർ മീറ്റിൽ പങ്കെടുക്കുന്നവർ

> ആന്റിബയോട്ടിക് രഹിതവും ഗുണമേന്മയുമുള്ള ചെമ്മീനുകളുടെ ഉത്പാദനത്തിനായുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് എംപിഇഡിഎ ഭുവനേശ്വറിലെ ക്വാളിറ്റി കൺട്രോൾ ലാബ് നവീകരിക്കാൻ നടപടിയെടുത്തത്. എൽസി/എംഎസ്/എംഎസ് മെഷീനുകൾ സ്ഥാപിച്ചാണ് ലാബ് നവീകരിച്ചത്

യുമെന്നതിനാൽ അവക്ഷിപ്തങ്ങളില്ലാത്ത ഉത്പന്നങ്ങൾ സംസ്കരണത്തിനും കയറ്റുമതിക്കുമായി ലഭ്യമാക്കാൻ സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഒഡീഷയിലെ കടൽവിഭവ കയറ്റുമതിക്കാരുടെ ദീർഘകാലമായുള്ള ആവശ്യമാണ് നവീകരിച്ച ലാബിലൂടെ പൂർത്തിയായിരിക്കുന്നതെന്ന് ഒഡീഷയിലെ കാർഷികോത്പാദന കമ്മീഷണർ ശ്രീ. ഗഗൻകുമാർ ധാൽ ഐഎഎസ് പറഞ്ഞു.

കയറ്റുമതിക്കാർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഗുണമേന്മാ ലാബറട്ടറി സജ്ജമാക്കിയ എംപിഇഡിഎയെ ഒഡീഷ എംഎസ്എംഇ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എൽ. എൻ. ഗുപ്ത ഐഎഎസ് നന്ദി അറിയിച്ചു. 2016-17 കാലത്ത് കയറ്റുമതി രംഗത്ത് ഒഡീഷ ഇരുപത് മടങ്ങ് വർദ്ധനയാണ് രേഖപ്പെടുത്തിയത്. മികച്ച നേട്ടത്തിനുള്ള കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പിന്റെ അംഗീകാരം നേടാനും സാധിച്ചു. കയറ്റുമതി നയങ്ങൾ സംസ്ഥാനത്തുനിന്നുള്ള ആകമാന കയറ്റുമതി ഒരു ലക്ഷം കോടി രൂപയുടേതായി വർദ്ധിക്കാൻ സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ഗുണമേന്മയുള്ള ഉത്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഇത്തരം ലോകോത്തര ലാബ് ആവശ്യമാണെന്ന് എംപിഇഡിഎ അംഗവും പാർലമെന്റ് അംഗവുമായ ശ്രീ. കലികേഷ് നാരായൺ സിംഗ് ഡിയോ പറഞ്ഞു. അതോറിറ്റി അംഗം ശ്രീ. ബി. കെ. സാഹൂ, സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ പ്രസിഡന്റ് ശ്രീ. വി. പത്മനാഭൻ, ദേശീയ വൈസ് പ്രസിഡന്റ് ശ്രീ. താര രഞ്ജൻ പട്നായിക്, ഒഡീഷ റീജിയൻ പ്രസിഡന്റ് ഡോ. കമലേഷ് മിശ്ര, ഒഡീഷ ഫിഷറീസ് വകുപ്പ് സെക്രട്ടറിയെ പ്രതിനിധീ

എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് ഭുവനേശ്വരിലെ നവീകരിച്ച ക്വാളിറ്റി കൺട്രോൾ ലാബ് നാടിനായി സമർപ്പിക്കുന്നു

കരിച്ച് ജോയിന്റ് ഡയറക്ടർ പ്രതാപ് രഞ്ജൻ റൗട്ട്, ഭുവനേശ്വർ സിഫ ഡയറക്ടർ ഡോ. ജെ. കെ. സുന്ദരായ്, ഒഡീഷ എക്സ്പോർട്ട് പ്രമോഷൻ ആൻഡ് മാർക്കറ്റിംഗ് ഒഎഎസ് ഡയറക്ടർ ശ്രീ. എസ്. കെ. ജെന, എംപിഇഡിഎ സെക്രട്ടറി ശ്രീ. ബി. ശ്രീകുമാർ, ജോയിന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ഡോ. എം. കെ. റാംമോഹൻ, എംപിഇഡിഎ ഡപ്യൂട്ടി ഡയറക്ടർ (എംപി) ശ്രീ. കെ. വി. പ്രേംദേവ്, കാക്കിനട നാക്സ സിഇഒ ശ്രീ. കെ. ഷൺമുഖ റാവു, ഭുവനേശ്വർ ഇഐഎ അസിസ്റ്റന്റ് ഡയറക്ടർ കുമാരി കെ. മിശ്ര തുടങ്ങിയവർ നായപ്പള്ളി ഉത്കൽ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഹാളിൽ നടന്ന ചടങ്ങിൽ പങ്കെടുത്തു.

ഭുവനേശ്വർ റീജണൽ ഡിവിഷൻ, സബ് റീജണൽ ഡിവിഷൻ, ബാലേശ്വരിലെ സബ് റീജണൽ ഡിവിഷൻ എന്നിവിടങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥർ, കയറ്റുമതിക്കാർ, പ്രമുഖ മത്സ്യകർഷകർ, തീരപ്രദേശ ജില്ലകളിൽനിന്നുള്ള അക്വാ ഫാർമേഴ്സ് വെൽഫെയർ സൊസൈറ്റികളിൽനിന്നുള്ള കർഷകപ്രതിനിധികൾ, ഹാച്ചറി ഓപ്പറേറ്റർമാർ, ഉടമകൾ, സംസ്ഥാന കൃഷി, ഇപി & എം വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

എംപിഇഡിഎ സെക്രട്ടറി ശ്രീ. ബി. ശ്രീകുമാർ സ്വാഗതം ആശംസിച്ചു. ഐഎസ്ഒ/ഐഇസി 17025 സ്റ്റാൻഡാർഡ് അക്രഡിറ്റേഷൻ ലഭിച്ച നവീകരിച്ച ലാബ് എൻഎബിഎൽ-ന്റെ നിലവാരം കാത്തുസൂക്ഷിക്കുന്നതും എക്സ്പോർട്ട്സ് ഇൻസ്പെക്ഷൻ കൗൺസിലിന്റെ അംഗീകാരമുള്ളതും ഐഎസ്ഒ9001:2008 സർട്ടിഫിക്കേഷൻ നേടിയതുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

എസ്ഇഎഐയുടെ ദേശീയ വൈസ് പ്രസിഡന്റും ഭുവനേശ്വരിലെ ഫാൾക്കൺ മറൈൻ എക്സ്പോർട്സ് സിഎംഡിയുമായ ശ്രീ. താര രഞ്ജൻ പട്നായിക് എല്ലാ കർഷകരും നിയമപരമായ ആവശ്യം നിറവേറ്റുന്നതിനായി സിഎഎ രജിസ്ട്രേഷനും എംപിഇഡിഎ എൻറോൾമെന്റും എടുക്കണമെന്ന് നിർദ്ദേശിച്ചു.

എസ്ഇഎഐയുടെ ദേശീയ പ്രസിഡന്റ് ശ്രീ. വി. പത്മനാഭൻ, ഡോ. കമലേഷ് മിശ്ര, അതോറിറ്റി അംഗം ശ്രീ. ബി. കെ. സാഹൂ, ഒഡീഷ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ശ്രീ. പ്രതാപ് രഞ്ജൻ റാവത് തുടങ്ങിയവർ പ്രസംഗിച്ചു. ലാബിലെ വിവിധ ഘടകങ്ങളെക്കുറിച്ചും വിവിധ ഉപകരണങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ലാബ് ഇൻ ചാർജ് വിശദീകരിച്ചു.

എംപിഇഡിഎ ജോയിന്റ് ഡയറക്ടർ ഡോ. എം. കെ. മോഹനൻ നന്ദി പറഞ്ഞു.

ബയർ-സെല്ലർ മീറ്റ്

എംപിഇഡിഎ സെക്രട്ടറി ശ്രീ. ബി. ശ്രീകുമാർ ബയർ-സെല്ലർ മീറ്റിലേയ്ക്ക് സ്വാഗതം ആശംസിച്ചു. കയറ്റുമതിക്കാർക്കും കർഷകർക്കും ഒന്നിച്ചുചേർന്ന് ചർച്ച നടത്താനും കരാറിൽ ഏർപ്പെടാനുമുള്ള വേദിയാണ് ബയർ-സെല്ലർ മീറ്റ്. ബിഎംപി നിബന്ധനകൾ പാലിക്കുന്ന ഗുണമേന്മയുള്ള ഉത്പന്നങ്ങൾ അക്വാ ക്ലസ്റ്ററുകളിൽനിന്ന് വാങ്ങുന്നതിനും ശരിയായതും ഉറപ്പായതുമായ വിലയ്ക്ക് വാങ്ങുന്നതിനും ഇതുവഴി സാധിക്കും. എംപിഇഡിഎ റീജണൽ ഡിവിഷന്റെ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. യു. സി. മൊഹാപത്ര കോർഡിനേറ്ററായിരുന്നു.

ഒഡീഷ എംഎസ്എംഇ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എൽ. എൻ. ഗുപ്ത ഐഎഎസ് ഭുവനേശ്വരിലെ നവീകരിച്ച ലാബിന്റെ സമർപ്പണവേളയിൽ പ്രസംഗിക്കുന്നു

വിലയിലെ കയറ്റിറക്കങ്ങളെക്കുറിച്ചും ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഗുണമേന്മ, ഐസിന്റെ വിതരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചും കർഷകർ ചോദ്യങ്ങൾ ഉന്നയിച്ചു. പരിചയസമ്പന്നനായ കയറ്റുമതിക്കാരനായ ശ്രീ. അജയ് ദാഷ്, എസ്ഇഎഐ പ്രസിഡന്റ് ഡോ. കമലേഷ് മിശ്ര എന്നിവർ ചോദ്യങ്ങൾക്ക് മറുപടി നല്കി. അംഗീകാരമുള്ള ഹാച്ചറികളിൽനിന്നും പിസിആർ പരിശോധനയ്ക്ക് വിധേയരായ കുഞ്ഞുങ്ങളെ വേണം വളർത്താനെന്ന് അദ്ദേഹം പറഞ്ഞു. മികച്ച തീറ്റയും മികച്ച പരിപാലനവും രോഗങ്ങൾ വരുന്നത് ഒഴിവാക്കുമെന്നും അതിനാൽ മരുന്നുകളും രാസവസ്തുക്കളും ഉപയോഗിക്കേണ്ടി വരില്ലെന്നും അദ്ദേഹം പറഞ്ഞു. ഗുണമേന്മയുള്ളതും ആന്റിബയോട്ടിക് രഹിതവുമായ ചെമ്മീനുകൾ ഉത്പാദിപ്പിക്കാൻ ഇതാണ് ശരിയായ മാർഗമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എംപിഇഡിഎ ഭുവനേശ്വർ അസിസ്റ്റന്റ് ഡയറക്ടർ (എഇ) ശ്രീ. താമ്പ എൻ. വിഷ്ണു നന്ദി പറഞ്ഞു.

സാഷിമി ഗ്രേഡ് ട്യൂണയുടെ
കൈകാര്യവും സംസ്കരണവും

നെറ്റ്ഫിഷ് സംസ്ഥാന കോർഡിനേറ്റർ ശ്രീ. ഹനുമന്ത റാവു സാഷിമി ഗ്രേഡിലുള്ള ഗുണമേന്മയുള്ള ട്യൂണ തയാറാക്കുന്നതിനെക്കുറിച്ച് വിശദമാക്കുന്നു

സാഷിമി എന്നാൽ പച്ചമീൻ എന്നാണ് അർത്ഥം. പരമ്പരാഗതമായി ജപ്പാൻകാർ ഉപയോഗിക്കുന്ന വിഭവമാണിത്. വളരെ ചെറുതായി മുറിച്ചെടുത്ത ഉയർന്ന ഗുണമേന്മയുള്ള പച്ചമീനാണിത്. ട്യൂണയുടെ മാംസം ചുവന്ന നിറമായതിനാൽ സാഷിമിക്ക് ഉപയോഗിക്കുന്നതിൽ ഏറ്റവും ജനപ്രിയമാണ്. ശ്രദ്ധയോടെ കൈകാര്യം ചെയ്ത് പുതുമയോടെ പായ്ക്ക് ചെയ്ത ട്യൂണകളാണ് സാഷിമി വിപണികളിലേയ്ക്ക് കയറ്റി അയയ്ക്കുന്നത്. പുതുമയുള്ള മികച്ച ഗുണമേന്മയുള്ള ട്യൂണയ്ക്ക് പ്രീമിയം വില ലഭിക്കും. ട്യൂണയെ പിടികൂടുന്നവർക്ക് ബോട്ടിൽവച്ചുതന്നെ കൈകാര്യം ചെയ്യാൻ പരിചയമുണ്ടെങ്കിലേ ഇത് സാധിക്കൂ. ട്യൂണയെ സാഷിമിക്കായി ബോട്ടിൽവച്ചുതന്നെ സംസ്കരിച്ചെടുക്കുന്നതിൽ പരിശീലനം നല്കുന്നത് നെറ്റ്ഫിഷിന്റെ പ്രത്യേക പരിഗണനയിലുള്ള കാര്യമാണ്.

2018 ജനുവരി 18-നും 30-നും വിശാഖപട്ടണം പിഡിമഡക്കയിൽനെറ്റ്ഫിഷുംഡിഎഫ്വൈഡബ്ല്യൂഎഎന്നസർക്കാരിതര സംഘടനയും ചേർന്ന് ട്യൂണ മീനുകളെ ബോട്ടിൽവച്ചുതന്നെ കൈകാര്യം ചെയ്യുന്നതിനുള്ള ഓൺബോർഡ് പരിശീലനം നല്കി. 24 മീൻപിടുത്തക്കാരാണ് പരിശീലനം നേടിയത്. നെറ്റ്ഫിഷ് സംസ്ഥാന കോർഡിനേറ്റർ ശ്രീ. ഹനുമന്ത റാവു സാഷിമി ഗ്രേഡിലുള്ള ഗുണമേന്മയുള്ള ട്യൂണ തയാറാക്കുന്നതിനെക്കുറിച്ച് വിശദമാക്കി. ഗ്ലൗസ്, ഹാമർ, സ്പൈക്ക്, മോണോഫിലമെന്റ് നൈലോൺ, സ്റ്റെയിൻലെസ് സ്റ്റീൽ നൂല്, ഡ്രോപ് ബ്ലഡ് നൈഫ്, ഷാർപ്പ് നൈഫ്, ബ്രഷ്, കോറിംഗ് ടൂൾ എന്നിവയെല്ലാം പരിശീലനാർത്ഥികളെ പരിചയപ്പെടുത്തി. ട്യൂണകളെ കൊല്ലുക, സ്പൈക്ക് ചെയ്യുക, രക്തം ഊറ്റിക്കളയുക, ചെകിളയും ആന്തരാവയവങ്ങളും നീക്കം ചെയ്യുക, ഐസ് സ്ലറിയിൽ തണുപ്പിക്കുക, സൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങളിലാണ് പരിശീലനം നല്കിയത്.

നെറ്റ്ഫിഷ് സംസ്ഥാന കോർഡിനേറ്റർ ശ്രീ. ഹനുമന്ത റാവു ട്യൂണ കൈകാര്യം ചെയ്യുന്നതിനുള്ള വിവിധ ഉപകരണങ്ങൾ മീൻപിടുത്തക്കാർക്ക് പരിചയപ്പെടുത്തുന്നു

കയറ്റുമതി ഉത്പന്നങ്ങളുടെ ട്രേസിയബിലിറ്റി: എംപിഇഡിഎ ജിപിഎസിനെ അടിസ്ഥാനമാക്കി മത്സ്യകൃഷി ഫാമുകളുടെ ഡേറ്റാബേസ് തയാറാക്കുന്നു

കയറ്റുമതി ലക്ഷ്യമിട്ട് നടത്തുന്ന മത്സ്യകൃഷി ഫാമുകളുടെ സമഗ്ര വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്ന ജിപിഎസ് അടിസ്ഥാനമാക്കിയുള്ള എൻറോൾമെന്റ് കാർഡ് വിശാഖപട്ടണത്ത് നടന്ന ചടങ്ങിൽ കേന്ദ്ര വാണിജ്യ, വ്യവസായ വകുപ്പ് മന്ത്രി ശ്രീ. സുരേഷ് പ്രഭു പുറത്തിറക്കുന്നു. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ശ്രീ. എൻ. ചന്ദ്രബാബു നായിഡു, പാർലമെന്റ് അംഗം ശ്രീ. കെ. ഹരി ബാബു, എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് എന്നിവർ സമീപം

കയറ്റുമതി ലക്ഷ്യമിട്ട് നടത്തുന്ന മത്സ്യകൃഷി ഫാമുകളുടെ സമഗ്ര വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ട്രേസിയബിലിറ്റിയും ഉപയോക്താവിന്റെ സുരക്ഷയും ഉറപ്പാക്കുന്നതിനുമായി എംപിഇഡിഎ ജിപിഎസ് അടിസ്ഥാനമാക്കി സവിശേഷമായ ഡാറ്റാബേസ് തയാറാക്കുന്നു. ചെമ്മീനിലും കയറ്റുമതി ചെയ്യുന്ന മറ്റ് ഇനങ്ങളിലും നിരോധിച്ചിരിക്കുന്നതും അനാവശ്യവുമായ വസ്തുക്കൾ ഉൾപ്പെട്ടിട്ടില്ല എന്നത് ഉറപ്പാക്കുന്നതിനും ഈ സംവിധാനം ഏറെ സഹായകമാകും.

ഈ പദ്ധതിയനുസരിച്ച് ചെമ്മീൻ, മറ്റ് കവചജീവികൾ, കയറ്റുമതി ചെയ്യുന്ന വിവിധയിനം മത്സ്യങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്ന ഫാമുകളെ എംപിഇഡിഎ എൻറോൾ ചെയ്യും. കർഷകർക്ക് കാർഡുകളും സവിശേഷ ഫാം തിരിച്ചറിയൽ നമ്പരും (യുണീക് ഐഡി) ഫാമുകളുടെ അടിസ്ഥാനവിവരങ്ങൾ ഉൾപ്പെടുന്ന ക്വിക്ക് റെസ്പോൺസ് കോഡും നല്കും.

2018 ഫെബ്രുവരി 25-ന് വിശാഖപട്ടണത്ത് നടന്ന ചടങ്ങിൽ കേന്ദ്ര വാണിജ്യ, വ്യവസായ വകുപ്പ് മന്ത്രി ശ്രീ. സുരേഷ് പ്രഭു എൻറോൾ ചെയ്ത കർഷകർക്ക് കാർഡുകൾ വിതരണം ചെയ്തു. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ശ്രീ. എൻ. ചന്ദ്രബാബു നായിഡു, പാർലമെന്റ് അംഗം ശ്രീ. കെ. ഹരി ബാബു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഓരോ ഫാമും ഹാച്ചറി യൂണിറ്റും തിരിച്ചറിയുന്നതിനും സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനും ട്രേസിയബിലിറ്റി ഉറപ്പാക്കുന്നതിനും ജിപിഎസ് അടിസ്ഥാനമാക്കിയുള്ള ഡാറ്റാബേസ് സഹായിക്കുമെന്ന് എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് ചൂണ്ടിക്കാട്ടി. എൻറോൾ ചെയ്ത യൂണിറ്റുകളിൽനിന്നുള്ള ഉത്പന്നങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അനാവശ്യമായതോ അനുവദനീയമല്ലാത്തതോ ആയ കാര്യങ്ങൾ കണ്ടെത്തിയാൽ തുടക്കം മുതൽ ഒടുക്കം വരെ പിന്തുടരുന്നതിന് സാധിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. ക്ലോറാംഫിനിക്കോൾ, നൈട്രോഫുറാൻ പോലെയുള്ള നിരോധിക്കപ്പെട്ട ആന്റിബയോട്ടിക്കുകൾ കണ്ടെത്താനായി വിളവെടുപ്പിന് മുമ്പ് നടത്തുന്ന പരിശോധന (പിഎച്ച്ടി)

ചടങ്ങിൽ പങ്കെടുക്കുന്നവർ

എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് കർഷകർ, എംപിഇഡിഎ, നാക്സ പ്രതിനിധികൾക്കൊപ്പം

യുണീക് ഐഡിയുമായി ബന്ധിപ്പിക്കും. യൂറോപ്യൻ യൂണിയനുകളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന ചെമ്മീന് പിഎച്ച്ടി സർട്ടിഫിക്കറ്റ് നിർബന്ധമാണ്. യുഎസ്, ജപ്പാൻ, യൂറോപ്യൻ യൂണിയൻ തുടങ്ങിയ രാജ്യങ്ങളിലെ കർശന ഗുണമേന്മാ നിയന്ത്രണ നടപടികൾക്ക് വിധേയമായി കയറ്റുമതി വിഭവങ്ങൾ പരിശോധിക്കുന്നതിനും നിരോധിക്കപ്പെട്ട ആന്റിബയോട്ടിക്കുകളുടെ അംശം കയറ്റി അയയ്ക്കുന്ന കൺസൈൻമെന്റിൽ ഇല്ല എന്ന് ഉറപ്പുവരുത്തുന്നതിനും ഈ രീതി സഹായിക്കുമെന്ന് ഡോ. ജയതിലക് പറഞ്ഞു.

മൂല്യശൃംഖലയിലെ എല്ലാ തലത്തിലും ട്രേയ്സബിലിറ്റി വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇലക്ട്രോണിക് കോഡിംഗ് ഉപയോഗിച്ച് പ്രധാന വിവരങ്ങൾ ക്യൂആർ കോഡിന്റെയോ ബാർ കോഡിന്റെയോ രൂപത്തിൽ കാർട്ടണുകളിലും പായ്ക്കുകളിലും ലഭ്യമാക്കുന്നതിനും സാധിക്കും. ഹാച്ചറി തലം വരെയുള്ള വിവരങ്ങൾ ഉപയോക്താവിന് ലഭ്യമാക്കാൻ ഇതുവഴി സാധിക്കും.

എംപിഇഡിഎ ഇതുവരെ 148,321 ഹെക്ടർ ചെമ്മീൻ പാടങ്ങൾ ഉൾപ്പെടുന്ന 65,595 ഫാമുകളുടെ ജിപിഎസ് വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞു. ആകെ 195,994 ഹെക്ടർ വിസ്തൃതിയുള്ള ഒരു ലക്ഷം ഫാമുകളിൽ 54,165 ഫാമുകളുടെ എൻറോൾമെന്റ് പൂർത്തിയാക്കി.

അഞ്ച് വർഷം അല്ലെങ്കിൽ പാട്ടം തീരുന്ന കാലം എന്നിവയിൽ ഏതാണ് കുറവ് അതായിരിക്കും എൻറോൾമെന്റിന്റെയും കാർഡിന്റെയും കാലാവധി. ഇംഗ്ലീഷിൽ അച്ചടിച്ച കാർഡുകൾ പ്രാദേശിക ഭാഷയിലും ലഭ്യമാക്കും.

എൻറോൾ ചെയ്ത മത്സ്യകൃഷി കർഷകർക്ക് കാർഡുകൾ വിതരണം ചെയ്യുന്നു

സുസ്ഥിര മത്സ്യക്കൃഷിയെക്കുറിച്ച്

കമ്മനമോലു ഗ്രാമത്തിൽ പരിശീലനം

വിജയവാഡ റീജണൽ ഡിവിഷൻ അസിസ്റ്റൻ ഡയറക്ടർ ശ്രീ. പി. ബ്രഹ്മേശ്വർ റാവു പരിശീലന പരിപാടിയിൽ സംസാരിക്കുന്നു

എംപിഇഡിഎയുടെ വിജയവാഡയിലെ റീജണൽ ഡിവിഷന്റെ നേതൃത്വത്തിൽ സുസ്ഥിര മത്സ്യക്കൃഷിയെക്കുറിച്ച് കൃഷ്ണ ജില്ലയിലെ നാഗായാലങ്ക മണ്ഡലിലെ കമ്മനമോലു ഗ്രാമത്തിലെ കർഷകർക്കായി മൂന്നു ദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. ജനുവരി 23 മുതൽ 25 വരെ സംഘടിപ്പിച്ച പരിശീലനം പരിസ്ഥിതി സൗഹാർദ്ദമായ മത്സ്യക്കൃഷി പ്രചരിപ്പിക്കുന്നതിനും വൈവിധ്യമാർന്ന ഇനങ്ങൾ വളർത്തുന്നതിന് പ്രോത്സാഹനം നല്കുന്നതിനും ലക്ഷ്യമിട്ടുള്ളതായിരുന്നു. അഞ്ച് വനിതകൾ അടക്കം ഇരുപത് പേർ പങ്കെടുത്തു.

കമ്മനമോലു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കോക്കിലിഗഡ വെങ്കിടാദ്രി പരിശീലനം ഉദ്ഘാടനം ചെയ്തു. വിജയവാഡ റീജണൽ ഡിവിഷൻ അസിസ്റ്റൻ ഡയറക്ടർമാരായ ശ്രീ. ബി. നരസിംഹ റാവു, ശ്രീ. പി. ബ്രഹ്മേശ്വർ റാവു, കാണുരു കെവികെയിലെ പ്രോജക്ട് അസിസ്റ്റന്റ് (ഫിഷറീസ്) ശ്രീ. വി. രത്നപ്രകാശ്, അവാനിഗഡ ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി. സുരേഷ്, നാക്സ റീജണൽ കോർഡിനേറ്റർ ശ്രീ. ജെ. വെങ്കട രമണ, വിജയവാഡ റീജണൽ ഡിവിഷൻ ഫീൽഡ് സൂപ്പർവൈസർ ശ്രീ. ജി. ശ്രീനിവാസലു എന്നിവർ ചെമ്മീൻ കൃഷിയിൽ പ്രോബയോട്ടിക്സിന്റെ ഉപയോഗം, കുളം തയാറാക്കൽ, വെള്ളത്തിന്റെയും മണ്ണിന്റെയും ഗുണമേന്മ ഉറപ്പാക്കുക, ഗുണമേന്മയുള്ള വിത്തും തീറ്റയും കൈകാര്യം ചെയ്യുക, വിളവെടുപ്പ്, വിളവെടുപ്പിനുശേഷം കൈകാര്യം ചെയ്യുമ്പോൾ ഗുണമേന്മയ്ക്കായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിളവെടുപ്പിന് മുമ്പ് പരിശോധന നടത്തേണ്ട ആവശ്യം തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസുകളെടുത്തു. പരിശീലനത്തിൽ പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടി നല്കി. സമാപന പ്രസംഗത്തിൽ ശ്രീ. കോക്കിലിഗഡ വെങ്കിടാദ്രി എംപിഇഡിഎ കർഷകർക്കായി നടത്തിയ പരിശീലനത്തെ അഭിനന്ദിച്ചു. ഇത്തരം കൂടുതൽ പരിപാടികൾ സംഘടിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പരിശീലനം നേടിയവർക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും എഡിഎഫിന്റെയും സാന്നിദ്ധ്യത്തിൽ സർട്ടിഫിക്കറ്റുകളും സ്റ്റൈപ്പന്റുകളും വിതരണം ചെയ്തു. ശ്രീ. ജി. ശ്രീനിവാസലു നന്ദി പറഞ്ഞു.

> പരിസ്ഥിതി സൗഹാർദ്ദമായ മത്സ്യക്കൃഷി പ്രചരിപ്പിക്കുന്നതിനും വൈവിധ്യമാർന്ന ഇനങ്ങൾ വളർത്തുന്നതിന് പ്രോത്സാഹനം നല്കുന്നതിനും ലക്ഷ്യമിട്ടുള്ളതായിരുന്നു പരിശീലനം

സുസ്ഥിര ചെമ്മീൻകൃഷി അറിവുകളുമായി നെല്ലൂരിൽ കർഷകസംഗമം സംഘടിപ്പിച്ചു

വിജയവാഡ റീജണൽ ഡിവിഷനിലെ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. അർച്ചിമാൻ ലാഹ്റി സാങ്കേതിക സെഷനിൽ സംസാരിക്കുന്നു

നെല്ലൂരിലെ എംപിഇഡിഎ സാറ്റലൈറ്റ് സെന്ററിന്റെ നേതൃത്വത്തിൽ നെല്ലൂരിലെ ചെമ്മീൻ കൃഷിയെക്കുറിച്ച് വിലയിരുത്തുന്നതിനായി കർഷകസംഗമം സംഘടിപ്പിച്ചു. നെല്ലൂർ ജില്ലയിലെ ഗംഗാപട്ടിനം ശ്രീചാമുണ്ഡേശ്വരി ദേവി കല്യാണ മണ്ഡപത്തിൽ ജനുവരി 24-നായിരുന്നു സംഗമം.

ചെമ്മീൻ കൃഷിയിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും കൃഷിയിലെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും ആഭ്യന്തര, കയറ്റുമതി രംഗത്തെ വർദ്ധിച്ചുവരുന്ന ആവശ്യകതയ്ക്ക് അനുസരിച്ച് വൈവിധ്യമാർന്ന കൃഷിയിലൂടെ മത്സ്യത്തിന്റെയും മത്സ്യവിഭവങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുമായിരുന്നു സംഗമം ലക്ഷ്യമിട്ടത്. ഗംഗാപട്ടിനത്തെ 125 കർഷകർ സംഗമത്തിൽ പങ്കെടുത്തു. വിജയവാഡ റീജണൽ ഡിവിഷനിലെ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. അർച്ചിമാൻ ലാഹ്റി സ്വാഗതം ആശംസിച്ചു. മികച്ച ഗുണമേന്മയുള്ള ചെമ്മീൻ ഉത്പാദിപ്പിക്കുന്നതിൽ എംപിഇഡിഎ നടത്തുന്ന പരിശ്രമങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. യൂറോപ്യൻ യൂണിയനും അമേരിക്കയും മത്സ്യകൃഷി രംഗത്തെ ഉത്പന്നങ്ങൾ കർശനമായി നിരീക്ഷിക്കുന്നുണ്ടെന്നും പരിചയമില്ലാത്ത മരുന്നുകളും മറ്റും ഹാച്ചറികളിലും കൃഷിയിടത്തിലും ഉപയോഗിക്കരുതെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കർഷകസംഗമത്തിൽനിന്നുള്ള ദൃശ്യം

ഗംഗാപട്ടിനത്തെ ശ്രീചാമുണ്ഡേശ്വരി ദേവി അക്വാഫാമേഴ്സ് ക്ലബ് പ്രസിഡന്റ് ശ്രീ. പി. ഹനുമന്ത റാവു സംഗമം ഉദ്ഘാടനം ചെയ്തു. അക്വാ ക്ലബുകൾ സുസ്ഥിരമായ കൃഷിക്കായി കർഷകരെ ബോധവത്കരിക്കാനുള്ള ഉത്തരവാദിത്വം ഏൽക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. യോഗ്യതയുള്ള ലാബ് ടെക്നീഷ്യന്മാർ മാത്രമേ ഈ രംഗത്ത് പ്രവർത്തിക്കുന്നുള്ളൂവെന്ന് ഉറപ്പാക്കുന്നതിനും പരിശോധനാ റിപ്പോർട്ടുകൾ വിശ്വാസ്യയോഗ്യതയുള്ളതാവണമെന്ന് ഉറപ്പാക്കുന്നതിനുമായി ചില നിയന്ത്രണങ്ങളും സർക്കാരിൽനിന്ന് സാമ്പത്തികപിന്തുണയും ഉറപ്പുവരുത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ആന്ധ്രാപ്രദേശ് സംസ്ഥാന ചെമ്മീൻ കർഷക സമിതിയുടെ നെല്ലൂർ സെക്രട്ടറി ശ്രീ. പി. ഷബീർഖാൻ ആശംസകൾ നേർന്നു. ഏറ്റവും ഗുണമേന്മയുള്ള ചെമ്മീൻ ഉത്പാദന കേന്ദ്രമായി ഇന്ത്യയെ വളർത്തിയെടുക്കുന്നതിനായി കർഷകർക്കിടയിൽ ആന്റിബയോട്ടിക് രഹിത ചെമ്മീൻ ഉത്പാദിപ്പിക്കുന്നതിനായി എംപിഇഡിഎ നടത്തിയ ബോധവത്കരണം ഏറെ ഗുണകരമായെന്ന് അദ്ദേഹം പറഞ്ഞു. വിലയിലെ കയറ്റിറക്കങ്ങൾ കർഷകരെ, പ്രത്യേകിച്ച് ചെറുകിട കർഷകരെ ബാധിക്കുന്നുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി ബയർ-സെല്ലർ മീറ്റുകൾ തുടർച്ചയായി സംഘടിപ്പിക്കണമെന്നും തുറന്ന ചർച്ചകൾ വേണമെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതികസെഷനിൽ ആന്ധ്രാപ്രദേശ് എംപിഇഡിഎ അതോറിറ്റി അംഗം ശ്രീ.

ഗംഗാപട്ടിനത്തെ ശ്രീചാമുണ്ടേശ്വരി ദേവി അക്വാഫാമേഴ്സ് ക്ലബ് പ്രസിഡന്റ് ശ്രീ. പി. ഹനുമന്ത റാവു സംഗമം ഉദ്ഘാടനം ചെയ്യുന്നു

എസ്. സുരേഷ് റെഡ്ഡി മുഖ്യാതിഥിയായിരുന്നു. ജൈവസുരക്ഷ ഉറപ്പാക്കുന്നതിനായി ഹാച്ചറികൾ കൂടുതൽ കരുതലോടെയിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ട പ്രവർത്തനരീതികൾ (എസ്ഒപി) പിന്തുണടരുന്നതിനും ഗുണമേന്മയുള്ള ചെമ്മീൻ വിത്തുകൾ മാത്രം മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനും ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. വിപണിയിൽ ലഭ്യമാകുന്ന വ്യാജ തീറ്റകളും മരുന്നുകളും മറ്റും ഉപയോഗിച്ചാൽ ചെമ്മീൻ കയറ്റുമതിക്ക് ഗുരുതരമായ അനന്തരഫലങ്ങൾ ഉണ്ടാകാം എന്നതിനാൽ മത്സ്യകർഷകർ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

നെല്ലൂർ മുതുകറിലെ ഫിഷറീസ് കോളജ് അസോസിയേറ്റ് ഡീൻ ഡോ. പി. ഹരിബാബു സാങ്കേതിക സെഷനിൽ പ്രഭാഷണം നടത്തി. രോഗങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം, മത്സ്യകൃഷിയിൽ ജൈവസുരക്ഷ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു. ഫാം എൻറോൾമെന്റിന്റെ പ്രാധാന്യത്തെക്കുറിച്ചും കൃഷി ചെയ്യുന്ന ചെമ്മീനുകളുടെ ട്രേസിയബിലിറ്റിയെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ഇതുവരെയും എൻറോൾ ചെയ്യാത്ത എല്ലാ കർഷകരും എംപിഇഡിഎയിൽ എൻറോൾ ചെയ്യണം. ഇത് ആന്റിബയോട്ടിക് രാസവസ്തുരഹിത ചെമ്മീൻ കയറ്റുമതി എന്ന വലിയ വെല്ലുവിളിക്ക് വലിയ പിന്തുണ നല്കും. ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ സാംപിളിംഗിന്റെ തോത് വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ കൃഷിയിടത്തിൽ ഉപയോഗിക്കുന്ന വസ്തുക്കളെക്കുറിച്ച് കർഷകർ കൂടുതൽ ശ്രദ്ധാലുക്കളായിരിക്കണം. മത്സ്യകർഷകരും ഹാച്ചറി അസോസിയേഷനും ഗുണമേന്മയുള്ള ചെമ്മീൻ ഉത്പാദനത്തിന്റെയും കയറ്റുമതിയുടെയും കാര്യത്തിൽ ഇന്ത്യയെ ഒന്നാമതെത്തിക്കാനുള്ള പരിശ്രമത്തിൽ സർവാത്മനാ പിന്തുണ നല്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ആന്ധ്രാപ്രദേശ് എംപിഇഡിഎ അതോറിറ്റി അംഗം ശ്രീ. എസ്. സുരേഷ് റെഡ്ഡി കർഷകരെ അഭിസംബോധന ചെയ്യുന്നു

വിജയവാഡ റീജണൽ ഡിവിഷനിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി. ബ്രഹ്മേശ്വര റാവു ഇന്ത്യയിൽനിന്നുള്ള ചെമ്മീൻ കയറ്റുമതി നേരിടുന്ന പ്രധാന വെല്ലുവിളികളെക്കുറിച്ച് വിശദീകരിച്ചു. ആന്റിബയോട്ടിക്കുകളുടെയും മറ്റും ഉപയോഗം മൂലമാണ് പ്രധാനമായും കയറ്റുമതി സാധനങ്ങൾ നിരസിക്കപ്പെടുന്നത്. ഈ സാഹചര്യത്തിൽ വൃത്തിയുടെ കാര്യത്തിലും ഫൈറ്റോസാനിറ്ററി കാര്യങ്ങളിലും പ്രത്യേക ശ്രദ്ധവേണം. മനുഷ്യന് രോഗം സൃഷ്ടിക്കുന്നതും ഹാനികരമാകുന്നതുമായ യാതൊരു വസ്തുക്കളും കയറ്റുമതി ചെയ്യുന്നില്ല എന്ന കാര്യം ഉറപ്പുവരുത്തണം. രോഗമില്ലാത്ത ചെമ്മീൻ വിത്തുകൾ മാത്രം ഉപയോഗിക്കാനും യാതൊരു വിധ വ്യാജ രാസവസ്തുക്കളോ ആന്റിബയോട്ടിക്കുകളോ ഉപയോഗിക്കാതിരിക്കാനും എസ്ഒപി പൂർണമായും പിന്തുടരാനും ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളുടെ നിലവാരം കാത്തുസൂക്ഷിക്കാനും ശ്രദ്ധിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

ആർജിസിഎ-എംപിഇഡിഎ അസിസ്റ്റന്റ് പ്രോജക്ട് മാനേജർ ശ്രീ. പി. ശ്രീനിവാസ റാവു കയറ്റുമതിക്ക് അനുരൂപമായ ഇനങ്ങളെക്കുറിച്ചും വൈവിധ്യവത്കരണത്തെക്കുറിച്ചും ക്ലാസെടുത്തു. ഞണ്ടുകൃഷിയുടെ സാധ്യതകളും സ്കില്ല സെറേറ്റ പോലെയുള്ള ഇനങ്ങളും കർഷകർക്ക് പരിചയപ്പെടുത്തി.

നാക്സ റീജണൽ കോർഡിനേറ്റർ ശ്രീ. ടി. നന്ദ കിഷോർ സുസ്ഥിര ചെമ്മീൻ കൃഷിക്കായി കർഷകസമിതികൾ രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെയും സാധ്യതകളെയുംകുറിച്ച് വിശദീകരിച്ചു. നാക്സയുടെ ഫീൽഡ് മാനേജർമാർ വഴി ലഭ്യമാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും നല്കിവരുന്ന പിന്തുണയെക്കുറിച്ചും അദ്ദേഹം വ്യക്തമാക്കി. എംപിഇഡിഎയുടെ നെല്ലൂർ സാറ്റലൈറ്റ് സെന്ററിലെ അസിസ്റ്റന്റ് ഡയറക്ടർ ഡോ. കെ. ഗണേശ് നന്ദി പറഞ്ഞു.

ബെൽഗാമിലെ ചിക്കോഡിയിൽ
മത്സ്യക്കർഷകർക്ക് പരിശീലനം നല്കി

എംപിഇഡിഎ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. വിജയകുമാർ സി. യാരഗൽ പരിശീലനപരിപാടിയിൽ സംസാരിക്കുന്നു

കർണാടകയിലെ ബെൽഗാം ജില്ലയിൽ മത്സ്യക്കൃഷി വികസനപരിപാടികൾ ശൈശവാസ്ഥയിലാണ്. കരിമ്പും ചോളവും വിളയുന്ന പ്രദേശങ്ങളിലായി മൂന്ന് നദികൾ ഒഴുകുന്നുണ്ട്. വളരെനാളുകളായി കരിമ്പിൻ കൃഷി ചെയ്യുന്നതിനാൽ മണ്ണിൽ അമ്ലാംശം കൂടുതലും അജൈവ വളങ്ങളും കീടനാശിനികളും രാസവസ്തുക്കളും ഉപയോഗിക്കുന്നതിനാൽ ഉപ്പുരസം കുറവുമാണ്.

മത്സ്യക്കൃഷിക്കല്ലാതെ മറ്റ് വിളകൾക്കായി ഈ കൃഷിയിടങ്ങൾ ഉപയോഗിക്കാൻ കഴിയില്ല. ഇത് പരിഗണിച്ചാണ് പരിസ്ഥിതി സൗഹാർദ്ദവും സുസ്ഥിരവുമായ മത്സ്യകൃഷി രീതികളെക്കുറിച്ച് മൂന്നു ദിവസം നീണ്ടുനിന്ന പരിശീലനം സംഘടിപ്പിച്ചത്. ജനുവരി മൂന്നു മുതൽ അഞ്ചു വരെയുള്ള പരിശീലനത്തിൽ ചിക്കോടി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ നാമനിർദ്ദേശം ചെയ്ത 19 കർഷകർ പങ്കെടുത്തു.

എംപിഇഡിഎ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. വിജയകുമാർ സി. യാരഗൽ കൃഷിയിടം തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും കുളം തയാറാക്കുന്നതിനെക്കുറിച്ചും വനാമി ചെമ്മീനുകൾക്കായി റിസർവോയർ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും കടൽവിഭവങ്ങളുടെ മൂല്യവർദ്ധനയ്ക്കായുള്ള ഹസാപ് സുരക്ഷാരീതികളെക്കുറിച്ചും വിശദമാക്കി. ചിക്കോടി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സഞ്ജയ് അർക്കാരെ ബെൽഗാം ജില്ലയിലെ ചിക്കോടി, രാജ്ബാഗ്, അത്താണി താലൂക്കുകളിലെ മത്സ്യകൃഷിയുടെ സാധ്യതകളെക്കുറിച്ച് കർഷകരെ ബോധ്യപ്പെടുത്തി.

ജൂണിയർ ടെക്നിക്കൽ ഓഫീസർ ശ്രീ. ജി. രാമർ കുളം തയാറാക്കുന്നതിനെക്കുറിച്ചും വെള്ളത്തിന്റെ ഗുണമേന്മയെക്കുറിച്ചും ചെമ്മീൻ കൃഷിയിൽ ഉപയോഗിക്കുന്ന വിവിധ പ്രോബയോട്ടിക്കുകൾ, വിത്ത് സൂക്ഷിക്കേണ്ടത് എങ്ങനെ, തീറ്റയും തീറ്റകൈകാര്യവും എങ്ങനെ, വിളവെടുപ്പ് എങ്ങനെ തുടങ്ങിയവയെക്കുറിച്ചും ക്ലാസെടുത്തു.

ചിക്കോടിയിൽനിന്നും 25 കിലോമീറ്റർ അകലെയുള്ള മത്സ്യഫാം പരിശീലനാർത്ഥികൾ സന്ദർശിച്ചു. ആസാം വാളകളെയും ഇന്ത്യൻ കാർപ്പുകളെയും വളർത്തുന്നതിനെക്കുറിച്ച് കർഷകർക്ക് നേരിട്ട് അറിവ് ലഭിച്ചു. സീ ബാസ്, ഞണ്ട് (മാംഗ്രൂവ് മഡ് ക്രാബ്), തിലാപ്പിയ എന്നിവയുടെ കൃഷിരീതികളെക്കുറിച്ചുള്ള വീഡിയോ പ്രദർശിപ്പിച്ചു.

ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ശ്രീ. ജി.ടി. നായക്, സീനിയർ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. വസന്ത് ഹെഗ്ഡെ എന്നിവർ സമാപനസമ്മേളനത്തിൽ പങ്കെടുത്തു. പരിശീലനത്തിൽ പങ്കെടുത്തവർക്ക് മുഖ്യാതിഥി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

കാർവാറിലെ ബാദ് ഗ്രാമത്തിലെ കർഷകർക്ക് പരിശീലനം നല്കി

ഫാമിൽ സന്ദർശനം നടത്തുന്ന കർഷകർ

കർണാടകത്തിലെ ഉത്തരകന്നഡയിലെ കാർവാറിലുള്ള ബാദ് ഗ്രാമത്തിലെ കർഷകർക്ക് സുസ്ഥിര മത്സ്യകൃഷിയിൽ മൂന്ന് ദിവസം നീണ്ടുനിന്ന പരിശീലനം നല്കി. കാർവാർ മുനിസിപ്പൽ കൗൺസിലിന്റെ ആവശ്യപ്രകാരം നടത്തിയ പരിശീലനം ഡോ. അംബേദ്കർ ഭവൻ ഹാളിലായിരുന്നു ഒരുക്കിയിരുന്നത്. കാർവാറിലെ ബാദ്, നന്ദൻഗഡ്ഡ എന്നിവിടങ്ങളിൽനിന്നായി ഇരുപത് കർഷകർ പങ്കെടുത്തു.

കാർവാർ എസ്‌സി /എസ്ടി സമൂഹം പ്രസിഡന്റ് ശ്രീ. ദേവനന്ദ് കനേക്കർ പരിപാടി ഉദ്ഘാടനം ചെയ്തു. മത്സ്യകൃഷിക്കായി സ്ഥലം തെരഞ്ഞെടുക്കേണ്ടത് എങ്ങനെ, കുളത്തിന്റെ രൂപകൽപ്പന എങ്ങനെ വേണം, നിർമ്മാണ രീതി, ജൈവികകാര്യങ്ങൾ, വിത്ത് സൂക്ഷിക്കൽ, വിളവെടുപ്പ്, ജൈവസുരക്ഷാ കാര്യങ്ങൾ, മികച്ച ചെമ്മീൻ കൃഷിരീതികൾ, വൈവിധ്യവത്കരണത്തിനായ് ഞണ്ട്, കാളാഞ്ചി, തിലാപ്പിയ തുടങ്ങിയവ വളർത്തേണ്ടത് എങ്ങനെ, സാമ്പത്തികവശങ്ങൾ, സാമ്പത്തികസഹായത്തിനായുള്ള പദ്ധതികൾ എന്നിവയെക്കുറിച്ച് കർഷകരെ ബോധവത്കരിച്ചു. എംപിഇഡിഎ ജൂനിയർ ടെക്നിക്കൽ ഓഫീസർ ശ്രീ. എസ്. എം. ശിരോദ്കർ, എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. വിജയ്കുമാർ യാരഗൽ, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. വെങ്കിട്ടരാമൻ ഹെഗ്ഡെ, സംസ്ഥാന കൃഷി വകുപ്പിലെ എഎഫ്ഡിഒ ശ്രീ. ശ്രീപാദ് കുർക്കർണി തുടങ്ങിയവർ ക്ലാസുകളെടുത്തു. കാഡ്‌വാഡിലെ കനാസ്ഗിരി, മാഡ്ബാഗ് എന്നിവിടങ്ങളിലെ ഫാമിൽ സന്ദർശനം നടത്തിയ പരിശീലനാർത്ഥികൾ ഫാമിന്റെ രീതികളെക്കുറിച്ചും സാങ്കേതികവശങ്ങളെക്കുറിച്ചും നേരിട്ട് മനസിലാക്കി.

പരിശീലനപരിപാടിയിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു

സമാപനസമ്മേളനത്തിൽ കാർവാർ മുനിസിപ്പൽ കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി ലീലാബായ് തനേക്കർ മുഖ്യാതിഥിയായിരുന്നു. പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽ പെട്ടവർക്ക് അവരുടെ സ്വന്തം സ്ഥലത്ത് പരിശീലനമൊരുക്കിയ എംപിഇഡിഎയെ അവർ അഭിനന്ദിച്ചു. മത്സ്യകൃഷി ഏറ്റെടുക്കുന്നതിനായി ക്ലബുകൾ രൂപീകരിക്കാനായി കർഷകർ മുന്നോട്ട് വരണമെന്ന് അവർ നിർദ്ദേശിച്ചു. എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. വിജയകുമാർ യാരഗൽ കർഷകർക്ക് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തു.

കർഷകരെ പ്രതിനിധീകരിച്ച് ശ്രീ. വിത്തൽ ലാഞ്ചേക്കർ, ശ്രീമതി രൂപ ഹൽസാവർ എന്നിവർ പരിശീലനത്തിന് നന്ദി പറഞ്ഞു. പുതിയ രീതികളും സാങ്കേതികവിദ്യകളും പഠിക്കാൻ സാധിച്ചുവെന്ന് അവർ ചൂണ്ടിക്കാട്ടി.

മൂന്നു ദിവസം നീണ്ടുനിന്ന പരിശീലനത്തിന്റെ സമാപന സമ്മേളനത്തിൽ ശ്രീ. എസ്. എം. ശിരോദ്കർ നന്ദി പറഞ്ഞു. പങ്കെടുത്തവർക്ക് സമ്മേളനത്തിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

കർണാടകത്തിലെ ബെൽഗാവിയിൽ കർഷകർ

സുസ്ഥിര മത്സ്യകൃഷിയിൽ പരിശീലനം നേടി

മീൻ വിളവെടുക്കുന്നു

കർണാടകത്തിലെ ബെൽഗാവി ജില്ലയിലെ അത്താണിയിൽ ഭൂപ്രദേശം വളക്കൂറില്ലാത്തതും കുറഞ്ഞതോതിൽ ഉപ്പുരസം കലർന്നതുമാണെങ്കിലും ജലസ്രോതസുകൾ ഏറെയുണ്ട്. ഇക്കാര്യം വിലയിരുത്തിയാണ് ചിക്കോഡിയിലെ ഫിഷറീസ് വകുപ്പ് അധികൃതർ കർഷകർക്ക് മത്സ്യക്കൃഷിയിൽ പരിശീലനം നല്കുന്നതിനുള്ള നിർദ്ദേശം നല്കിയത്.

അത്താണിയിലെകർഷകർക്കായിപരിസ്ഥിതിസൗഹാർദ്ദവും സുസ്ഥിരവുമായ മത്സ്യകൃഷിയെക്കുറിച്ചുള്ള പരിശീലനമാണ് കർവാറിലെ എംപിഇഡിഎ സബ് റീജണൽ ഡിവിഷൻ ഒരുക്കിയത്. എംഐസിഇ കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഹാളിൽ ഫെബ്രുവരി 15 മുതൽ 17 വരെയായിരുന്നു പരിശീലനം.

എംപിഇഡിഎയിലെ ജൂണിയർ ടെക്നിക്കൽ ഓഫീസർമാരായ ശ്രീ. ജി. രാമർ, ശ്രീ. എസ്. എം. ശിരോദ്കർ എന്നിവരും ചിക്കോഡിയിലെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരും ക്ലാസുകളെടുത്തു. മത്സ്യവിത്ത് തെരഞ്ഞെടുപ്പ്, സൂക്ഷിപ്പ്, വെള്ളത്തിന്റെ ഗുണമേന്മ, തീറ്റ രീതികൾ, ചെമ്മീൻ വളർത്തലിനായി പണം മുടക്കുന്നതിന്റെ മേന്മ, തിലാപ്പിയ, സീബാസ്, കാർപ്പ്, പോളി കൾച്ചർ എന്നിങ്ങനെയുള്ള വൈവിധ്യവത്കരണം എന്നിവയെക്കുറിച്ചെല്ലാം കർഷകർക്ക് ക്ലാസുകളെടുത്തു. സീബാസ്, ഞണ്ട്, തിലാപ്പിയ എന്നിവയുടെ കൃഷിയെക്കുറിച്ചുള്ള വീഡിയോകളും കാണിച്ചുകൊടുത്തു. കാർപ്പ് ഇനം മത്സ്യങ്ങളുടെയും വിദേശ ഇനങ്ങളുടെയും കൃഷിരീതികൾ മനസിലാക്കുന്നതിനായി മത്സ്യഫാമിലേയ്ക്ക് സന്ദർശനം സംഘടിപ്പിച്ചിരുന്നു. സമാപന സമ്മേളനത്തിൽ ഫിഷറീസ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സഞ്ജയ് അർക്കേരി മുഖ്യാതിഥിയായിരുന്നു. ശ്രീ. സുരേഷ് പാണ്ഡവെയും മറ്റുള്ളവരും ഇത്തരമൊരു പരിശീലനത്തിൽ പങ്കെടുക്കാൻ സാധിച്ചതിന് എംപിഇഡിഎയ്ക്ക് നന്ദി പറഞ്ഞു.

പരിശീലനത്തിൽ പങ്കെടുക്കുന്ന കർഷകർ



ചിക്കോഡി ഫിഷറീസ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സഞ്ജയ് അർക്കേരി സർട്ടിഫിക്കറ്റുകളും സ്റ്റൈപ്പന്റും വിതരണം ചെയ്യുന്നു

പരിശീലനത്തിൽ പങ്കെടുത്ത 17 പേർക്കും സർട്ടിഫിക്കറ്റുകളും സ്റ്റൈപ്പന്റും വിതരണം ചെയ്തു. എംപിഇഡിഎയുടെ ജൂണിയർ ടെക്നിക്കൽ ഓഫീസർ ശ്രീ. എസ്. എം. ശിരോദ്കർ നന്ദി പറഞ്ഞു.

ചെമ്മീൻ കൃഷിയിലെ മികവുറ്റ രീതികൾ, വൈവിധ്യവത്കരണം: പരിശീലനം നല്കി

പരിശീലനപരിപാടിയിൽ പങ്കെടുക്കുന്ന കർഷകർ

ഒഡീഷയിലെ ഖരിനാസിയിലെയും പരിസരപ്രദേശങ്ങളിലുമുള്ള പട്ടികജാതി, പട്ടികവർഗ കർഷകർക്കായി മികച്ച ചെമ്മീൻ കൃഷിരീതിയെക്കുറിച്ചും വൈവിധ്യവത്കരണത്തിനായി സ്വീകരിക്കേണ്ട സാങ്കേതികവിദ്യകളെക്കുറിച്ചും എംപിഇഡിഎയുടെ ഭുവനേശ്വർ റീജണൽ ഡിവിഷന്റെ നേതൃത്വത്തിൽ പരിശീലനം നല്കി. കേന്ദ്രപഡ ജില്ലയിലെ ഖരിനാസി റെഡ് ക്രോസ് സൊസൈറ്റി ഹാളിൽ 2018 ഫെബ്രുവരി ആറുമുതൽ എട്ടുവരെയായിരുന്നു പരിശീലനം.

ഡപ്യൂട്ടി ഡയറക്ടർ ശ്രീ. യു. സി. മഹാപത്ര പരിശീലനം ഉദ്ഘാടനം ചെയ്തു. ആധുനിക സാങ്കേതികവിദ്യകൾ പഠിച്ചെടുക്കാനും മികച്ചരീതിയിൽ കയറ്റുമതിക്ക് അനുയോജ്യമായ മത്സ്യകൃഷി നടത്താനും അദ്ദേഹം നിർദ്ദേശിച്ചു.

മത്സ്യകൃഷി, വിവിധ കൃഷിസംവിധാനങ്ങൾ, ഏറ്റവും പുതിയ രീതികൾ, എംപിഇഡിഎ നടപ്പാക്കുന്ന വിവിധ പദ്ധതികൾ, സേവനങ്ങൾ, കൊഞ്ച്, വനാമി എന്നിവയുടെ ജൈവിക പ്രത്യേകതകൾ, ആന്റിബയോട്ടിക്കിന്റെ ദുരുപയോഗം എന്നിവയെക്കുറിച്ചായിരുന്നു ആദ്യദിവസത്തെ ക്ലാസുകൾ. രണ്ടാം ദിവസം അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. നരേഷ് താമ്പാട കൃഷിയിടം തെരഞ്ഞെടുക്കേണ്ടതിനെക്കുറിച്ചും ചെമ്മീൻ വളർത്തുന്നതിനുള്ള കുളങ്ങൾ തയാറാക്കുന്നതിനെക്കുറിച്ചും അക്വാകൾച്ചർ ഫാമുകൾ എംപിഇഡിഎയിൽ എൻറോൾ ചെയ്യേണ്ടതിനെക്കുറിച്ചും ചെമ്മീൻ കൃഷിയുടെ സാമ്പത്തികവശത്തെക്കുറിച്ചും വിശദീകരിച്ചു.

ഫീൽഡ് സൂപ്പർവൈസർ
ശ്രീ. എസ്. ദുർഗ റാവു ക്ലാസ് നയിക്കുന്നു

ഫീൽഡ് സൂപ്പർവൈസർ ശ്രീ. എസ്. ദുർഗ റാവു കുളം തയാറാക്കുന്നതിനെക്കുറിച്ചും വെള്ളത്തിന്റെ മേന്മ കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ചും മണ്ണ്, തീറ്റ, ചെമ്മീൻ വിത്തിന്റെ തെരഞ്ഞെടുപ്പ്, രോഗനിയന്ത്രണം, ജൈവസുരക്ഷാ രീതികൾ, ഞണ്ട്, തിലാപ്പിയ എന്നിവ വളർത്തിയാലുള്ള സാമ്പത്തികനേട്ടം എന്നിവയെക്കുറിച്ചും ക്ലാസുകളെടുത്തു. സുസ്ഥിരകൃഷിയെക്കുറിച്ചുള്ള പുസ്തകവും നിരോധിക്കപ്പെട്ട ആന്റിബയോട്ടിക്കുകളുടെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ലഘുലേഖയും കുളത്തിലെ വിവരങ്ങൾ രേഖപ്പെടുത്താനുള്ള റിക്കോർഡ് ബുക്കും പരിശീലനത്തിനെത്തിയവർക്ക് വിതരണം ചെയ്തു.

ഫിഷറീസ് വകുപ്പിലെ കേന്ദ്രപഡ അഡീഷണൽ അസിസ്റ്റന്റ് ഫിഷറീസ് ഓഫീസർ ശ്രീ. സീതനാഥ് ബെഹ്റ സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും സിഎഎയിൽ രജിസ്റ്റർ ചെയ്യേണ്ടതിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. കർഷകരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറഞ്ഞു.

പ്രമുഖ കർഷകൻ ശ്രീ. നാരായൺ ഹാൽദർ നന്ദി പറഞ്ഞു. പരിശീലനത്തിൽ പങ്കെടുത്ത 20 പട്ടികജാതി, പട്ടികവർഗ കർഷകർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ഭുവനേശ്വർ റീജണൽ ഡിവിഷനിലെ ശ്രീ. സുരേഷ് മൊഹന്തി നന്ദി പറഞ്ഞു.

പരിശീലനത്തിൽ പങ്കെടുത്തവർ ഡയറക്ടർ, ഫാക്കൽട്ടികൾ എന്നിവർക്കൊപ്പം

ആന്റിബയോട്ടിക് അവക്ഷിപ്തങ്ങൾ

കണ്ടെത്തുന്നതിനായി ഐസിഎആർ-സിഫ്റ്റിൽ പരിശോധന

മത്സ്യക്കൃഷി, പാൽ, കോഴിയിറച്ചി എന്നിവയിലെ ആന്റിബയോട്ടിക്കുകളുടെ അവക്ഷിപ്തങ്ങൾ മനുഷ്യരുടെ ആരോഗ്യത്തിന് ഹാനികരമാണെന്നതിനാൽ ഇറക്കുമതിക്കാർക്കും ഉപയോക്താക്കൾക്കും ഏറെ ആശങ്കയുളവാക്കുന്നതാണ്. അതുകൊണ്ടുതന്നെ അവ നിയന്ത്രിക്കാനും നിരീക്ഷിക്കാനും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സാഹചര്യത്തിലാണ് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ) കൊച്ചിയിലെ ഐസിഎആർ-സിഫ്റ്റ്, നെതർലാൻഡ്സിലെ റികിൽറ്റ് സർവകലാശാല എന്നിവയുമായി ചേർന്ന് 2018 ഫെബ്രുവരി 26 മുതൽ മാർച്ച് രണ്ടുവരെ പ്രത്യേക പരിശീലനം സംഘടിപ്പിച്ചത്.

ഐസിഎആർ-സിഫ്റ്റിൽ നടന്ന പരിശീലനത്തിൽ ഐസിഎആർ-സിഫ്റ്റ്, ഇഐഎ, കേരള സംസ്ഥാന സർക്കാരിലെ വിവിധ വകുപ്പുകൾ എന്നിവിടങ്ങളിൽനിന്നുള്ള പത്തുപേർക്ക് മൈക്രോബയോളജിക്കൽ രീതികൾ ഉപയോഗിച്ച് ആന്റിബയോട്ടിക് അവക്ഷിപ്ത പരിശോധനയിൽ പരിശീലനം നല്കി.

ഡോ. മാരിയേൽ പിക്കിമാറ്റ്, ശ്രീമതി വിൽമ ഡ്രീസൻ എന്നിവരാണ് പരിശോധനയ്ക്ക് നേതൃത്വം നല്കിയത്. സിദ്ധാന്തങ്ങളും നേരിട്ടുള്ള പ്രായോഗികപാഠങ്ങളും ഉൾപ്പെടുത്തിയായിരുന്നു പരിശീലനം. പ്രത്യേകതരം ബാക്ടീരിയകളുടെ മൈക്രോബിയൽ പ്ലേറ്റ്സ് ടെക്നിക് ഉപയോഗപ്പെടുത്തി ആന്റിബയോട്ടിക് അവക്ഷിപ്തങ്ങളെ വേർതിരിക്കുന്ന രീതിയിലായിരുന്നു പരിശീലനം. മാക്രോലൈഡ്സ്, ബീറ്റ ലാക്റ്റംസ് (മൈക്രോകോക്കസ് ലൂട്ടസ് എടിസിസി 9341), ട്രെട്രാസൈക്ലിൻസ് (ബാസില്ലസ് സെറികസ് എടിസിസി 11778), ക്വിനോലോൺസ് (യേഴ്സീനിയ റുക്രി എൻസിഐഎം 13282), സൾഫോണമൈഡ്സ് (ബാസില്ലസ് പുമിലസ് സിഎൻ 607), അമിനോഗ്ലൈക്കോസൈഡ്സ് (ബാസില്ലസ് സബ്റ്റിലിസ് ബിജിഎ) എന്നീ ആന്റിബയോട്ടിക് ഗ്രൂപ്പുകളെയാണ് പരിഗണിച്ചത്.

ഫാമിൽനിന്നുള്ള കോഴിയിറച്ചി, കടൽ മത്സ്യങ്ങൾ എന്നിവയായിരുന്നു പരിശോധന നടത്തിയത്. മാനദണ്ഡമാക്കാവുന്ന അളവുകൾ, അധികതോതിലുള്ള അളവുകൾ എന്നിവയുടെ പരിശോധനയും വിലയിരുത്തലും നടത്തി.

ഇനോകുലം തയാറാക്കുന്ന രീതി, മാധ്യമം തയാറാക്കുന്ന രീതി എന്നിവയിലും പരിശീലനം നല്കി. പരിശോധനാഫലം പലപ്പോഴും വഴിതെറ്റിക്കുന്ന രീതിയിലേയ്ക്ക് പോകാമെന്നതിനാൽ വെല്ലുവിളി നിറഞ്ഞതായിരുന്നു പരിശോധനാരീതി. പിഎച്ച്, ഇനോകുലത്തിന്റെ അളവ്, ബഫർ അളവ് എന്നിവയിലെ നേരിയ വ്യത്യാസം പോലും പരിശോധനയെ ബാധിക്കും. സാംപിളിലെ ആന്റിബയോട്ടിന്റെ അളവ് അധികമാണെങ്കിൽ പരിശോധനാഫലത്തെ ബാധിക്കുന്നുവെന്നത് കണ്ടതിനാൽ ഉറപ്പാക്കാനായി വീണ്ടും പരിശോധിക്കേണ്ടത് ആവശ്യമാണ്.

മൃഗോത്പന്നങ്ങളിൽ ഭക്ഷ്യസുരക്ഷാനിയന്ത്രണ രീതികൾക്ക് അനുസൃതമായി അവക്ഷിപ്തങ്ങൾ കണ്ടെത്താനും ഉറപ്പുവരുത്താനും ആന്റിബയോട്ടിക്കിന്റെ അളവ് എത്രയെന്ന് അറിയാനുമുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. പരിശീലനം വളരെയധികം ഉപകാരപ്രദമായിരുന്നുവെന്നും ഭാവിയിൽ പ്രയോജനപ്പെടുമെന്നും പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

കടപ്പാട്: സിഫ്റ്റ്

അധികമത്സ്യബന്ധനം ആഗോളതലത്തിൽ ബാധിക്കുമെന്ന് ആഗോള ഭക്ഷ്യകാർഷിക സംഘടന

ആഗോളതലത്തിൽ കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യബന്ധനം മുൻവർഷത്തെ നിരക്കിൽ തുടരുകയോ കുറയുകയോ ചെയ്യുമെന്ന് യുണൈറ്റഡ് നേഷൻസിന്റെ ആഗോള ഭക്ഷ്യകാർഷിക സംഘടന വ്യക്തമാക്കി. ഫെബ്രുവരി 2016-ൽ പുറത്തിറക്കിയ റിപ്പോർട്ടിൽ 2025-ൽ മത്സ്യോത്പാദനത്തിൽ ഒരു ശതമാനം മാത്രമേ വർദ്ധനയുണ്ടാകൂ എന്ന് ചൂണ്ടിക്കാട്ടുന്നു. കടലിൽ നിന്നുള്ള മത്സ്യബന്ധനം തീവ്രമായി തുടരുന്നതും ഉത്പാദനം വർദ്ധിപ്പിക്കാൻ സാധ്യതയില്ലാത്തതുമാണ് ഇതിന് കാരണം. മീൻപിടുത്തം കുറയുന്നതും മത്സ്യബന്ധനത്തിന് വേണ്ടി വരുന്ന അധിക ചെലവും കണക്കിലെടുക്കുമ്പോൾ ഇന്ത്യ പോലെയുള്ള രാജ്യങ്ങളിൽനിന്നുള്ള മീൻപിടുത്തക്കാർ പ്രയാസത്തിലാകുമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ലോകമെങ്ങും ലക്ഷക്കണക്കിനുപേർക്ക് മത്സ്യബന്ധനവും മത്സ്യകൃഷിയും ആഹാരത്തിനും പോഷകത്തിനും വരുമാനത്തിനും ജീവനോപാധിക്കുമുള്ള മാർഗമാണ്.

2014-ൽ ലോകമെങ്ങുമുള്ള പ്രതിയോഹരി മത്സ്യലഭ്യത 20 കിലോയായി വർദ്ധിച്ചിരുന്നു. ത്വരിതവളർച്ച നേടിയ മത്സ്യകൃഷിയാണ് മനുഷ്യരുടെ മത്സ്യോപയോഗത്തിന്റെ പകുതി നിർവഹിക്കുന്നത്. മികച്ച കൈകാര്യ രീതികൾ മൂലം ചിലയിനം മത്സ്യങ്ങളുടെ ശേഖരത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 2014-ൽ ആഗോളതലത്തിൽ മത്സ്യോത്പാദനം 93.4 ദശലക്ഷം ടൺ ആയിരുന്നു. ഇവയിൽ 81.5 ദശലക്ഷം ടൺ കടലിൽനിന്നും 11.9 ദശലക്ഷം ടൺ ഉൾനാടൻ ജലാശയങ്ങളിൽനിന്നും ലഭിച്ചവയാണ്. 2014-ൽ ലോകമെങ്ങുമുള്ള മീൻപിടുത്ത ബോട്ടുകളുടെ എണ്ണം 4.6 ദശലക്ഷമായിരുന്നു. 2012-ലേതിന് ഏതാണ്ട് തുല്യമാണിത്. ഏഷ്യയിൽ 3.5 ദശലക്ഷം ബോട്ടുകളുണ്ട്, ആഗോളക്കണക്കിൽ 75 ശതമാനം വരുമിത്. 1950 മുതൽ ആഗോളതലത്തിൽ ആങ്കോവിറ്റയുടെ അളവ് 1988 വരെ വർദ്ധിച്ച് 78 ദശലക്ഷം ടണ്ണായി ഉയർന്നിരുന്നുവെന്ന് ആഗോള ഭക്ഷ്യകാർഷിക സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ, പിന്നീട് ഈ അളവിൽ വ്യത്യാസമുണ്ടായി. സോവിയറ്റ് യൂണിയൻ ഇല്ലാതായതോടെ മത്സ്യബന്ധനം കുറഞ്ഞതായിരിക്കാം കാരണമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

2003-2009-ൽ ആകെ മീൻവരവ് ഏതാണ്ട് സ്ഥിരമായിരുന്നു. വാർഷികവ്യതിയാനം ഏതാണ്ട് ഒരു ശതമാനത്തിൽ അധികമായിരുന്നില്ല. 2010 മുതൽ ചെറിയ തോതിൽ ഓരോ വർഷവും വളർച്ച രേഖപ്പെടുത്തുകയും 2014-ൽ പരമാവധി വളർച്ചയുമായി 78.4 ദശലക്ഷം ടൺ ആയി ആങ്കോവിറ്റയുടെ ലഭ്യത.

കടപ്പാട്: www.financialexpress.com

ഉണക്കുയന്ത്രങ്ങൾ കൈമാറാൻ

സിഫ്റ്റും സിപിസിആർഐയും കർഷകസംഘവും ധാരണാപത്രത്തിൽ ഒപ്പിട്ടു

ഉണക്കുയന്ത്രങ്ങൾ കൈമാറാൻ സിഫ്റ്റും സിപിസിആർഐയും കർഷകസംഘവും ധാരണാപത്രത്തിൽ ഒപ്പിട്ടു.

കൊച്ചിയിലെ ഐസിഎആർ - സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും (ഐസിഎആർ-സിഫ്റ്റ്) കൃഷി വിജ്ഞാന കേന്ദ്രയും (കെവികെ), കാസർഗോഡ് ഐസിഎആർ - സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (സിപിസിആർഐ) കാസർഗോഡ് കൂൺ കർഷകരുടെ സ്വയം സഹായകസംഘവും 2018 ഫെബ്രുവരി ഒന്നിന് ധാരണാപത്രത്തിൽ ഒപ്പിട്ടു. ഇതനുസരിച്ച് പത്ത് കിലോ ശേഷിയുള്ള വൈദ്യുത ഉണക്കുയന്ത്രങ്ങൾ കൂൺ കർഷക സംഘത്തിന് കൈമാറും. മത്സ്യവും മത്സ്യ ഉത്പന്നങ്ങളും മറ്റ് കാർഷിക ഉത്പന്നങ്ങളും ഉണക്കി സൂക്ഷിക്കുന്നതിനും മൂല്യവർദ്ധന വരുത്തുന്നതിനും ഉണക്കുയന്ത്രം ഉപയോഗിക്കാം.

ഉണക്കുയന്ത്രങ്ങൾ കൈമാറാനുള്ള ധാരണാപത്രം കാസർഗോഡ് കൂൺ കർഷകരുടെ സ്വയം സഹായകസംഘത്തിനു കൈമാറുന്നു

കേരള കാർഷിക സർവകലാശാല, തൃശൂർ, വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, കൊച്ചി ഐസിഎആർ-സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, ബയോകെമിസ്ട്രി ആൻഡ് ന്യൂട്രീഷൻ ഡിവിഷൻ പ്രിൻസിപ്പൽ സയന്റിസ്റ്റും വകുപ്പ് മേധാവിയുമായ ഡോ. സുശീല മാത്യു, എൻജിനീയറിംഗ് ഡിവിഷൻ പ്രിൻസിപ്പൽ സയന്റിസ്റ്റും വകുപ്പ് മേധാവിയുമായ ഡോ. മനോജ് പി. സാമുവൽ, കാസർഗോഡ് ഐസിഎആർ-സിപിസിആർഐ കെവികെയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടി.എസ്. മനോജ്കുമാർ, കാസർഗോഡ് കൂൺ കർഷകരുടെ സ്വയം സഹായകസംഘത്തിലെ ശ്രീ. പാണ്ടുരംഗ എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

കടപ്പാട്: സിഫ്റ്റ്

തൈറോയ്ഡ് ചികിത്സയ്ക്കായി ഇനി കടൽവിഭവങ്ങൾ

> പ്രമേഹം, സന്ധിവാതം, കൊളസ്ട്രോൾ എന്നിവയ്ക്കായി കടൽപ്പായലുകളിൽ നിന്നും ഗ്രീൻ മസലുകളിൽ നിന്നുമുള്ള ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നങ്ങൾക്കു പുറമെ കടൽവിഭവങ്ങളിൽ നിന്ന് തൈറോയ്ഡ് ചികിത്സയ്ക്കായി സിഎംഎഫ്ആർഐ ഔഷധം പുറത്തിറക്കുന്നു

കടലിൽനിന്ന് രൂപപ്പെടുത്തുന്ന വിവിധ സജീവ ജൈവ സംയുക്തങ്ങളെ ആരോഗ്യസംരക്ഷണ വ്യവസായരംഗം കൂടുതലായി ആശ്രയിക്കുന്ന കാലമാണിത്. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) കടലിൽനിന്നുള്ള സ്വാഭാവിക വസ്തുക്കളിൽനിന്ന് തൈറോയ്ഡ് ചികിത്സയ്ക്കായി രൂപപ്പെടുത്തിയ പുതിയ ഉത്പന്നം ഉടൻതന്നെ പുറത്തിറക്കും. പ്രമേഹം, സന്ധിവാതം, കൊളസ്ട്രോൾ എന്നിവയ്ക്കായി കടൽപ്പായലുകളിൽനിന്നും ഗ്രീൻ മസലുകളിൽനിന്നും (മുത്തുച്ചിപ്പി) സിഎംഎഫ്ആർഐ ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നങ്ങൾ പുറത്തിറക്കിയിരുന്നു.

തൈറോയ്ഡ് ചികിത്സയ്ക്കായി ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച കടൽ ന്യൂട്രാസ്യൂട്ടിൽ ഉത്പന്നം ക്ലിനിക്കൽ പരീക്ഷണത്തിന്റെ അവസാന ഘട്ടത്തിലാണെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. കടൽജീവികളിൽനിന്ന് ഔഷധങ്ങൾ വേർതിരിച്ചെടുക്കുന്നതിനെക്കുറിച്ച് പരിശീലനം നല്കാൻ യുവ ഗവേഷകർക്കായി സിഎംഎഫ്ആർഐ സംഘടിപ്പിച്ച മൂന്നാഴ്ച നീണ്ടുനിന്ന വിന്റർ സ്കൂളിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ക്ലിനിക്കൽ പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ഉത്പന്നം വിപണിയിലിറക്കും. കടൽജീവികളിൽനിന്ന് കോസ്മസ്യൂട്ടിക്കൽസ് പോലെയുള്ള കൂടുതൽ സ്വാഭാവിക ഉത്പന്നങ്ങൾ വികസിപ്പിക്കാൻ സിഎംഎഫ്ആർഐ ലക്ഷ്യമിടുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലാബറട്ടറികളിൽ രൂപപ്പെടുത്തിയ സ്വാഭാവിക കടൽ ഉത്പന്നങ്ങൾ വ്യവസായരംഗവുമായി ചേർന്ന് വാണിജ്യവത്കരിക്കുന്നതിനും പരിപാടിയുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കടലിലെ സ്വാഭാവിക വസ്തുക്കളിൽനിന്ന് രൂപപ്പെടുത്തുന്ന ഉയർന്ന മൂല്യമുള്ള സജീവജൈവ മെറ്റാബൊളൈറ്റുകൾക്ക് ഫാർമസ്യൂട്ടിക്കൽ രംഗത്ത് ഏറെ താത്പര്യമുണ്ട്. സ്വാഭാവിക ചേരുവകൾ ഉൾപ്പെടുത്തിയ ഭക്ഷ്യവസ്തുക്കൾ മനുഷ്യരുടെ ആരോഗ്യത്തിന് ഗുണകരമാണെന്ന് തെളിയിച്ചു കഴിഞ്ഞു. കടൽജീവികളിൽനിന്നും വിവിധ രോഗങ്ങൾക്ക് ഉപയോഗപ്രദമാകാവുന്ന സജീവ ജൈവകണികകൾ കണ്ടെത്തുന്നതിന് മുൻനിരയിലുള്ള സിഎംഎഫ്ആർഐ രൂപപ്പെടുത്തിയ നാല് ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നങ്ങൾക്ക് കഴിഞ്ഞ കാലത്ത് ആരോഗ്യസംരക്ഷണ വിപണിയിൽ മികച്ച ആവശ്യകതയുണ്ടായിരുന്നുവെന്ന് ഡോ. ഗോപാലകൃഷ്ണൻ പറഞ്ഞു. കടൽ ജീവികളിൽനിന്ന് ഉയർന്ന മൂല്യമുള്ള ആരോഗ്യസംരക്ഷണ ഉത്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനായി 23 ശാസ്ത്രജ്ഞർക്കും അദ്ധ്യാപകർക്കുമാണ് 21 ദിവസം നീണ്ടുനിന്ന വിന്റർ സ്കൂളിൽ പരിശീലനം നല്കിയത്. സിഎംഎഫ്ആർഐയുടെ മറൈൻ ബയോടെക്നോളജി ഡിവിഷനായിരുന്നു പരിശീലനത്തിന് നേതൃത്വം നല്കിയത്. കടലിലെ സ്വാഭാവിക ഉത്പന്നങ്ങളുടെ രസതന്ത്രം അറിയാവുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞർ കടലിലെ സജീവ ജൈവസംയുക്തങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തുകയും പ്രായോഗിക ക്ലാസുകൾ നയിക്കുകയും ചെയ്തു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ മുൻ ഡയറക്ടർ ഡോ. ടി.കെ. ശ്രീനിവാസ ഗോപാൽ വിന്റർ സ്കൂളിന്റെ സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു. ഇന്ത്യൻ സമുദ്രതീരത്തെ വൈവിധ്യമാർന്നതും സമൃദ്ധവുമായ കടൽസസ്യങ്ങളും ജീവികളും ഇന്നും ഉപയോഗപ്പെടുത്താത്തതും ഫാർമസ്യൂട്ടിക്കൽ, ബയോമെഡിക്കൽ രംഗത്ത് സാദ്ധ്യതകളുള്ളതുമായ സജീവ ജൈവ സംയുക്തങ്ങളുടെ സ്രോതസുമാണെന്ന് ഡോ. ശ്രീനിവാസ ഗോപാൽ പറഞ്ഞു.

ഈ വിഭാഗത്തിലുള്ള കടൽജീവികളെ പൂർണമായും ഉപയോഗപ്പെടുത്തുന്നില്ലെങ്കിലും കഴിഞ്ഞ ഒരു പതിറ്റാണ്ടായി ശരാശരി സജീവ ജൈവസംയുക്തങ്ങളുടെ പങ്ക് കുറഞ്ഞുവരികയാണ്.

കടൽജീവികളിൽനിന്നുള്ള വിവിധ മെഡിക്കൽ, ബയോമെഡിക്കൽ ഉത്പന്നങ്ങൾ മനുഷ്യരുടെ ആരോഗ്യത്തിന് ഏറെ ഗുണകരമാണ്. ഭക്ഷ്യവസ്തുക്കളായും ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിലും ഇവ ഉപയോഗപ്പെടുത്താം. മറൈൻ ബയോടെക്നോളജി വിഭാഗം തലവൻ ഡോ. പി. വിജയഗോപാൽ, വിന്റർ സ്കൂൾ കോഴ്സ് ഡയറക്ടർ ഡോ. കാജൽ ചക്രബർത്തി എന്നിവർ പ്രസംഗിച്ചു.

കടപ്പാട്: www.newindianexpress.com

മീൻപിടിക്കുന്നവർക്ക് ഉപയോക്താക്കളെ നേരിട്ട് കണ്ടെത്താൻ പുതിയ ആപ്പ്

മീൻ പിടിക്കുന്നവർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് ഓൺലൈനിൽ വിൽപ്പന നടത്തുന്നതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ ഇ-കൊമേഴ്സ് വെബ്സൈറ്റും മൊബൈൽ ആപ്പും രൂപപ്പെടുത്തി. നാഷണൽ ഇന്നവേഷൻ ക്ലൈമറ്റ് റീസാലിയന്റ് അഗ്രിക്കൾച്ചർ (എൻഐസിആർഎ) പദ്ധതിക്കു കീഴിലാണ് 'മറൈൻഫിഷ്സെയ്ൽസ്' എന്ന പേരിൽ തീരസമൂഹത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ആപ്പ് വികസിപ്പിച്ചത്.

തുടക്കത്തിൽ എറണാകുളം ജില്ലയിൽ മാത്രമാണ് ഈ സേവനം ലഭ്യമാക്കുകയെന്നും പിന്നീട് മറ്റ് പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും എൻആസിആർഎ പ്രോജക്ട് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ശ്രീ. പി. യു. സക്കറിയ പറഞ്ഞു. നേരിട്ട് എത്തിച്ചുനൽകി പണം വാങ്ങുന്ന ക്യാഷ് ഓൺ ഡെലിവറി രീതിയാണ് ഇതിനായി ഉപയോഗിക്കുക. ഇതിൽനിന്നുള്ള ലാഭം മീൻ പിടിക്കുന്നവർക്കും കർഷകസംഘങ്ങൾക്കു വീതിച്ചുനല്കും. ഇടനിലക്കാർ ലാഭം പറ്റുന്ന രീതി ഇതുവഴി ഒഴിവാക്കാൻ സാധിക്കും. വിവിധ വിൽപ്പനക്കാരും ഉപയോക്താക്കളും ഈ പോർട്ടലിൽ ലഭ്യമായിരിക്കും. സിഎംഎഫ്ആർഐ ആയിരിക്കും മേൽനോട്ടം വഹിക്കുക.

ഇതിലൂടെ മീൻ വിൽക്കാൻ ആഗ്രഹിക്കുന്നവർ സ്വയം സഹായക സംഘങ്ങൾ രൂപീകരിക്കണം. ഇത്തരം സംഘങ്ങൾക്ക് വെണ്ടർമാരായി രജിസ്റ്റർ ചെയ്ത് ഉത്പന്നങ്ങൾ വിൽപ്പന നടത്തുകയും സ്റ്റോക്കിന്റെ ലഭ്യത പുതുക്കുകയും ചെയ്യാം.

മത്സ്യകർഷകർക്കും മീൻപിടുത്തക്കാർക്കും ഇ-കൊമേഴ്സ് വെബ്സൈറ്റുമായും മൊബൈൽ ആപ്പുമായും പരിചയപ്പെടുന്നതിന് സിഎംഎഫ്ആർഐ പരിശീലനം നല്കുകയും ട്രയൽ വിൽപ്പന നടത്തുകയും ചെയ്തിരുന്നു. എൻഐസിആർഎ പദ്ധതിയിലെ റിസർച്ച് അസോസിയേറ്റ് രോഹിത് ഗിരീന്ദ്രനാണ് വെബ്സൈറ്റും മൊബൈൽ ആപ്പും രൂപപ്പെടുത്തിയത്. രജിസ്റ്റർ ചെയ്യുന്ന ഓരോ വിൽപ്പനക്കാരനും പ്രത്യേക ലോഗിൻ ലഭ്യമാക്കും.

കടപ്പാട്: www.thehindubusinessline.com

തുറന്നതരം കടൽ കൂട് കൃഷിയിൽ

സിഎംഎഫ്ആർഐ 5000 മീൻപിടുത്തക്കാർക്ക് പരിശീലനം നല്കും

നീലവിപ്ലവത്തിന് അരങ്ങൊരുക്കി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിലെ ജലാശയങ്ങളിൽ തുറന്ന കടൽ കൂട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തുടക്കമിട്ടു. ആദ്യഘട്ടമായി എല്ലാ സമുദ്രതീര സംസ്ഥാനങ്ങളിലെ മത്സ്യബന്ധന മേഖലയിലുള്ളവർക്ക് തുറന്ന കൂട് കൃഷിയിൽ പരിശീലനം നല്കും. മത്സ്യവരവ് കുറഞ്ഞ സാഹചര്യം പരിഗണിച്ചാണിത്. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ ഒരു കോടി രൂപ സാമ്പത്തികസഹായത്തോടെ രാജ്യത്തെങ്ങുമുള്ള അയ്യായിരം മീൻപിടുത്തക്കാർക്ക് പരിശീലനം നല്കും.

സാധാരണ കുളങ്ങളിലെ മത്സ്യകൃഷിയേക്കാൽ 70 ശതമാനം അധികം ഉത്പാദനത്തിന് കൂട് കൃഷി സാങ്കേതികവിദ്യ സഹായിക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ശ്രീ. എ. ഗോപാലകൃഷ്ണൻ ചൂണ്ടിക്കാട്ടി. പരമ്പരാഗതമായി സമുദ്ര മത്സ്യങ്ങളുടെ കൃഷിയിൽനിന്ന് ഒരു ക്യൂബിക് മീറ്റർ വ്യാപ്തിയിൽനിന്ന് അരകിലോ മത്സ്യമാണ് ലഭിക്കുന്നത്. (ഹെക്ടർ ഒന്നിന് 5000 കിലോ) എന്നാൽ, കേജ് രീതിയിൽ വളർത്തിയാൽ ഒരു ക്യൂബിക് മീറ്റർ വ്യാപ്തിയിൽ 35 കിലോയാണ് വിളവ്. കൂട് കൃഷി വ്യാപിപ്പിക്കുന്നതിന് മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് കാരണമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് കൂട് കൃഷിക്ക് അനുയോജ്യമായ ഉയർന്ന മൂല്യമുള്ള സമുദ്രമത്സ്യങ്ങളുടെ ബ്രൂഡ് ബാങ്കുകൾ രൂപപ്പെടുത്തുകയാണ്. ഇതിനായി എൻഎഫ്ഡിബിയിൽനിന്നും ഒൻപത് കോടി രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ പരിശീലന പരിപാടി ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ശ്രീ. എസ്. മഹേഷ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഫിഷറീസ് വകുപ്പ് കേരളത്തിലെ കടൽമേഖലയിൽ സിഎംഎഫ്ആർഐയുടെ സാങ്കേതികപിന്തുണയോടെ കൂട് കൃഷി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. വർദ്ധിച്ചുവരുന്ന ആവശ്യകതയ്ക്ക് അനുസരിച്ച് തുറന്ന കൂട് കൃഷിയിലേയ്ക്ക് തിരിയണമെന്ന് പരിശീലനപരിപാടികൾ ഏകോപിപ്പിക്കുന്ന സിഎംഎഫ്ആർഐയുടെ മാരിക്കൾച്ചർ വിഭാഗം മേധാവി ഇമെൽഡ ജോസഫ് പറഞ്ഞു. 2030-ൽ വികസിത രാജ്യങ്ങളിൽ മത്സ്യോപയോഗം 57 ശതമാനവും വികസ്വര രാജ്യങ്ങളിൽ നാല് ശതമാനവും വർദ്ധിക്കുമെന്നാണ് കണക്ക്.

മോത, കാളാഞ്ചി, കലവ, സ്നാപ്പർ, മുള്ളൻ, ഞണ്ട്, പേൾസ്പോട്ട് എന്നിവ കടലിലെ കൂട് കൃഷിക്ക് ഏറെ അനുയോജ്യമാണ്. ഭാവിയിൽ ദേശീയ സമുദ്രകൃഷി നയം നടപ്പിലാക്കുന്നതിന് അനുസരിച്ച് സമുദ്ര കൂട് കൃഷിക്ക് മികച്ച വളർച്ച ലഭിക്കുമെന്ന് ഇമെൽഡ പറഞ്ഞു.

കടപ്പാട്: www.thehindubusinessline.com

ഒഡീഷയിലെ മത്സ്യക്കർഷകർക്കിടയിൽ
തിലാപ്പിയയ്ക്ക് പ്രിയം

സംസ്ഥാന കൃഷി വകുപ്പ് വേൾഡ് ഫിഷ് ഓർഗനൈസേഷന്റെ സാങ്കേതിക സഹായത്തോടെ ഒഡീഷയിൽ തിലാപ്പിയ കൃഷി പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കമിട്ടുകഴിഞ്ഞു. ഒരേക്കർ കുളത്തിൽ മൂവായിരം കിലോഗ്രാം തിലാപ്പിയ ലഭിക്കും. ഒരേക്കർ കുളത്തിൽ കൃഷി ചെയ്യുന്നതിന് 1.80 ലക്ഷം രൂപയാണ് ചെലവ്. മത്സ്യം വിറ്റാൽ മൂന്ന് ലക്ഷം രൂപ വരുമാനം ലഭിക്കും. ഏക്കർ ഒന്നിന് 1.20 ലക്ഷമാണ് ലാഭം.

ജനറ്റിക്കലി ഇംപ്രൂവ്ഡ് ഫാംഡ് തിലാപ്പിയ (ഗിഫ്റ്റ്) ഇനത്തിന് ഒഡീഷയിലെ മത്സ്യക്കർഷകർക്കിടയിൽ പ്രിയമേറുന്നു. ശുദ്ധജല മത്സ്യമായ ഗിഫ്റ്റ് മികച്ച പോഷകഗുണമുള്ളവയാണ്. മികച്ച വരുമാനം ലഭിക്കുന്നതിനാൽ ഏറെ കർഷകർ ഈയിനം കൃഷി ചെയ്യാൻ താത്പര്യമെടുക്കുന്നുണ്ട്.

സംസ്ഥാന കൃഷി വകുപ്പ് വേൾഡ് ഫിഷ് ഓർഗനൈസേഷന്റെ സാങ്കേതിക സഹായത്തോടെ ഒഡീഷയിൽ തിലാപ്പിയ കൃഷി പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കമിട്ടുകഴിഞ്ഞു. മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി മികച്ച രീതിയിൽ മുന്നേറുകയാണെന്ന് അധികൃതർ പറഞ്ഞു.

അഞ്ചുമാസംമുമ്പ് കട്ടക്ക് ജില്ലയിലെ നിശ്ചിന്തകോയ്ലിൽ ആരംഭിച്ച പദ്ധതിയിൽ ഇഷാനി ബെർഹാംപുർ ഗ്രാമത്തിലെ രണ്ട് കർഷകർ 80 ഡെസിമലിൽ അധികം വിസ്തൃതിയുള്ള കുളങ്ങളിൽ തിലാപ്പിയ വളർത്താൻ ആരംഭിച്ചിരുന്നു.

0.14 ഗ്രാം തൂക്കമുള്ള കുഞ്ഞുങ്ങൾ അഞ്ച് മാസത്തെ വളർച്ചയിൽ 850 ഗ്രാം വരെ തൂക്കമെത്തിയിരുന്നു. രണ്ട് കർഷകർക്കും മികച്ച ലാഭമാണ് ലഭിച്ചതെന്ന് വേൾഡ്ഫിഷ് ഉദ്യോഗസ്ഥൻ ത്രിലോചൻ സെയ്ൻ പറഞ്ഞു. ഈ കർഷകരുടെ വിജയം കണ്ടറിഞ്ഞ് ഏഴ് ജില്ലകളിലെ മുപ്പതിലധികം കർഷകർ തിലാപ്പിയ കൃഷി തുടങ്ങി. കുറഞ്ഞ കാലയളവിൽ എളുപ്പത്തിൽ കൃഷി ചെയ്യാവുന്നതും മികച്ച വളർച്ച നേടുന്നതുമായ ഇനമാണ് തിലാപ്പിയ. രോഗങ്ങൾ കുറവായതിനാൽ കൃഷിയിൽ നഷ്ടത്തിന് സാധ്യത കുറവാണ്.

ഒരേക്കർ കുളത്തിൽ മൂവായിരം കിലോഗ്രാം തിലാപ്പിയ ലഭിക്കും. ഒരേക്കർ കുളത്തിൽ കൃഷി ചെയ്യുന്നതിന് 1.80 ലക്ഷം രൂപയാണ് ചെലവ്. മത്സ്യം വിറ്റാൽ മൂന്ന് ലക്ഷം രൂപ വരുമാനം ലഭിക്കും. ഏക്കർ ഒന്നിന് 1.20 ലക്ഷമാണ് ലാഭം. നാലഞ്ചു മാസത്തിനുള്ളിൽ വളർച്ചയെത്തുമെന്നതിനാൽ വർഷത്തിൽ രണ്ട് വിളവെടുക്കാമെന്ന് ശ്രീ. അരുൺ പഡിയാർ പറഞ്ഞു.

മറ്റ് ഇനങ്ങളെ അപേക്ഷിച്ച് തിലാപ്പിയ കൃഷിയിൽ ലാഭം അധികമാണ്. പോഷകഗുണമുള്ളതും മൃദുവും ഒറ്റമുള്ള് മാത്രമുള്ളതുമായ ഇനമായതിനാൽ കർഷകർക്കിടയിൽ ഏറെ പ്രിയമാണ്. കർഷകർക്കിടയിൽ ഇവയുടെ ഗുണമേന്മയെക്കുറിച്ച് അവബോധം സൃഷ്ടിച്ച് മികച്ച ലാഭം നേടുന്നതിന് പ്രേരിപ്പിക്കുകയാണെന്ന് പഡിയാർ പറഞ്ഞു.

കടപ്പാട്: www.thehindubusinessline.com

www.mpeda.gov.in

There's no seafood as

Irresistible as Indian Seafood



From the sparkling Indian seas comes the finest seafood in the world. Enjoy it in abundance throughout the year.

You haven't tasted the best seafood, if you haven't tasted Indian seafood.

The Marine Products Export Development Authority
(Ministry of Commerce & Industry, Government of India)
MPEDA House, Panampilly Avenue, Kochi - 682 036, Kerala, India
Phone: +91 484 2311979 Fax: +91 484 2313361 E-mail: ho@mpeda.gov.in